ഏവർക്കും ഓണാശംസകൾ...
● വാർഷിക വരിസംഖ്യ: ₹60
മലബാർ വിഷൻ
താമരശ്ശേരി രൂപതാ മുഖപത്രം
● 2025 ● സെപ്റ്റംബർ-ഒക്ടോബർ ● പുസ്തകം: 08 ● ലക്കം: 05 ● RNI Regn No: KERMAL/2017/73545

# രാഷ്ട്രീയത്തിൽ ക്രൈസ്തവർ ?

**ഭരിക്കുന്ന ഗവൺമെന്റിന്റെ നയങ്ങൾ, നിയമങ്ങൾ, വിവിധ ക്ഷേമപദ്ധതികൾ തുടങ്ങിയവയിലൊക്കെ ന്യൂനപക്ഷമായ നമ്മുടെ അവകാശങ്ങൾ ഉറപ്പാക്കാനുള്ള ഏക മാർഗമാണ് രാഷ്ട്രീയത്തിലെ പങ്കാളിത്തം**



## കവർ സ്റ്റോറി

റവ. ഡോ. ഫിലിപ്പ് കവിയിൽ
(കത്തോലിക്കാ കോൺഗ്രസ് ഗ്ലോബൽ ഡയറക്ടർ)



ക്രൈസ്തവർ രാഷ്ട്രീയത്തിൽ സജീവമായി ഇടപെടണമെന്ന കേരള കത്തോലിക്കാ മെത്രാൻ സമിതിയുടെ സമീപകാലത്തെ ആഹ്വാനം അടിയന്തിരപ്രാധാന്യത്തോടെ പ്രാവർത്തികമാക്കേണ്ടതാണെന്ന് ജനാധിപത്യ ഭാരതത്തിലെ സമീപകാല സംഭവങ്ങൾ തെളിയിക്കുന്നു.

രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ മതന്യൂനപക്ഷങ്ങളുടെമേലുള്ള അക്രമങ്ങൾ, സഭാ സ്ഥാപനങ്ങളുടെ സ്വാതന്ത്ര്യത്തെ വെല്ലുവിളിക്കുന്ന കരിനിയമങ്ങൾ ഇതൊക്കെ ഭാവനാസൃഷ്ടിയല്ല, മറിച്ച് ഭാരതീയരായ നമ്മുടെ അനുദിനജീവിതത്തിൽ നേരിട്ടു സംഭവിക്കുന്ന യാഥാർഥ്യങ്ങളാണെന്നതിൽ ആർക്കും തർക്കമുണ്ടാവില്ല. വെറുപ്പിന്റെയും വിഭജനത്തിന്റെയും പ്രചാരകർ ഉത്തരേന്ത്യയിൽ വ്യാപകമായി ആസൂത്രണം ചെയ്തു നടപ്പിൽ വരുത്തിക്കൊണ്ടിരിക്കുന്ന ക്രൈസ്തവവേട്ട താമസംവിനാ കേരളത്തിലും നാം അഭിമുഖീകരിക്കേണ്ടി വരുമെന്നതിന്റെ സൂചനകൾ കണ്ടില്ലെന്നു നടിക്കാനാവില്ല.

മാറിയ രാഷ്ട്രീയ സാമൂഹിക സാഹചര്യത്തിൽ ക്രൈസ്തവർ രാഷ്ട്രീയ അവബോധമില്ലാതെ നിസംഗരായി മാറി നിൽക്കാതെ കൂടുതൽ സജീവമായി ഇടപെടേണ്ടത് കാലഘട്ടം ആവശ്യപ്പെടുന്ന ഉത്തരവാദിത്തവും കർത്തവ്യവുമാണ്. കാരണം രാഷ്ട്രീയത്തിലൂടെയും തെരഞ്ഞെടുപ്പ് പ്രക്രിയകളിലൂടെയും കടന്നുവരുന്ന ജനപ്രതിനിധികളാണ് ഈ രാജ്യത്തിലെ നിയമനിർമ്മാണ – ഭരണ നിർവഹണ മേഖലകളിലെ നിർണായക തീരുമാനങ്ങൾ എടുക്കുന്നത്. വൈകിയെങ്കിലും നമ്മുടെ രാഷ്ട്രീയ ശക്തി ദൗർബല്യങ്ങളെക്കുറിച്ച് അടിസ്ഥാനപരമായ ഒരു വിലയിരുത്തലിനും വീണ്ടുവിചാരത്തിനും മുതിർന്നില്ലെങ്കിൽ അത് മതന്യൂനപക്ഷമായ നമ്മെ സംബന്ധിച്ചിടത്തോളം ആത്മഹത്യാപരമായിരിക്കും.

### ന്യൂനപക്ഷ അവകാശ സംരക്ഷണം

ഇന്ത്യൻ ഭരണഘടന ഓരോ പൗരനും മതസ്വാതന്ത്ര്യം നൽകുന്നു (ആർട്ടിക്കിൾ 25). പക്ഷേ, അവകാശങ്ങൾ പുസ്തകത്തിൽ മാത്രമല്ല, ജനജീവിതത്തിൽ ഉറപ്പാക്കപ്പെടേണ്ടത് അധികാര സ്ഥാനങ്ങളിലുള്ളവരാണ്. ന്യൂനപക്ഷങ്ങൾക്ക് ഭീഷണി ഉയരുന്ന കാലഘട്ടത്തിൽ നമുക്ക് സംരക്ഷണം ഒരുക്കണമെങ്കിൽ നിയമസഭകളിലും, പഞ്ചായത്ത്-മുനിസിപ്പാലിറ്റികളിലും, പാർലമെന്റിലും നമ്മുടെ പ്രതിനിധികൾ ഉണ്ടായിരിക്കണം. അവർ മുഖേനയാണ് വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും, ആരാധനാലയങ്ങൾക്കും, സന്നദ്ധ സേവനങ്ങൾക്കും നിയമപരമായ സംരക്ഷണം ഉറപ്പാക്കുവാൻ സാധിക്കുകയുള്ളൂ.

ഭരിക്കുന്ന ഗവണ്മെന്റിന്റെ നയങ്ങൾ, അവർ കൊണ്ടുവരുന്ന നിയമങ്ങൾ, വിവിധ ക്ഷേമപദ്ധതികൾ തുടങ്ങിയവയിലൊക്കെ ന്യൂനപക്ഷമായ നമ്മുടെ അവകാശങ്ങൾ ഉറപ്പാക്കാനുള്ള ഏക മാർഗമാണ് രാഷ്ട്രീയത്തിൽ പങ്കാളിയാകുക എന്നത്. ഭരണഘടന നൽകുന്ന അവകാശങ്ങളും സ്വതന്ത്ര ജീവിതവും സംരക്ഷിക്കാൻ രാഷ്ട്രീയ പങ്കാളിത്തമല്ലാതെ മറ്റൊരുവഴി നമുക്ക് മുൻപിലില്ല എന്ന തിരിച്ചറിവ് അനിവാര്യമാണ്.

പേജ് മൂന്നിൽ തുടരുന്നു ▸



എഡിറ്റോറിയൽ
●പുസ്തകം: 8 ●ലക്കം: 5

# വോട്ടിൽ ജാഗ്രത പുലർത്താം

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്കുള്ള തിരഞ്ഞെടുപ്പിന്റെ നാളുകൾ അടുത്തുവരികയാണ്. ജനങ്ങളോട് ഏറ്റവും അടുത്തുനിൽക്കുന്ന ഭരണസംവിധാനമെന്ന നിലയിൽ തദ്ദേശ തിരഞ്ഞെടുപ്പ് വളരെ പ്രധാനപ്പെട്ടതാണ്. വത്തിക്കാൻ കൗൺസിൽ പഠിപ്പിക്കുന്നതുപോലെ, 'രാഷ്ട്രീയബോധമുള്ള പൗരസഞ്ചയത്തെ വാർത്തെടുക്കാൻ അതീവ ശ്രദ്ധ ചെലുത്തേണ്ടതുണ്ട്. ജനസാമാന്യത്തിന് ഈ രാഷ്ട്രീയ പൗരവിദ്യാഭ്യാസം അത്യന്താപേക്ഷിതമായിരിക്കുകയാണിന്ന്; പ്രത്യേകിച്ചും യുവതലമുറയ്ക്ക്. അങ്ങനെയൊരു വിദ്യാഭ്യാസം സിദ്ധിച്ചാൽ മാത്രമേ രാഷ്ട്രീയ ജീവിതത്തിൽ തങ്ങളുടെ പങ്കുവഹിക്കാൻ എല്ലാ പൗരന്മാർക്കും സാധ്യമാകു. ദുഷ്ക്കരമെങ്കിലും ഉദാത്തമായ രാഷ്ട്രതന്ത്രകല കൈകാര്യം ചെയ്യാൻ പ്രാപ്തരോ, പ്രാപ്തരാകുന്നവരോ ആയ പൗരന്മാർ അതിനായി ഒരുങ്ങുന്നു.' (സഭ ആധുനിക ലോകത്തിൽ, നമ്പർ: 75)

രാഷ്ട്രീയ ബോധമുള്ള പൗരന്മാരെ പരിശീലിപ്പിച്ച്, സമൂഹത്തിന്റെയും തദ്വാര രാജ്യത്തിന്റെയും പുരോഗതിക്കായി, അർപ്പണബോധവും ധാർമികമൂല്യവുമുള്ള പുതുതലമുറയെ ഭരണസംവിധാനങ്ങളിലേക്ക് തിരഞ്ഞെടുത്ത് അയയ്ക്കുമ്പോൾ മാത്രമേ സഭ വിഭാവനം ചെയ്യുന്ന രാഷ്ട്രപുരോഗതി സംജാതമാകുകയുള്ളു. കാരുണ്യപ്രവൃത്തികളുടെ കറതീർന്ന മാതൃകകളാകണം പൊതുപ്രവർത്തകർ. അതുകൊണ്ടുതന്നെ വിശ്വാസജീവിതവുമായി ഇഴചേർന്നുപോകേണ്ട ഒന്നാണ് രാഷ്ട്ര നന്മയ്ക്കുവേണ്ടിയുള്ള രാഷ്ട്രീയപ്രവർത്തനം. വിശ്വാസം പ്രവൃത്തിയിൽ അധിഷ്ഠിതമാകണമെന്ന യാക്കോബ് ശ്ലീഹയുടെ വാക്കുകൾ ഇത്തരുണത്തിൽ സ്മരണീയമാണ്.

പാർശ്വവൽക്കരിക്കപ്പെട്ടവരെ ചേർത്തുനിർത്തി സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് വളർത്തിയെടുക്കുവാൻ ജനാധിപത്യ ഭരണസംവിധാനത്തിൽ ധാരാളം സാധ്യതകളും സാഹചര്യങ്ങളുമുണ്ട്. ഈ സാധ്യതകൾ മനസിലാക്കണമെങ്കിൽ ഗ്രാമസഭകളിൽ തുടങ്ങി രാഷ്ട്രഭരണത്തിന്റെ വിവിധതലങ്ങളിൽ നാം സജീവമാകേണ്ടതുണ്ട്. കത്തോലിക്കാ വിശ്വാസിയുടെ ഭക്തസംഘടനാ പ്രവർത്തനങ്ങൾ അവനെ കാര്യപ്രാപ്തിയുള്ള, കർമ്മശേഷിയുള്ള സജീവ പൊതുപ്രവർത്തകനാക്കി രൂപപ്പെടുത്തുവാൻ സഹായകരമാകണം.

ഒപ്പം നിന്ന് ഒറ്റുകൊടുക്കുന്ന ജനവഞ്ചകരെ തിരിച്ചറിഞ്ഞ്, ജാഗ്രതയോടെ വോട്ടവകാശം വിനിയോഗിച്ച് ജനാധിപത്യത്തെ ശക്തിപ്പെടുത്താൻ കഴിയുമ്പോഴാണ് നാം യഥാർത്ഥ ജനാധിപത്യ വിശ്വാസികളായി മാറുന്നത് എന്ന സത്യം മറക്കാതിരിക്കാം.

# പൊതുപ്രവർത്തനങ്ങളിൽ ക്രൈസ്തവർ സജീവമാകണം

## ഇടയശബ്ദം



മാർ റെമീജിയോസ് ഇഞ്ചനാനിയിൽ

'മനുഷ്യർ നിങ്ങളുടെ സത്പ്രവൃത്തികൾ കണ്ട് സ്വർഗസ്ഥനായ നിങ്ങളുടെ പിതാവിനെ മഹത്വപ്പെടുത്തേണ്ടതിന് നിങ്ങളുടെ വെളിച്ചം അവരുടെ മുമ്പിൽ പ്രകാശിക്കട്ടെ' (മത്താ. 5:16). വിശ്വാസമെന്നത് കേവലം വ്യക്തിപരമായ ഒരനുഭവം മാത്രമല്ല; മറിച്ച് സമൂഹത്തെ പരിവർത്തനം ചെയ്യാനുള്ള ശക്തിയാണ്. സഭയുടെ സാമൂഹിക പ്രവർത്തനങ്ങളോടൊപ്പം സഭാമക്കളുടെ രാഷ്ട്രീയ പ്രവർത്തനങ്ങളും വിദ്യാഭ്യാസ പ്രവർത്തനങ്ങളും കൂടിച്ചേരുമ്പോഴാണ് സമൂഹത്തിൽ സമൂലമായ പരിവർത്തനം വരുത്താൻ കഴിയുക. സമൂഹത്തിലെ നീതിനിഷേധത്തോട് പ്രവാചക ധീരതയോടെ പ്രതികരിക്കാൻ കരുത്താർജിക്കുമ്പോഴാണ് നമ്മുടെ പൊതുപ്രവർത്തനങ്ങൾ ക്രിസ്തീയമാകുന്നത്. വിശുദ്ധഗ്രന്ഥത്തിൽ പഴയനിയമകാലത്തെ പ്രവാചകന്മാരിലൂടെയാണ് ഈ ധർമ്മം നിർവഹിക്കപ്പെട്ടത്. പുതിയനിയമത്തിൽ സത്യത്തിനും നീതിക്കും ധർമ്മത്തിനും വേണ്ടി ധീരമായ നിലപാടുകൾ കൈക്കൊണ്ട ക്രിസ്തുവാണ് നമുക്ക് മാതൃക. നാം ജീവിക്കുന്ന സമൂഹത്തിൽ ഭരണഘടന ഉറപ്പുനൽകുന്ന സമത്വവും സാഹോദര്യവും നീതിയും നിലനിർത്താൻ നമുക്ക് കടമയുണ്ട്. ഈ കർത്തവ്യ നിർവഹണത്തിന് രാഷ്ട്രീയമായ ഇടപെടലുകൾ അത്യന്താപേക്ഷിതമാണ്.

പരസ്നേഹം, സത്യം, നീതി എന്നീ സുവിശേഷ മൂല്യങ്ങൾ ഉയർത്തിപ്പിടിച്ച് രാഷ്ട്രീയത്തിലും സമൂഹത്തിലും വ്യവസായത്തിലും പ്രവർത്തിക്കാൻ ക്രൈസ്തവർക്ക് സവിശേഷമായ കടമയുണ്ടെന്ന് കത്തോലിക്കാ സഭയുടെ മതബോധന ഗ്രന്ഥത്തിലൂടെ സഭ നമ്മെ പഠിപ്പിക്കുന്നു.

വത്തിക്കാൻ കൗൺസിൽ ഇപ്രകാരം നമ്മെ ഓർമ്മപ്പെടുത്തുന്നു, 'രാഷ്ട്രഭരണവും ഭരണാധികാരികളുടെ നിയമനവും തീരുമാനിക്കപ്പെടുന്നത് പൗരന്മാരുടെ സ്വാതന്ത്ര്യമനുസരിച്ചാണെങ്കിലും പൗരസമൂഹവും സർക്കാരധികാരവും മനുഷ്യസ്വഭാവത്തിൽ അധിഷ്ഠിതവും തദ്വാര ദൈവം നിശ്ചയിച്ചിരിക്കുന്ന വ്യവസ്ഥാപിത ക്രമത്തോട് ബന്ധപ്പെട്ടതുമാണ്.' (സഭ ആധുനികലോകത്തിൽ No: 74)

രാഷ്ട്രീയ മണ്ഡലങ്ങളിൽ നിന്നും അകന്നുനിൽക്കുന്ന നിസ്സംഗത വെടിഞ്ഞ് സജീവരാഷ്ട്രീയത്തിൽ പങ്കാളികളാകാൻ നമ്മുടെ യുവതയെ നാം പരിശീലിപ്പിക്കണം.

ഇരുട്ടിന്റെയും അസഹിഷ്ണുതയുടെയും തമോഗർത്തങ്ങൾ ചുറ്റുംവ്യാപിക്കുമ്പോൾ, പക്വതയില്ലാത്ത രാഷ്ട്രീയ തീരുമാനങ്ങളെ ഭയന്ന് യുവതലമുറ നാടുവിടുന്ന ഈ കാലഘട്ടത്തിൽ, സമയോചിതമായ രാഷ്ട്രീയ ഇടപെടലുകൾ നടത്തി, വ്യവസായ സംരംഭങ്ങൾ വളർത്തി, നാടിന്റെ വളർച്ചയിൽ ഇടപെടാൻ നമുക്ക് കഴിയണം.

സുഭാഷിതങ്ങളുടെ പുസ്തകത്തിൽ നാം ഇപ്രകാരം വായിക്കുന്നു, 'ദൈവഭക്തി തിന്മയെ വെറുക്കലാണ് (സുഭാ. 8:13). നാം ജീവിക്കുന്ന സമൂഹത്തിൽ വർദ്ധിച്ചു വരുന്ന തിന്മയെ ഉന്മൂലനം ചെയ്യണമെങ്കിൽ പൊതുപ്രവർത്തന മണ്ഡലങ്ങളിൽ നാം സജീവമായി ഇടപെടണം. സമൂഹ നന്മയെ ലക്ഷ്യംവച്ച് പ്രവർത്തിക്കുന്ന പുതുതലമുറയെ വളർത്തിയെടുക്കുവാൻ നമുക്ക് കഴിയണം.

# അധികാരത്തിൽ നിന്ന് പിന്നാമ്പുറത്തേക്ക്

## അകം പുറം



കെ. എഫ്. ജോർജ്

അധികാരമുള്ളവനെപ്പോലെയാണ് അവൻ പഠിപ്പിച്ചത്. അധികാരമുള്ളവൻ ആധികാരികതയോടെ സംസാരിക്കും. കേട്ടറിഞ്ഞ കാര്യങ്ങളും ശീലിച്ച ചിട്ടകളും നിയമജ്ഞർ യാന്ത്രികമായി ഉരുവിടുന്നതുപോലെയല്ല. ദൈവപുത്രൻ അധികാരത്തോടെ പഠിപ്പിച്ചവ മനുഷ്യകുലത്തെ മാനസാന്തരപ്പെടുത്തി. കാറ്റും കടലും രോഗവും മരണവും അവിടെ കീഴടങ്ങുന്നതും കണ്ടു.

ആധികാരികതയോടെ ജീവിക്കാനുള്ള സിദ്ധികളോടെയാണ് ഓരോ ജന്മവും പിറവിയെടുക്കുന്നത്. പക്ഷേ, ഇതൊന്നും ഉപയോഗപ്പെടുത്താതെ ആരുടെയോ, എന്തിന്റെയോ അടിമകളായി ഭൂരിപക്ഷവും മണ്ണടിയുന്നു. സാധ്യതകൾ വെളിപ്പെടുത്തിക്കൊടുക്കാനും നയിക്കാനും പ്രാപ്തിയുള്ള നേതൃത്വത്തിന്റെ അഭാവമാണ് ഇത്തരത്തിൽ സമൂഹത്തെ ശിഥിലമാക്കി അപ്രസക്തമാക്കുന്നത്.

കഴിഞ്ഞ നൂറ്റാണ്ടിന്റെ മധ്യത്തോടെയാണ് സാമ്പത്തികമായും രാഷ്ട്രീയമായും ക്രൈസ്തവ സമൂഹത്തിൽ ഉണർവുണ്ടാകുന്നത്. രണ്ടു ലോകയുദ്ധങ്ങൾ സൃഷ്ടിച്ച കടുത്ത ക്ഷാമം, തിരുവിതാംകൂറിൽ സർ. സി. പിയുടെ കിരാത വാഴ്ച, അംഗസംഖ്യയുള്ള കുടുംബത്തെ തീറ്റിപ്പോറ്റാനുള്ള പെടാപ്പാട് – ഇതെല്ലാം ചേർന്നപ്പോൾ മലബാർ കുടിയേറ്റത്തിനുള്ള പശ്ചാത്തലം ഒരുങ്ങുകയായി.

ഇതേകാലത്താണ് തിരുവിതാംകൂറിലെ സ്വാതന്ത്ര്യസമര നേതൃനിരയിലേക്ക് ശ്രദ്ധേയരായ ക്രൈസ്തവ നേതാക്കൾ കടന്നുവരുന്നത്. രാജകൊട്ടാരത്തിലേക്ക് പ്രക്ഷോഭജാഥ നയിച്ച 'തിരുവിതാംകൂറിന്റെ ഝാൻസി റാണി' എന്ന വിശേഷണമുള്ള അക്കാമ്മ ചെറിയാൻ. സ്വാതന്ത്ര്യസമര സേനാനിയും പിന്നീട് തിരുക്കൊച്ചി മുഖ്യമന്ത്രിയുമായ എ. ജെ. ജോൺ, ശ്രീമൂലം പ്രജാസഭയിൽ ഡപ്യൂട്ടി സ്പീക്കറായിരുന്ന ടി. എം. വർഗീസ്, പി. ടി. ചാക്കോ തുടങ്ങിയ ശ്രദ്ധേയരായ ഏറെപ്പേർ സ്വാതന്ത്ര്യസമരത്തിന് നേതൃത്വം നൽകുകയും പിന്നീട് അധികാരത്തിലെത്തുകയും ചെയ്തു.

സ്വാതന്ത്ര്യ ലബ്ധിക്കുശേഷമുണ്ടായ സർക്കാരുകളിലും മികവുറ്റ ക്രൈസ്തവ സാന്നിധ്യമുണ്ടായിരുന്നു. വിമോചന സമരത്തിന്റെ നേതൃത്വത്തിൽ ക്രൈസ്തവർ സജീവമായിരുന്നു. പിന്നീട് കർഷക താൽപ്പര്യങ്ങൾ സംരക്ഷിക്കാൻ ക്രൈസ്തവർക്ക് മുൻതൂക്കമുള്ള രാഷ്ട്രീയ പാർട്ടിയും ജന്മമെടുത്തു.

ഇതേ സമയം കുടിയേറ്റ കർഷകരുടെ വേദനകളിലേക്കിറങ്ങാൻ കർഷക തൊഴിലാളി പാർട്ടി (കെ. ടി. പി.) രൂപീകരിച്ചുകൊണ്ട് ഫാ. ജോസഫ് വടക്കൻ രംഗത്തെത്തി. തൃശ്ശൂരിൽ 'തൊഴിലാളി' പത്രത്തിനു തുടക്കമിട്ട ഫാ. വടക്കൻ കർഷക അവകാശങ്ങൾക്കായി നിരന്തരം പോരാടി. കൊട്ടിയൂരിലും ഇടുക്കിയിലെ ചുരുളി, കീരിത്തോട് പ്രദേശങ്ങളിലും കുടിയിറക്കു നീക്കം വന്നപ്പോൾ നിരാഹാര സമരം നടത്തി. കുടിയിറക്കു നിർത്തിവയ്പ്പിച്ചു.




അക്കാമ്മ ചെറിയാൻ



എ. ജെ. ജോൺ



ബി. വെല്ലിങ്ടൺ



പി. ടി. ചാക്കോ

കൽപ്പറ്റ മണ്ഡലത്തിൽ നിന്ന് ജയിച്ച കെ. ടി. പി. സ്ഥാനാർത്ഥി ബി. വെല്ലിങ്ടൺ ആരോഗ്യമന്ത്രിയായി. മലയോര ശബ്ദം അങ്ങനെ നിയമസഭയിലും ഉയർന്നു കേട്ടു. കുടിയേറ്റക്കാരൻ തന്നെയായ പി. സിറിയക് ജോൺ പലതവണ എംഎൽഎയും കൃഷിമന്ത്രിയുമായി നേതൃനിരയിലെത്തി.

1980–കൾ ആയപ്പോഴേക്കും എല്ലായിടത്തും അത്യാവശ്യ ജീവിത സൗകര്യങ്ങളായി. നേതൃത്വം നൽകിയിരുന്ന സംവിധാനങ്ങൾ അലസതയിലായി. സമുദായ പുരോഗതിക്കുള്ള മുൻഗണനാക്രമങ്ങളും തകിടം മറിഞ്ഞു. ഭാവി വിപത്തുകൾ മുൻകൂട്ടിക്കണ്ട് യഥാസമയം പരിഹാരങ്ങളിലേക്കു നീങ്ങാൻ കഴിയാതായി. കാർഷിക തകർച്ചയും ഭാവി പ്രതീക്ഷയായ യുവതലമുറയുടെ മറുനാടു പലായനവും സ്ഥിതി കൂടുതൽ സങ്കീർണ്ണമാക്കി.

പൊതുരംഗങ്ങളിൽ സജീവമായി ഇടപെട്ടിരുന്ന സമൂഹം പരമാവധി പിൻവലിയാൻ താൽപര്യം കാണിക്കുന്നു. ഈ നേതൃശൂന്യതയിലേക്ക് മറ്റുള്ളവർ തള്ളിക്കയറിയാൽ സമൂഹത്തിന്റെ അസ്തിത്വമാണ് നഷ്ടപ്പെടുക.

എല്ലാ പ്രതിസന്ധികളിലും അനേകം മറുവഴികൾ ഒളിഞ്ഞിരിക്കുന്നു. അതുകണ്ടെത്തി പുതുവഴി വെട്ടിപ്പോകുന്ന സമൂഹം നാടിന്റെ ഭാഗധേയം നിർണയിക്കും. ഇതിന് രാഷ്ട്രീയത്തിലും പൊതുകാര്യങ്ങളിലും സജീവമായി ഇടപെടുന്ന മികച്ച നേതൃത്വമുണ്ടാകണം.

അധികാരമുണ്ടെങ്കിലേ ആധികാരികമായി സംസാരിക്കാനും പ്രവർത്തിക്കാനും കഴിയൂ എന്ന യാഥാർത്ഥ്യം മറക്കാതിരിക്കാം.

# മൂല്യാധിഷ്ഠിത രാഷ്ട്രീയ ഇടപെടൽ

**സമുദായ താൽപര്യങ്ങളും വിശ്വാസ സംരക്ഷണവും സാധ്യമാകണമെങ്കിൽ, സ്വതന്ത്രമായ വിധത്തിൽ ക്രൈസ്തവർ രാഷ്ട്രീയ മുന്നേറ്റം നടത്തിയേ മതിയാവൂ. പ്രായോഗികമായി ചില വിഷയങ്ങളിൽ പിന്തുണയ്ക്കുമ്പോൾത്തന്നെ, നമ്മളെ പ്രതികൂലമായി ബാധിക്കുന്ന വിഷയങ്ങളിൽ ശക്തമായ എതിർപ്പുകൾ പ്രകടമാക്കുവാൻ കഴിയുംവിധം സ്വതന്ത്രമായിരിക്കണം സമുദായത്തിന്റെ രാഷ്ട്രീയ നിലപാട്**

▸ പേജ് ഒന്നിൽ നിന്ന് തുടർച്ച




രാഷ്ട്രീയം അഴിമതിയുടെയും സ്വാർത്ഥതയുടെയും സ്വജനപക്ഷപാതത്തിന്റെയും കൂത്തരങ്ങാണെന്ന പൊതുധാരണയുണ്ടെന്നുള്ളത് ശരിയാണ്. ഈയൊരു ധാരണ മാറ്റേണ്ടത് നീതിപൂർവകവും ആത്മാർഥവുമായ രാഷ്ട്രീയ പ്രവർത്തനങ്ങളിലൂടെയാണ്.

ക്രിസ്തീയമൂല്യങ്ങളായ നിസ്വാർത്ഥ സ്നേഹം, നീതി, സത്യസന്ധത, കരുണ എന്നിവ പൊതുജീവിതത്തിലേക്ക് കൊണ്ടുവരുമ്പോൾ, രാഷ്ട്രീയം സമൂഹസേവനത്തിന്റെയും സഹോദരസ്നേഹത്തിന്റെയും പരിശുദ്ധ വേദിയായി മാറും.

വിശ്വാസത്തിൽ അടിയുറച്ചതും, ഉത്തരവാദിത്തമുള്ളതുമായ പൗരന്മാരായി, സജീവമായി രാഷ്ട്രീയത്തിൽ പങ്കാളികളാകുക ക്രൈസ്തവരായ നമ്മുടെ ദൗത്യമാണ്. സഭയുടെ സാഹോദര്യത്തിന്റെ ശബ്ദം രാജ്യത്തിന്റെ പൊതുനയങ്ങളിൽ പ്രതിഫലിക്കുമ്പോൾ, ന്യൂനപക്ഷങ്ങളുടെ മാത്രമല്ല എല്ലാ പൗരന്മാരുടെയും സുരക്ഷയും സമാധാനം നിലനിൽക്കുന്ന ഭാവിയും ഉറപ്പാക്കാനാവുന്ന വിധത്തിലുള്ള രാഷ്ട്രനിർമിതി യാഥാർഥ്യമാവും.

നമ്മുടെ പൂർവികർ ക്രൈസ്തവ വിശ്വാസം സംരക്ഷിക്കാൻ പോരാടിയതുപോലെ, ഇന്ന് നമ്മൾ രാഷ്ട്രീയത്തിൽ ഇടപെട്ട് ക്രൈസ്തവമൂല്യങ്ങൾ സംരക്ഷിക്കുവാൻ പരിശ്രമിക്കണം. അതുകൊണ്ട് അഴിമതിയും, അക്രമവും, ആൾക്കൂട്ട വിചാരണയും നടമാടുന്ന ആധുനിക ഭാരതത്തിൽ ക്രൈസ്തവ സമുദായത്തിന്റെ, രാഷ്ട്രീയപരമായ ഇടപെടൽ മൂല്യാധിഷ്ഠിതമായ രാഷ്ട്രീയ സംവിധാനങ്ങൾ സംരക്ഷിക്കുവാനുള്ള കാലഘട്ടത്തിന്റെ അനിവാര്യതയാണ്. ന്യൂനപക്ഷമായ നമ്മുടെ ആവശ്യങ്ങൾക്കും അവകാശങ്ങൾക്കും അനുസൃതമായി പ്രവർത്തിക്കുവാൻ ഭരണകൂടം ശ്രദ്ധിക്കണമെങ്കിൽ രാഷ്ട്രീയത്തിൽ സജീവമായി പ്രവർത്തിക്കേണ്ടതുണ്ട്.


## സ്വതന്ത്ര രാഷ്ട്രീയ നിലപാട്

ആനുകാലിക കേരളരാഷ്ട്രീയത്തിൽ സംഭവിച്ചുകൊണ്ടിരിക്കുന്ന മാറ്റങ്ങൾക്കനുസരിച്ച്, ചിന്താഗതിയിൽ മാറ്റം വരുത്തി തീരുമാനങ്ങൾ എടുക്കാൻ വിശ്വാസികൾ എടുക്കുന്ന കാലതാമസം, കേരളത്തിലെ രാഷ്ട്രീയ അധികാര മണ്ഡലങ്ങളിൽ നിന്ന്, ക്രൈസ്തവസമുദായം ഉന്മൂലനം ചെയ്യപ്പെടുന്നതിന് കാരണമാകും. പിന്തുടർന്നു പോരുന്ന രാഷ്ട്രീയ വഴികളിൽ സമുദായത്തിന് തുടർച്ചയായി അവഗണന മാത്രമാണ് ലഭിക്കുന്നതെങ്കിൽ ക്രൈസ്തവജനത രാഷ്ട്രീയ നിലപാടുകളിൽ മാറി ചിന്തിക്കേണ്ടി വരുമെന്ന സമുദായ നേതൃത്വത്തിന്റെ കോഴിക്കോട് സമ്മേളനത്തിലെ പ്രസ്താവന വിവിധ തലങ്ങളിൽ ഉണ്ടാക്കിയ അനുരണനങ്ങൾ നാം കാണേണ്ടതാണ്.

മറ്റു സമുദായങ്ങൾ കൃത്യമായ അജണ്ടയോടെ രാഷ്ട്രീയ സംഘടിത ശക്തികളായി മാറുകയാണ്. അപ്പോൾ നമ്മുടെ സമുദായം ഏതെങ്കിലും പ്രത്യേക രാഷ്ട്രീയ പാർട്ടികളുടെ അടിമകളാകാതെ, സ്വതന്ത്ര നിലപാടിലേക്ക് വരണം. സമുദായ സ്നേഹത്തെക്കാളും രാഷ്ട്രീയ പാർട്ടികളോടുള്ള അന്ധമായ വിധേയത്വത്തിനടിമകളയവർ ഗുണത്തേക്കാൾ ദോഷമാണ് നമുക്ക് ചെയ്യുന്നതെന്ന് തുറന്നു പറയാനുള്ള ആർജവം നേതൃത്വത്തിലുള്ളവർ കാണിക്കണം. ക്രൈസ്തവ സമുദായം സ്വതന്ത്ര രാഷ്ട്രീയ സമ്മർദ്ദ ശക്തിയായി മാറി, നീതിപൂർവകമായ പുതിയൊരു രാഷ്ട്രീയ സംസ്കാരം സൃഷ്ടിക്കാൻ രംഗത്തുവരണം. തെരഞ്ഞെടുപ്പുകൾക്ക് മുൻപ് ജനപ്രതിനിധികളുടെ രാഷ്ട്രീയ പ്രവർത്തനങ്ങളുടെ ഓഡിറ്റ് സമ്പ്രദായം പ്രാവർത്തികമാക്കണം. രാഷ്ട്രീയ അടിമത്വത്തിൽ നിന്ന് ആളുകളെ ബോധവൽക്കരണത്തിലൂടെ വിമോചിപ്പിക്കണം. നമ്മുടെ സ്വാതന്ത്ര്യത്തെയും വിശ്വാസത്തെയും അടിയറവ് വെച്ചുകൊണ്ടുള്ള പിന്തുണ ആർക്കും നൽകാതിരിക്കുന്നതാണ് സമുദായത്തിന് നല്ലത്.

സമുദായ താത്പര്യങ്ങളും വിശ്വാസ സംരക്ഷണവും സാധ്യമാകണമെങ്കിൽ, സ്വതന്ത്രമായ വിധത്തിൽ ക്രൈസ്തവർ രാഷ്ട്രീയ മുന്നേറ്റം നടത്തിയേ മതിയാവൂ. അത് ഏതെങ്കിലും രാഷ്ട്രീയ കക്ഷിയോടുമുള്ള അമിതമായ അടിമത്തത്തിൽ ആകരുത്. പ്രായോഗികമായി ചില വിഷയങ്ങളിൽ പിന്തുണയ്ക്കുമ്പോൾ തന്നെ, നമ്മളെ പ്രതികൂലമായി ബാധിക്കുന്ന വിഷയങ്ങളിൽ ശക്തമായ എതിർപ്പുകൾ പ്രകടമാക്കുവാനും കഴിയുംവിധം സ്വതന്ത്രമായിരിക്കണം സമുദായത്തിന്റെ രാഷ്ട്രീയ നിലപാട്.

പേജ് നാലിൽ തുടരുന്നു ▸






# രാഷ്ട്രീയത്തിലൂടെ രാഷ്ട്രനിർമാണം

**വികസനത്തെക്കുറിച്ച് സ്വപ്നങ്ങൾ കാണുന്ന ഒരു വ്യക്തിത്വമായി എന്നെ രൂപപ്പെടുത്തുന്നതിൽ ഇന്നലെകളിലെ മിഷൻ ലീഗ്, കെസിവൈഎം സംഘടനകൾ വഹിച്ച പങ്ക് വളരെ വലുതാണ്. ഉള്ളിന്റെ ഉള്ളിലെ വ്യക്തിത്വവികസനത്തിന് ഉതകുന്ന വിധത്തിലുള്ള നിരവധിയായ അവസരങ്ങൾ ഇത്തരം സംഘടനകളിലൂടെ നമുക്ക് ലഭ്യമാകുന്നുണ്ട്**



സ്പെഷ്യൽ സ്റ്റോറി

**അലക്സ് തോമസ് ചെമ്പകശ്ശേരി**
(കോടഞ്ചേരി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ്)



ബ്രിട്ടീഷ് അടിമത്തത്തിൽ നിന്ന് സ്വാതന്ത്ര്യം നേടാനായി വർഷങ്ങൾ നീണ്ട പോരാട്ടം നയിച്ചത് ഈ രാജ്യത്തെ ഉന്നത വിദ്യാഭ്യാസം നേടിയ, ധിക്ഷണാശാലികളായ, രാഷ്ട്രബോധമുള്ള ഒരുപറ്റം ആളുകളായിരുന്നു. വിദ്യാഭ്യാസ യോഗ്യതയനുസരിച്ച് ഉന്നത ജോലി നേടി സ്വസ്ഥമായി സമ്പാദിക്കുവാനും ജീവിക്കുവാനും അവസരം ഉണ്ടായിട്ടും രാഷ്ട്രത്തിന്റെ ഭാവിയെക്കുറിച്ചുള്ള സ്വപ്നങ്ങൾ സ്വാതന്ത്ര്യ സമരത്തിലേക്ക് ഇറങ്ങുവാൻ അവരെ പ്രേരിപ്പിച്ചു. അത്തരത്തിലുള്ള മികവാർന്ന രാഷ്ട്രീയ പ്രവർത്തകരുടെ പോരായ്മ വർത്തമാനകാല രാഷ്ട്രീയം നേരിടുന്ന വലിയ വെല്ലുവിളിയാണ്.

ഇടക്കാലത്ത് രാഷ്ട്രീയപ്രവർത്തനം അത്ര നല്ല ഒരു പ്രവർത്തനമല്ല എന്ന ചിന്താഗതി പൊതുസമൂഹത്തിൽ രൂപപ്പെട്ടു. രാജ്യത്തെ ഏറ്റവും മികച്ച വിദ്യാർത്ഥികൾ രാഷ്ട്രീയ പ്രവർത്തനത്തിൽ നിന്ന് അകന്നു നിൽക്കുന്ന സാഹചര്യമുണ്ട്. രാജ്യത്തിന്റെ മാനവ വിഭവശേഷിയിലെ ഏറ്റവും സമർത്ഥരായ ആളുകൾ രാഷ്ട്രത്തിന്റെ പോളിസികൾ നിർമിക്കുന്നതിൽ പങ്കാളിത്തം വഹിക്കുമ്പോഴാണ് രാജ്യം കരുത്താർജിക്കുന്നത്.

നമ്മുടെ രാജ്യം ഓരോ പൗരനും ഭരണഘടന പ്രകാരം അനുവദിച്ചു നൽകിയിട്ടുള്ള സ്വാതന്ത്ര്യങ്ങളും എണ്ണിയാലൊടുങ്ങാത്ത അവകാശങ്ങളും ഈ രാജ്യത്തോട് ഒരു പൗരൻ പുലർത്തേണ്ട ഉത്തരവാദിത്തങ്ങളുമെല്ലാം മനോഹരമായി ഇന്ത്യൻ ഭരണഘടനയിൽ എഴുതിച്ചേർക്കാൻ സാധിച്ചത് ഉന്നതവിദ്യാഭ്യാസം നേടി കൃത്യമായ നിലപാടുകളിലൂടെ ഇന്ത്യൻ സ്വാതന്ത്ര്യസമരത്തിൽ പങ്കുചേർന്ന ഡോ. ബി. ആർ. അംബേദ്കറിലൂടെയാണ്. ആശയപരമായ വിയോജിപ്പുകൾ നിലനിൽക്കുമ്പോഴാണ് പ്രഥമ പ്രധാനമന്ത്രി അദ്ദേഹത്തെ ഭരണഘടന നിർമാണ സഭയുടെ അധ്യക്ഷനാക്കുന്നത്. അത്തരം സമീപനങ്ങളായിരുന്നു ഇന്ത്യൻ ജനാധിപത്യത്തിന്റെ മൂല്യങ്ങൾ.

ഭൂരിപക്ഷ അഭിപ്രായങ്ങളെ അടിച്ചേൽപ്പിക്കുവാനുള്ള എല്ലാ അവസരങ്ങളും ഉണ്ടായിരുന്നിട്ടും ഇന്ത്യയെ ഒരു ഹൈന്ദവ രാഷ്ട്രമാക്കി മാറ്റുവാനുള്ള സമ്മർദ്ദങ്ങളെല്ലാം അതിജീവിച്ചുകൊണ്ടാണ് ജാതി, മത, വർഗ്ഗ, വർണ്ണ, വ്യത്യാസങ്ങളില്ലാതെ ഈ രാജ്യത്തെ പൗരന്മാരെ സൃഷ്ടിച്ചെടുക്കുന്നതിന് ഒരു മതേതര, ജനാധിപത്യ, സ്വതന്ത്ര, സോഷ്യലിസ്റ്റ്, റിപ്പബ്ലിക്കായി ഇന്ത്യയെ രൂപപ്പെടുത്തുവാൻ അന്നത്തെ സർക്കാർ തീരുമാനിച്ചത്. ഇന്ത്യൻ രാഷ്ട്രീയത്തിൽ ന്യൂനപക്ഷ സമുദായ അംഗങ്ങൾക്കും പാർശ്വവൽക്കരിക്കപ്പെട്ട ജനസമൂഹങ്ങളുടെ പ്രതിനിധികൾക്കും കൃത്യമായി അവസരങ്ങൾ ലഭിച്ചു. ഇന്ത്യയെന്ന ആശയത്തെ ലോകരാജ്യങ്ങൾ അത്ഭുതത്തോടെ ദർശിച്ചു.

രാഷ്ട്രീയ പ്രവർത്തനം ഒരു മോശം പരിപാടിയാണെന്നും അത് മിടുക്കരായ ചെറുപ്പക്കാർക്ക് പറഞ്ഞിട്ടുള്ളതല്ലെന്നുമുള്ള ഒരു തെറ്റിധാരണ നല്ലൊരു ശതമാനം ആളുകൾക്കും ഇന്നുണ്ട്. യഥാർത്ഥത്തിൽ ഏറ്റവും മികവാർന്ന, കഴിവുറ്റ ചെറുപ്പക്കാർ കടന്നുവരേണ്ട മേഖലയാണ് രാഷ്ട്രീയ പ്രവർത്തനം. രാജ്യത്തെ ഓരോ പൗരനും വികസനക്കുതിപ്പിന്റെ ഭാഗമാകുവാൻ തക്കവിധത്തിലുള്ള നയരൂപീകരണങ്ങൾ നടത്തുവാനും ഈ രാജ്യത്തെ വികസനത്തിന്റെ പാതയിൽ നയിക്കുവാനും കാര്യപ്രാപ്തിയുള്ള ചെറുപ്പക്കാർ രാഷ്ട്രീയത്തിലേക്ക് കടന്നുവന്നെങ്കിൽ മാത്രമേ സാധിക്കുകയുള്ളൂ.

നിസംഗരായ യുവതലമുറയേയാണ് ഇന്ന് നമുക്ക് സമൂഹത്തിൽ കാണാൻ കഴിയുന്നത്. ഒന്നിനോടും താല്പര്യമില്ലാതെ, ലഭ്യമായ ഒന്നിലും തൃപ്തിപ്പെടാതെ എന്തിനൊക്കെയോ വേണ്ടി അലയുന്ന ഒരു സമൂഹമായി യുവതലമുറ മാറിക്കൊണ്ടിരിക്കുന്നു. ഇപ്പോഴത്തെ ചെറുപ്പക്കാർക്ക് ഒന്നിനും ഒരു കുറവും മാതാപിതാക്കൾ വരുത്തുന്നില്ല. എല്ലാം ആവശ്യത്തിലധികമായി നൽകി അവരെ ഒന്നിനോടും കിടപിടിക്കുവാൻ ആവതില്ലാത്ത ആളുകളാക്കി മാറ്റുന്നു.

ഭാരതത്തിലെ ക്രൈസ്തവസമൂഹം നിരവധിയായ വെല്ലുവിളികളെ നേരിട്ട് കൊണ്ടാണ് മുൻപോട്ട് പോയിക്കൊണ്ടിരിക്കുന്നത്. വിദേശരാജ്യങ്ങളിലേക്കുള്ള കുത്തൊഴുക്ക് നമ്മുടെ സമൂഹത്തിന്റെ നിലനിൽപ്പിന് ഭീഷണിയാകുംവിധം വർദ്ധിച്ചു വരുന്നു.

പിന്നോക്ക അവസ്ഥയിൽ കഴിയുന്നവരുടെയും പട്ടിക വർഗ്ഗ മേഖലകളുടെയുമൊക്കെ ഉന്നമനത്തിനായി വിദ്യാഭ്യാസ പ്രവർത്തനങ്ങൾ നടത്തി സാമൂഹ്യ ചുറ്റുപാടുകളിൽ ചോദ്യങ്ങൾ ചോദിക്കുന്ന സമൂഹത്തെ സൃഷ്ടിച്ചെടുക്കുന്നു എന്നതിന്റെ പേരിൽ ഇന്ന് നിരവധിയായ വേട്ടയാടലുകൾക്ക് ഉത്തരേന്ത്യയിൽ സഭ വിധേയമാകുമ്പോൾ ഇത്തരം അപചയങ്ങൾക്കെതിരെ ഉറച്ച ശബ്ദമായി രാഷ്ട്രീയ നിലപാടുകളുള്ള ചെറുപ്പക്കാർ ഉയർന്നുവരേണ്ടത് നമ്മുടെ നിലനിൽപ്പിന് അത്യന്താപേക്ഷിതമാണ്.

രാഷ്ട്രീയ പ്രവർത്തകൻ എന്ന നിലയിൽ ഈ രാജ്യത്തോട് കൂറും വിശ്വസ്തതയും പുലർത്തുന്ന, സമൂഹത്തിന്റെ സർവ്വതോന്മുഖമായ വികസനത്തെക്കുറിച്ച് സ്വപ്നങ്ങൾ കാണുന്ന ഒരു വ്യക്തിത്വമായി എന്നെ രൂപപ്പെടുത്തുന്നതിൽ ഇന്നലെകളിലെ മിഷൻ ലീഗ്, കെസിവൈഎം സംഘടനകൾ വഹിച്ച പങ്ക് വളരെ വലുതാണ്. ഉള്ളിന്റെ ഉള്ളിലെ വ്യക്തിത്വ വികസനത്തിന് ഉതകുന്ന വിധത്തിലുള്ള നിരവധിയായ അവസരങ്ങൾ ഇത്തരം സംഘടനകളിലൂടെ നമുക്ക് ലഭ്യമാകുന്നുണ്ട്.

പുതുതലമുറയ്ക്ക് നിരവധി അവസരങ്ങൾ ഇന്ന് ലഭിക്കുന്നുണ്ട് എന്നത് സന്തോഷകരമാണ്. രാഷ്ട്രീയ പ്രവർത്തനത്തിൽ താല്പര്യമുള്ള യുവജനങ്ങൾ അത് ഗൗരവമായി കണ്ട് അതിനെ വളർത്തിയെടുക്കണം. ഈ രാജ്യത്തെ നിർണായക തീരുമാനങ്ങൾ എടുക്കുന്ന സഭകളിലേക്ക് എത്തിപ്പെടാനുള്ള വിധത്തിലുള്ള പ്രവർത്തന മികവ് പുലർത്തുവാനും സാധിക്കുന്ന വിധം രാഷ്ട്രീയപ്രവർത്തനത്തിൽ സജീവമാകണം. ഏറ്റവും മികച്ച രാഷ്ട്രീയ പ്രവർത്തകർ രാജ്യത്തെ നയിക്കുമ്പോഴാണ് വികസനം എന്ന സങ്കൽപ്പത്തെ ചർച്ചയാക്കാനും രാജ്യത്ത് സമത്വവും സമാധാനവും സഹവർത്തിത്വവും ഉറപ്പുവരുത്തുവാനും സാധിക്കുക. മതാന്ധത ബാധിച്ചവർ രാഷ്ട്രത്തെ നയിച്ചാൽ അത് രാജ്യത്തിന്റെ അപചയങ്ങളുടെ ആരംഭമായിരിക്കും.

സ്വതന്ത്ര ഭാരതത്തിൽ പരിമിതിയുടെ കാലഘട്ടങ്ങളിൽ മലബാർ കുടിയേറ്റത്തിന്റെ സമയത്ത് നമ്മുടെ പൂർവപിതാക്കന്മാർ കാണിച്ച ഇച്ഛാശക്തിയും ആർജ്ജവവും കഠിനാധ്വാനവും രാഷ്ട്രീയ നിലപാടുകളും നമുക്ക് എവിടെയൊക്കെയോ വെച്ച് അല്പാല്പമായി കൈമോശം വന്നുകൊണ്ടിരിക്കുന്നു എന്നതും ഒരു യാഥാർത്ഥ്യമാണ്.

നാം നേരിടുന്ന പ്രതിസന്ധികളെ തിരിച്ചറിയുവാനും അവയെ പരിഹരിക്കുവാനുമുതകുന്ന നയതീരുമാനങ്ങൾ എടുക്കുവാനുമൊക്കെ ലഭിക്കുന്ന ഒരു പ്ലാറ്റ്ഫോമാണ് രാഷ്ട്രീയ പ്രവർത്തനം. സാധ്യതകൾ മനസ്സിലാക്കി രാജ്യപുരോഗതിക്കായുള്ള പ്രവർത്തനങ്ങളിൽ പങ്കാളിത്തം വഹിക്കുവാൻ ചെറുപ്പക്കാർ കടന്നുവരണം.

# സംഘടിതശക്തി അനിവാര്യം

▸ പേജ് മൂന്നിൽ നിന്ന് തുടർച്ച

സീറോ മലബാർ സഭയുടെ ഔദ്യോഗിക സമുദായ സംഘടനയായ കത്തോലിക്കാ കോൺഗ്രസിലൂടെ സംഘടിച്ചു ശക്തരാകണം എന്നുള്ള ചിന്താഗതി ഈ കാലഘട്ടത്തിൽ വിശ്വാസിസമൂഹത്തിൽ രൂപപ്പെട്ടിരിക്കുന്നത് ശുഭോദർക്കമാണ്. ജനജീവിതത്തെ ബാധിക്കുന്ന സുപ്രധാന വിഷയങ്ങളിൽ കഴിഞ്ഞ കാലഘട്ടത്തിൽ ഈ സംഘടന നിർണായക ഇടപെടലുകൾ നടത്തിയത് കേരളീയ പൊതുസമൂഹം ഇതിനോടകം ശ്രദ്ധിച്ചു കഴിഞ്ഞു. കത്തോലിക്കാ കോൺഗ്രസിലൂടെ ഒറ്റക്കെട്ടായി രാഷ്ട്രീയ നഭോമണ്ഡലത്തിൽ സമുദായത്തിനുവേണ്ടിയും പൊതുസമൂഹത്തിനുവേണ്ടിയും പ്രവർത്തിക്കുവാൻ നമുക്ക് സാധിക്കണം.



വിശ്വാസത്തിൽ അടിയുറച്ച, സഭയോടും സമുദായത്തോടും കൂറുള്ള, മൂല്യബോധമുള്ള അല്മായ നേതാക്കന്മാർ വിവിധ രാഷ്ട്രീയ പാർട്ടികളിലുണ്ടാവണം. അത്തരം നേതാക്കളെ വാർത്തെടുക്കുവാനുള്ള പ്രക്രിയ കത്തോലിക്ക യൂത്ത് കൗൺസിലിലൂടെ നാം തുടങ്ങിക്കഴിഞ്ഞു. നമ്മുടെ ഇടയിലുള്ള അഭിനവ യൂദാസുമാരിലൂടെ സഭാ നേതൃത്വത്തെയും സഭാംഗങ്ങളെയും ഭിന്നിപ്പിക്കുവാൻ ലക്ഷ്യം വച്ച് ക്രൈസ്തവ സമുദായ നേതൃത്വത്തെ നിരന്തരം വിമർശിക്കുകയും സമൂഹ മാധ്യമങ്ങളിലൂടെ അപഹസിക്കുകയും ചെയ്യുന്ന വെറുപ്പിന്റെ പ്രചാരകരെ നാം തിരിച്ചറിയുന്നുണ്ട്. നമ്മുടെ സഭയിലും സമുദായത്തിലും പണ്ടെങ്ങും ഇല്ലാതിരുന്ന വിധത്തിലുള്ള പ്രശ്നങ്ങൾക്ക് കാരണം ഇത്തരം ദുഷ്ടശക്തികളുടെ നുഴഞ്ഞുകയറ്റവും ബോധപൂർവമായ വിഘടന പ്രവർത്തനങ്ങളുമാണെന്ന് സംശയിക്കണം. അതിനുള്ള പ്രതിവിധി സഭാ നേതൃത്വം സമുദായത്തിലെ ഓരോ അംഗത്തെയും അവരുടെ ജീവിതപ്രശ്നങ്ങളിൽ കരുതലോടെ ആത്മാർത്ഥമായി ചേർത്തുപിടിക്കുക എന്നത് മാത്രമാണ്. സമുദായാംഗങ്ങളുടെ പ്രശ്നങ്ങളിൽ സജീവമായി ഇടപെടുകയും അവരെ ആവശ്യനേരത്ത് സഹായിക്കുകയും ചെയ്യുന്ന ഗതകാല പാരമ്പര്യം വീണ്ടെടുത്താൽ നമ്മുടെ ഐക്യവും കെട്ടുറപ്പും വർധിക്കും.

ശക്തമായി പ്രവർത്തിക്കുന്ന ജനപ്രതിനിധികളെ സൃഷ്ടിക്കുന്നതിന്റെ ആദ്യപടിയായി ക്രൈസ്തവരെ രാഷ്ട്രീയ അവബോധമുള്ള പൗരന്മാരായി വളർത്തുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യണം. ക്രൈസ്തവർ രാഷ്ട്രീയത്തിൽ ഇടപെടേണ്ടത് വിശ്വാസം സംരക്ഷിക്കുവാനും പൗരാവകാശങ്ങൾ നേടിയെടുക്കാനുമായിരിക്കണം. ഈ തിരിച്ചറിവിലൂടെ ശക്തമായ മുന്നേറ്റത്തിനായി ബോധപൂർവ്വം ഒരുമിച്ചു പ്രവർത്തിക്കാം.

# ക്രൈസ്തവ യുവത്വവും രാഷ്ട്രീയ ഇടപെടലിന്റെ ആവശ്യകതയും

**സമൂഹത്തിൽ നീതി നടപ്പാക്കുന്നതിനുള്ള ക്രൈസ്തവ പ്രതിബദ്ധത ജീവിക്കുന്നതിനുള്ള ഉത്തരവാദിത്വപൂർവമായ മാർഗമാണ് രാഷ്ട്രീയം എന്ന് 'ജനങ്ങളുടെ പുരോഗതി' എന്ന ചാക്രികലേഖനത്തിലൂടെ പോൾ ആറാമൻ മാർപ്പാപ്പ ഓർമ്മിപ്പിക്കുന്നു**

കവർ സ്റ്റോറി



**ഫാ. സബിൻ തൂമുള്ളിൽ**
(കത്തോലിക്കാ കോൺഗ്രസ് താമരശ്ശേരി രൂപതാ ഡയറക്ടർ)




രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ 'സഭ ആധുനിക ലോകത്തിൽ' (Gaudium et Spes, 76) എന്ന പ്രമാണരേഖ നമ്മെ ഓർമ്മിപ്പിക്കുന്നത് രാഷ്ട്രീയം സഭയുടെ മുഖ്യദൗത്യമല്ലെങ്കിലും, നീതി, സമാധാനം, പൊതുനന്മ എന്നിവ ഉറപ്പാക്കുന്ന രാഷ്ട്രീയ ഇടപെടലുകളിൽ സഭയ്ക്ക് ധാർമിക ഉത്തരവാദിത്വവും കടമയുമുണ്ടെന്നതാണ്. ചരിത്രസാക്ഷ്യമായി, സഭയുടെ രാഷ്ട്രീയ-സാമൂഹിക ഇടപെടലുകൾ സമൂഹങ്ങളിൽ വലിയ മാറ്റങ്ങൾക്ക് നാന്ദി കുറിച്ചിട്ടുണ്ടെന്നതിൽ സംശയമില്ല. എങ്കിലും, ഇന്നത്തെ സാഹചര്യത്തിൽ, പ്രത്യേകിച്ച് കേരളത്തിലെ ക്രൈസ്തവ യുവത്വം, രാഷ്ട്രീയപ്രവർത്തനങ്ങളിൽ നിന്ന് ഒരളവുവരെ അകന്ന് നിൽക്കുന്നു.

പരിശുദ്ധ പിതാവ് ഫ്രാൻസിസ് മാർപാപ്പ 'ക്രിസ്തൂസ് വിവിത്ത്' (Christus Vivit, 174) എന്ന അപ്പസ്തോലിക പ്രബോധനത്തിൽ യുവജനങ്ങളോട് ആഹ്വാനം ചെയ്തത്, അവർ ഭാവിയുടെ താക്കോൽ കൈവശം വയ്ക്കുന്നവരാണെന്നും, ഉദാസീനത മറികടന്ന് സാമൂഹിക-രാഷ്ട്രീയ വെല്ലുവിളികൾക്ക് അവർ ക്രൈസ്തവമായ മറുപടി നൽകണമെന്നും, യേശുവിനെപ്പോലെ ജീവിതത്തിന്റെ യാഥാർത്ഥ്യങ്ങളിൽ സജീവമായി ഇടപെടണമെന്നുമാണ്. മാർപാപ്പയുടെ ഈ വാക്കുകൾ ഇന്നത്തെ സാഹചര്യത്തിൽ വളരെ പ്രസക്തമാണ്.

## സഭയുടെ രാഷ്ട്രീയ വീക്ഷണം

തന്റെ പരസ്യജീവിതത്തിന്റെ ആരംഭത്തിൽ, ഏശയ്യാ പ്രവാചകന്റെ വാക്കുകൾ ഉദ്ധരിച്ചുകൊണ്ട്, ഈശോ തന്റെ ദൗത്യം വ്യക്തമായി പ്രഖ്യാപിച്ചു: 'കർത്താവിന്റെ ആത്മാവ് എന്റെ മേലുണ്ട്; ദരിദ്രരെ സുവിശേഷം അറിയിക്കുവാൻ അവിടുന്നെന്നെ അഭിഷേകം ചെയ്തിരിക്കുന്നു; ബന്ധിതർക്ക് മോചനവും, അന്ധർക്ക് കാഴ്ചയും, അടിച്ചമർത്തപ്പെട്ടവർക്ക് സ്വാതന്ത്ര്യവും, കർത്താവിന് സ്വീകാര്യമായ വത്സരവും പ്രഖ്യാപിക്കുവാൻ അവിടുന്ന് എന്നെ അയച്ചിരിക്കുന്നു' (ലൂക്കാ 4:18-19; ഏശയ്യ 61:1-2). മാമ്മോദീസയിലൂടെ ക്രിസ്തുവിന്റെ മൗതിക ശരീരത്തിൽ അംഗമായ ഓരോ ക്രിസ്ത്യാനിയുടെയും ദൗത്യം, പരിശുദ്ധാത്മാവിന്റെ ശക്തിയിൽ, ബന്ധിതർക്കു മോചനവും, അന്ധർക്കു കാഴ്ചയും, അടിച്ചമർത്തപ്പെട്ടവർക്ക് സ്വാതന്ത്ര്യവും പ്രഖ്യാപിക്കുക എന്നതാണ് (മത്താ 28:19-20).

ക്രിസ്തു ഭരമേൽപ്പിച്ച ഈ ദൗത്യത്തിന്റെ ഭാഗമായി, കേരളത്തിൽ ചാതുർവർണ്യത്തിന്റെ തീണ്ടലും തൊട്ടുകൂടായ്മയും പൊളിച്ചെഴുതാൻ, സഭ പള്ളിക്കൂടങ്ങളിലൂടെ പ്രവർത്തിച്ചു. 'വിശപ്പുള്ളവർക്കു ഭക്ഷണം കൊടുക്കുക; ഭവനമില്ലാത്തവരെ വീട്ടിൽ ചേർക്കുക' (ഏശ 58:7) എന്ന പ്രവാചകവിളി, സഭയുടെ സാമൂഹിക ശുശ്രൂഷകളിൽ പ്രതിഫലിച്ചു. ആശുപത്രികൾ, വിദ്യാഭ്യാസസ്ഥാപനങ്ങൾ, സാമൂഹിക സേവനങ്ങൾ ഇവയെല്ലാം സഭ രാഷ്ട്രനിർമാണത്തിന് നൽകിയ സംഭാവനകളാണ്.

ക്രൈസ്തവരുടെ വിശ്വാസസംഹിതയും സഭയുടെ പ്രബോധനാധികാരവും പ്രകാരം, വിശ്വാസം പള്ളിക്കുള്ളിൽ മാത്രം ഒതുങ്ങി നിൽക്കേണ്ട ഒന്നല്ല (യാക്കോബ് 2:17). സഭ, വിശ്വാസികളെ സമൂഹത്തോടും രാഷ്ട്രത്തോടും ചേർത്തുനിർത്തി, 'നിങ്ങൾ ഭൂമിയുടെ ഉപ്പും ലോകത്തിന്റെ വെളിച്ചവുമാകുന്നു' (മത്താ 5:13-14) എന്ന യേശുവിന്റെ ആഹ്വാനം പ്രാവർത്തികമാക്കാൻ കടപ്പെട്ടിരിക്കുന്നു. രണ്ടാം വത്തിക്കാൻ കൗൺസിൽ ഓർമ്മിപ്പിക്കുന്നത് പോലെ, ക്രൈസ്തവ വിശ്വാസത്തിന് രാഷ്ട്രനിർമ്മിതിയിൽ നിർണായകമായ പങ്കുണ്ട് (GS 76). സഭയുടെ സാമൂഹിക-രാഷ്ട്രീയ ഇടപെടലുകൾ കക്ഷിരാഷ്ട്രീയത്തിൽ അധിഷ്ഠിതമല്ല; മറിച്ച് 'സകലർക്കും നന്മ വരുത്തുവാൻ' (ഗലാ 6:10) ലക്ഷ്യമിട്ടുള്ള ദൗത്യമാണ്.

'നൻമ പ്രവർത്തിക്കാൻ ശീലിക്കുവിൻ. നീതി അന്വേഷിക്കുവിൻ. മർദ്ദനം അവസാനിപ്പിക്കുവിൻ. അനാഥരോടു നീതി ചെയ്യുവിൻ. വിധവകൾക്കു വേണ്ടി വാദിക്കുവിൻ.' (ഏശ 1:17) എന്ന് തിരുവചനം ഓർമ്മിപ്പിക്കുന്നത് പോലെ, സമൂഹത്തിൽ നീതി നടപ്പാക്കുന്നതിനുള്ള ക്രൈസ്തവ പ്രതിബദ്ധതയെ ജീവിക്കുന്നതിനുള്ള ഉത്തരവാദിത്വപൂർവമായ മാർഗമാണ് രാഷ്ട്രീയം എന്ന് 'ജനങ്ങളുടെ പുരോഗതി' (Populorum Progressio) എന്ന ചാക്രികലേഖനത്തിലൂടെ പോൾ ആറാമൻ മാർപ്പാപ്പ ഓർമ്മിപ്പിക്കുന്നു.

സഭയുടെ സാമൂഹിക പ്രബോധനങ്ങളുടെ സംഗ്രഹം' (Compendium, നമ്പർ 189) രാഷ്ട്രീയജീവിതത്തിൽ പങ്കാളിത്തം ഒരു ധാർമ്മിക ഉത്തരവാദിത്തമാണെന്ന് വ്യക്തമായി പറയുന്നു. സമൂഹത്തിന്റെ പൊതുനന്മയ്ക്കായി, പ്രത്യേകിച്ച് ജനാധിപത്യ സംവിധാനങ്ങൾ മുഖേന, നീതിയും സമാധാനവും ഉറപ്പാക്കിക്കൊണ്ട് പ്രവർത്തിക്കുന്നത് അനിവാര്യമാണെന്നും അതാണ് സഭയുടെ രാഷ്ട്രീയസമൂഹിക ഇടപെടലുകളുടെ അന്തിമലക്ഷ്യമെന്നും ഓർമിപ്പിക്കുന്നു.

സഭയുടെ നാളെയാണ് ക്രൈസ്തവ യുവത്വം. അതിനാൽ ചരിത്രത്തിൽ നിന്ന് ഊർജ്ജം സ്വീകരിച്ച്, ഇന്നിനെ നന്മയുള്ളതാക്കി തീർത്ത്, നാളയെ സുരക്ഷിതമാക്കാനുള്ള ഉത്തരവാദിത്വം യുവജനങ്ങൾക്കുണ്ട്. യുവജനങ്ങൾ രാഷ്ട്രത്തിന്റെ ഭാവിയും രാഷ്ട്രീയത്തിന്റെ പുതുശക്തിയും ആകുന്നതിനാൽ, അവർ രാഷ്ട്രീയത്തിലേക്ക് കടന്നുവരേണ്ടത് അത്യന്താപേക്ഷിതമാണ്. വിശുദ്ധ പൗലോസ് ശ്ലീഹ ഓർമ്മിപ്പിക്കുന്നു: 'ആരും നിന്റെ പ്രായക്കുറവിന്റെ പേരിൽ നിന്നെ അവഗണിക്കാൻ ഇടയാകരുത്. വാക്കിലും പെരുമാറ്റത്തിലും സ്നേഹത്തിലും വിശ്വാസത്തിലും വിശുദ്ധിയിലും നീ വിശ്വാസികൾക്കു മാതൃകയായിരിക്കുക' (1 തിമോ 4:12).

രണ്ടാം വത്തിക്കാൻ കൗൺസിൽ (GS 75) ഓർമ്മിപ്പിക്കുന്നത് പോലെ, യുവജനങ്ങൾ പൊതുതാൽപര്യം മുൻനിർത്തി പ്രവർത്തിക്കുകയും, അനീതി, ഏകാധിപത്യം, അസഹിഷ്ണുത എന്നിവയ്ക്കെതിരെ ധീരതയോടെ നിലകൊള്ളുകയും ചെയ്യണം. സമൂഹനീതി, ലിംഗസമത്വം, പരിസ്ഥിതി സംരക്ഷണം തുടങ്ങിയ മേഖലകളിൽ അവർ ബോധവാന്മാരും പ്രവർത്തകരുമായിരിക്കണം.

പേജ് ആറിൽ തുടരുന്നു ▸

# ഭരണസംവിധാനങ്ങളിൽ സ്ത്രീ പങ്കാളിത്തം അനിവാര്യം



**മില്ലി മോഹൻ**
(കോഴിക്കോട് ജില്ലാ പഞ്ചായത്ത് മുൻമെമ്പർ)

ആധുനിക കാലഘട്ടത്തിൽ ഭരണ സംവിധാനങ്ങളിൽ സ്ത്രീ പങ്കാളിത്തം അനിവാര്യമാണെന്ന ബോധ്യം സ്ത്രീസമൂഹത്തിനുണ്ടാവണം. 1992ലെ 73, 74 ഭരണഘടനാ ഭേദഗതികൾ നടപ്പിലാക്കിയതിനു ശേഷം ഇന്ത്യയിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ വനിതാ സംവരണ വ്യവസ്ഥകൾ നിലവിൽ വന്നു. ഗ്രാമപഞ്ചായത്തുകൾ ബ്ലോക്ക് പഞ്ചായത്തുകൾ, ജില്ലാ പഞ്ചായത്തുകൾ, മുനിസിപ്പാലിറ്റികൾ, കോർപ്പറേഷനുകൾ എന്നിവയിൽ സ്ത്രീകൾക്ക് 33% സംവരണം ഉറപ്പാക്കുകയായിരുന്നു ഈ ഭേദഗതികളുടെ പ്രധാന ലക്ഷ്യം. തദ്ദേശ സ്ഥാപനങ്ങളെ കൂടുതൽ ശക്തിപ്പെടുത്തുന്നതിനും പൊതുരംഗത്തു സ്ത്രീകളുടെ പങ്കാളിത്തം വർധിപ്പിക്കുന്നതിനും വേണ്ടിയാണ് നിർണ്ണായകമായ ഭേദഗതികൾ കൊണ്ടുവന്നത്.പിന്നീട് കേരളം ഉൾപ്പെടെയുള്ള പല സംസ്ഥാനങ്ങളിലും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിയമനിർമ്മാണത്തിലൂടെ വനിതാ സംവരണം 50% ആയി ഉയർത്തിയിട്ടുണ്ട്.കേരളത്തിൽ ആയിരക്കണക്കിന് വനിതകളാണ് ജനപ്രതിനിധികളായി തെരെഞ്ഞെടുക്കപ്പെട്ടത്. അധ്യക്ഷപദവികൾക്കും വനിതാ സംവരണത്തിന്റെ ആനുകൂല്യമുണ്ട്. ഈ ഭേദഗതികൾ ഇന്ത്യൻ ജനാധിപത്യത്തെ കൂടുതൽ ശക്തിപ്പെടുത്തുന്നതായി വിലയിരുത്തപ്പെടുന്നു.

സ്ത്രീകളുടെ ശാക്തികരണത്തിനുള്ള നിരവധി പദ്ധതികൾ നമ്മുടെ രാജ്യത്തുണ്ട്. സ്ത്രീകൾക്കായുള്ള തൊഴിൽ പരിശീലനം, സംരംഭങ്ങൾ ആരംഭിക്കുവാൻ സഹായം, സ്ത്രീകൾക്ക് ബാങ്ക് വായ്പകൾ, സാമ്പത്തിക സ്വാതന്ത്ര്യത്തിലേക്ക് നയിക്കുവാൻ വേണ്ടിയുള്ള സ്വയം സഹായ സംഘങ്ങൾ രൂപീകരിക്കൽ, ഗ്രാമീണ മേഖലകളിൽ സ്ത്രീകൾക്ക് വിദ്യാഭ്യാസം, ആരോഗ്യ സംരക്ഷണം, നിയമസഹായം തുടങ്ങിയവയ്ക്ക് വേണ്ടിയുള്ള പദ്ധതികൾ സാധാരണക്കാരിലേക്ക് എത്തിക്കുവാൻ വനിതാ ജനപ്രതിനിധികൾക്ക് സാധിക്കും. സ്ത്രീകളുടെ അവകാശങ്ങൾക്കും ആവശ്യങ്ങൾക്കും അനുകൂലമായ നിലപാടുകൾ സ്വീകരിച്ചുകൊണ്ട് അവർക്കായി മെച്ചപ്പെട്ട നയങ്ങളും പദ്ധതികളും ആവിഷ്കരിക്കാൻ അവസരം ലഭിക്കും.

ജനാധിപത്യത്തിന്റെ പ്രാണനായ ഗ്രാമസഭകളിൽ സ്ത്രീകളുടെ പങ്കാളിത്തം സുപ്രധാനമാണ്. ജനകീയത ഉറപ്പുവരുത്തുന്ന ഗ്രാമസഭകളിലൂടെ ആളുകൾ നേരിട്ട് ഭരണത്തിൽ പങ്കാളികളാകുന്നു.

ഇന്ന് ഭരണ സംവിധാനങ്ങളിൽ സ്ത്രീ പങ്കാളിത്തം അനിവാര്യമാണെന്ന ബോധ്യം സ്ത്രീസമൂഹത്തിനു ഉണ്ടാവണം. രാഷ്ട്രപുനർനിർമ്മാണ പ്രക്രിയയിൽ പങ്കാളികളായി ജനാധിപത്യത്തിന്റെ ഉജ്ജ്വലതയെ കൂടുതൽ ശക്തിപ്പെടുത്താൻ സാധിക്കട്ടെ.

# ക്രിസ്തുബോധത്തിൽ അധിഷ്ഠിതമായ രാഷ്ട്രസേവനം

**ക്രൈസ്തവ യുവാക്കൾ രാഷ്ട്രീയത്തിൽ പ്രവർത്തിക്കുന്നില്ല എന്നത് കേവലം പ്രതിനിധാനത്തിന്റെ കുറവ് മാത്രമല്ല. മറിച്ച് അത് സാമൂഹിക – സാംസ്കാരിക നിലപാടുകളിലും മതസ്വാതന്ത്ര്യത്തിലും ദീർഘകാല പ്രത്യാഘാതങ്ങൾ സൃഷ്ടിക്കുന്ന ഘടകമാണ്**

▸ പേജ് അഞ്ചിൽ നിന്ന് തുടർച്ച

പഴയനിയമത്തിലെ പൂർവ യൗസേപ്പ് (ഉല്പ 41:39–41) ഈജിപ്തിന്റെ ഭരണകാര്യങ്ങളിൽ നീതിപൂർവമായി ഇടപെട്ടു; ദാനിയേൽ (ദാനി 6:3–4) രാജസന്നിധിയിൽ വിശ്വാസത്തിൽ ഉറച്ചു നിന്നു; എസ്തേർ (എസ്തേർ 4:14) തന്റെ ജനത്തിന്റെ രക്ഷയ്ക്കായി രാജകീയ സ്ഥാനം പ്രയോജനപ്പെടുത്തി. പുതിയനിയമത്തിൽ, സ്നാപക യോഹന്നാൻ (ലൂക്കാ 3:19) അനീതിയെ ചൂണ്ടിക്കാണിച്ച് ജീവൻ പോലും ബലി കഴിച്ചു. ഇതുപോലെ ക്രിസ്തുബോധ്യത്തിൽ അധിഷ്ഠിതമായി രാഷ്ട്ര സേവനം നടത്താനുള്ള ഉത്തരവാദിത്വം ക്രൈസ്തവ യുവതയ്ക്കുണ്ട്.

കേരളത്തിലെ ക്രൈസ്തവ യുവാക്കൾ സാമൂഹിക – സാംസ്കാരിക രംഗത്ത് തെറ്റില്ലാത്ത രീതിയിൽ സജീവമാണെങ്കിലും, രാഷ്ട്രീയ രംഗത്ത് യുവജനങ്ങളുടെ പങ്കാളിത്തം താരതമ്യേന കുറവാണ്.

## പ്രധാന കാരണങ്ങൾ

● **സാമൂഹിക പ്രതിബദ്ധതയില്ലായ്മ:** രാഷ്ട്രീയ പവർത്തനം ഒരു സാമൂഹിക സേവനമാണ് എന്ന ചിന്ത ക്രൈസ്തവരുടെ ഇടയിൽ നഷ്ടപ്പെട്ടത് പുതിയ തലമുറയെയും ഒരുതരം നിഷ്ക്രിയത്വത്തിലേക്ക് നയിച്ചു. ചെറുപ്പം മുതലേ പൊതുമണ്ഡലങ്ങളിൽ പ്രവർത്തിക്കുന്ന ഒരു ശൈലി യുവജനങ്ങളിൽ ഇല്ലാത്തതിനാൽ പൊതുരംഗങ്ങളിൽ പ്രവർത്തിക്കാനുള്ള സ്വാഭാവികത്വര അവർക്ക് നഷ്ടപ്പെട്ടുപോകുന്നു.

● **രാഷ്ട്രീയത്തിലെ നിഷ്പക്ഷ നിലപാട്:** കക്ഷിരാഷ്ട്രീയത്തിന് അതീതമായ ഒരു രാഷ്ട്രീയമാണ് സഭയുടേത് എന്നത് ഉത്കൃഷ്ടമായ ഒരു മൂല്യമാണെങ്കിലും പാർട്ടി അധിഷ്ഠിതമായ രാഷ്ട്രീയം നിലനിൽക്കുന്ന നാട്ടിൽ ക്രൈസ്തവർക്ക് തങ്ങളുടേതായ ഒരു രാഷ്ട്രീയ പാർട്ടി ഇല്ലാതെ പോകുന്നതിനാൽ ഏതെങ്കിലും ഒരു രാഷ്ട്രീയ പ്രസ്ഥാനത്തിൽ പ്രവർത്തിക്കണമെന്നുള്ള ആഗ്രഹം ക്രൈസ്തവ യുവജനങ്ങൾക്ക് ഇല്ലാതെ പോകുന്നു. ഒരുകാലത്ത്, കേരള കോൺഗ്രസ് പോലെയുള്ള പ്രസ്ഥാനങ്ങൾ രാഷ്ട്രീയത്തിൽ ശക്തമായ സ്വാധീനം ചെലുത്തിയിരുന്നെങ്കിലും, ഇന്ന് അത്തരം പാർട്ടികളുടെ സ്വാധീനം നഷ്ടപ്പെട്ടത് സാമുദായിക അവബോധത്തോടെയുള്ള രാഷ്ട്രീയ പ്രവർത്തനത്തിൽ നിന്ന് യുവജനങ്ങളെ അകറ്റുന്നതിന് കാരണമായിത്തീരുന്നു.

● **സാമൂഹിക–വിദ്യാഭ്യാസ മുൻഗണനകൾ:** ക്രൈസ്തവ യുവാക്കൾ പൊതുവേ വിദ്യാഭ്യാസം, ആരോഗ്യരംഗം, തൊഴിൽ എന്നിവയ്ക്കാണ് കൂടുതൽ ഊന്നൽ നൽകുന്നത്; രാഷ്ട്രീയ പ്രവേശനം കരിയർ ലക്ഷ്യങ്ങളിൽ ഉൾപ്പെടുന്നില്ല. ക്രൈസ്തവ യുവാക്കൾ കരിയർ ഓപ്ഷൻ തിരഞ്ഞെടുക്കുമ്പോൾ പ്രൊഫഷണൽ ജോലി മേഖലകളിലേക്ക് കൂടുതൽ ശ്രദ്ധ പതിപ്പിക്കുന്നതിനാൽ അവർ തങ്ങളുടെ തൊഴിൽ മേഖലകളിൽ പെട്ടെന്ന് തന്നെ വ്യാപൃതരാക്കുന്നു. സാമൂഹിക പ്രതിബദ്ധത കൂടുതൽ വളർത്തുന്ന ചരിത്രം, സാമൂഹ്യ ശാസ്ത്രം പോലുള്ള വിഷയങ്ങൾ പഠിക്കുന്ന ക്രൈസ്തവ വിദ്യാർത്ഥികളുടെ എണ്ണം നന്നേ കുറയുന്നത് പൊതു ഇടങ്ങളിലേക്ക് ഇറങ്ങാനുള്ള പ്രവണതയിൽ നിന്ന് യുവജനങ്ങളെ അകറ്റുന്നു.

● **നേതൃത്വത്തിന്റെ അഭാവം:** രാഷ്ട്രീയ രംഗത്ത് ക്രൈസ്തവ സമൂഹത്തിൽ നിന്ന് പുതിയ തലമുറയെ മുന്നോട്ടു കൊണ്ടുവരുന്ന ശക്തരായ നേതാക്കൾ കുറവാണ്. രാഷ്ട്രീയത്തിലേക്ക് ക്രൈസ്തവ യുവാക്കളെ ആകർഷിക്കുന്ന പ്രതിഭാശാലികളായ നേതാക്കൾ ഇല്ലാതെ പോകുന്നു. അഥവാ രാഷ്ട്രീയത്തിൽ പ്രവേശിച്ചാലും, അവരെ വളർത്തിക്കൊണ്ടുവരാൻ കഴിയുന്ന 'ഗോഡ് ഫാദർ'മാർ ഇല്ലാതെ പോകുന്നതും രാഷ്ട്രീയത്തെ ഗൗരവത്തിൽ എടുക്കുന്നതിൽ നിന്ന് യുവജനങ്ങളെ പിന്തിരിപ്പിക്കുന്നു.

● **രാഷ്ട്രീയത്തോടുള്ള ക്രൈസ്തവരുടെ വികലമായ കാഴ്ചപ്പാട്:** രാഷ്ട്രീയ പ്രവർത്തനം ഒരു മോശം കാര്യമാണെന്ന ചിന്ത കേരളത്തിലെ ക്രൈസ്തവ യുവാക്കളെ രാഷ്ട്രീയ പ്രവർത്തനത്തിൽ ഏർപ്പെടുന്നതിൽ നിന്ന് പിന്തിരിപ്പിക്കുന്നുണ്ട്. അഴിമതി, അക്രമസംഭവങ്ങൾ തുടങ്ങിയവയുമായി രാഷ്ട്രീയത്തെ ബന്ധിപ്പിക്കുന്നതിനാൽ, രാഷ്ട്രീയ മേഖലകളിലേക്ക് പ്രവേശിക്കാൻ ആഗ്രഹിക്കുന്ന യുവാക്കളെ പിന്തിരിപ്പിക്കുന്ന സ്ഥിതി വിശേഷം ക്രൈസ്തവ കുടുംബങ്ങളിൽ അതിരൂക്ഷമാണ്.

● **സാമൂഹ്യമാധ്യമങ്ങളുടെ അതിപ്രസരം:** സാമൂഹ്യ മാധ്യമങ്ങളുടെ അതിപ്രസരം പൊതു ഇടങ്ങളിൽ ഇറങ്ങിയുള്ള രാഷ്ട്രീയ പ്രവർത്തനത്തെക്കാൾ, മറ്റൊരു 'സുരക്ഷിതമായ' സാമൂഹിക സേവന മേഖല പുതിയ തലമുറയിലെ യുവജനങ്ങൾക്ക് തുറന്നിട്ടു കൊടുത്തിരിക്കുന്നു. സോഷ്യൽ മീഡിയയിലൂടെയുള്ള 'സ്ലാക്ക്ടിവിസം' പ്രവണത അഥവാ വെർച്വൽ പ്രതിഷേധം, സ്റ്റാറ്റസ് അപ്ഡേറ്റ്, ഹാഷ്ടാഗ് ക്യാംപെയ്ൻ തുടങ്ങിയവ പലർക്കും യഥാർത്ഥ രാഷ്ട്രീയ ഇടപെടലിനുള്ള ആവശ്യബോധം കുറയ്ക്കുന്നതിന് കാരണമായി തീർന്നു.

## പ്രത്യാഘാതങ്ങൾ

ക്രൈസ്തവ യുവാക്കൾ രാഷ്ട്രീയത്തിൽ പ്രവർത്തിക്കുന്നില്ല എന്നത് കേവലം പ്രതിനിധാനത്തിന്റെ കുറവായി മാത്രം മനസ്സിലാക്കേണ്ട ഒന്നല്ല, മറിച്ച് അത് സാമൂഹിക –സാംസ്കാരിക നിലപാടുകളിലും മതസ്വാതന്ത്ര്യത്തിലും ദീർഘകാല പ്രത്യാഘാതങ്ങൾ സൃഷ്ടിക്കുന്ന ഘടകമാണ്.

**ക്രൈസ്തവ യുവത്വം രാഷ്ട്രീയത്തിൽ സജീവമല്ലെങ്കിൽ സൃഷ്ടിക്കപ്പെടുന്ന അപകടം എന്തെല്ലാമെന്നു നോക്കാം.**

● **നയനിർണ്ണയത്തിൽ പങ്കാളിത്ത കുറവ്:** നിയമസഭയിലോ ഭരണ സംവിധാനത്തിലോ ക്രൈസ്തവ സമൂഹത്തിന്റെ ആവശ്യങ്ങളും ആശങ്കകളും പ്രാതിനിധ്യം നേടാതെ പോകാം. ഉദാഹരണത്തിന്, വിദ്യാഭ്യാസ, സാമൂഹിക ക്ഷേമ, ഭൂമി–സ്വത്തവകാശ, തൊഴിൽ മേഖലകളിൽ ന്യൂനപക്ഷങ്ങൾക്ക് അനുകൂലമായ പദ്ധതികൾ രൂപപ്പെടാൻ ബുദ്ധിമുട്ട് നേരിടും.

● **മത – സാംസ്കാരിക സംരക്ഷണത്തിലെ വെല്ലുവിളികൾ:** മതവിശ്വാസങ്ങളെയും ആരാധനാസ്വാതന്ത്ര്യത്തെയും ബാധിക്കുന്ന നിയമങ്ങൾ, ശക്തമായ ക്രൈസ്തവ ശബ്ദം ഇല്ലാത്ത സാഹചര്യത്തിൽ, അനുകൂലമായ രീതിയിൽ പരിഷ്കരിക്കപ്പെടാതെ പോകാൻ സാധ്യതയുണ്ട്.

● **തലമുറകൾ തമ്മിലുള്ള രാഷ്ട്രീയ ബന്ധത്തിൽ ക്ഷയം സംഭവിക്കും:** രാഷ്ട്രീയത്തിൽ നിന്ന് വിട്ടുനിൽക്കുന്ന പ്രവണത, അടുത്ത തലമുറയിൽ 'രാഷ്ട്രീയം നമ്മുടെ കാര്യമല്ല' എന്ന ധാരണ വളർത്തും. ഇത് തുടർന്നു വരുന്ന കാലങ്ങളിൽ സമുദായത്തെ പൊതുമണ്ഡലങ്ങളിൽ നിന്ന് അപ്രത്യക്ഷമാക്കും.

● **അനീതിക്കെതിരായ പ്രതികരണശേഷി നഷ്ടപ്പെടുന്ന സാഹചര്യമുണ്ടാക്കും:** 'നീതിമാൻമാർ അധികാരത്തിലിരിക്കുമ്പോൾ ജനങ്ങൾ സന്തോഷിക്കുന്നു; ദുഷ്ടൻമാർ ഭരിക്കുമ്പോൾ ജനങ്ങൾ വിലപിക്കുന്നു.' (സുഭാ 29:2) ബൈബിൾ ചുണ്ടിക്കാണിക്കുന്നതുപോലെ നീതിമാന്മാർ അധികാരത്തിലില്ലെങ്കിൽ സമൂഹത്തിൽ അനീതി, അഴിമതി, വിവേചനം എന്നിവ വർദ്ധിക്കും. അത്തരം സാഹചര്യങ്ങളിൽ പ്രതികരിക്കാൻ കഴിവുള്ള, മത–മാനവിക മൂല്യങ്ങളിൽ ഉറച്ച നേതൃപാടവമുള്ള യുവജനങ്ങൾ ഇല്ലെങ്കിൽ, സമൂഹത്തിന് പ്രതിരോധ ശേഷി നഷ്ടപ്പെടും.

● **പൊതുധാരണയിൽ മാറ്റം:** ന്യൂനപക്ഷ സമൂഹം രാഷ്ട്രീയത്തിൽ പങ്കാളികളാകുന്നില്ലെങ്കിൽ, ഭൂരിപക്ഷ സമൂഹം അവരെ 'അശക്തർ' ആയി വിലയിരുത്തുന്ന മാനസികാവസ്ഥ വളർത്താൻ ഇടയാക്കും.

അതിനാൽ, യുവജനങ്ങളുടെ രാഷ്ട്രീയ സാന്നിധ്യം ക്രൈസ്തവ സമൂഹത്തിന്റെ അവകാശ സംരക്ഷണത്തിനും, പൊതുനന്മ ഉറപ്പാക്കുന്നതിനും, മാനവിക മൂല്യങ്ങൾ നിലനിർത്തുന്നതിനും അനിവാര്യമാണ്.

രാഷ്ട്രീയം സഭയുടെ മുഖ്യദൗത്യമല്ലെങ്കിലും, വിശ്വാസികളായ യുവാക്കൾ സമൂഹനീതി, സത്യസന്ധമായ ഭരണം, ജനങ്ങളുടെ ഉന്നതി എന്നീ മേഖലകളിൽ മാറ്റത്തിന്റെ ഏജന്റുകളായി പ്രവർത്തിക്കുന്നത് ബൈബിളിന്റെ സാമൂഹിക ഉത്തരവാദിത്ത പ്രബോധനവുമായി പൊരുത്തപ്പെടുന്ന കാര്യമാണ് (മിക്കാ 6:8; മത്തായി 5:13–16).

## പ്രായോഗിക നിർദേശങ്ങൾ

● **രാഷ്ട്രീയ വിദ്യാഭ്യാസവും നേതൃപരിശീലനവും:** യുവജനസംഘടനകൾ, വിദ്യാഭ്യാസസ്ഥാപനങ്ങൾ എന്നിവ വഴി ക്രൈസ്തവ യുവജനങ്ങൾക്ക് രാഷ്ട്രീയ ബോധവൽക്കരണവും നേതൃപരിശീലനവും നൽകണം. ഭരണഘടനാ അവകാശങ്ങൾ, ജനാധിപത്യ പ്രക്രിയകൾ, രാഷ്ട്രീയ ചരിത്രം, പൊതു പ്രസംഗകല, മാധ്യമങ്ങളിലെ ഇടപെടൽ തുടങ്ങിയ വിഷയങ്ങളിൽ ഹ്യസ്വകാല പരിശീലന ക്യാമ്പുകൾ സംഘടിപ്പിക്കുന്നത് രാഷ്ട്രീയ രംഗത്ത് പ്രവേശിക്കാൻ ആവശ്യമായ അടിസ്ഥാനപരമായ കഴിവുകൾ വളർത്തും. മോക്ക് പാർലമെന്റുകൾ, രാഷ്ട്രീയ ചർച്ചകൾ, പൊതുപ്രശ്നങ്ങളെ കുറിച്ചുള്ള പഠന സെഷനുകൾ എന്നിവ യുവാക്കളിൽ ആത്മവിശ്വാസം വളർത്തും.

● **സാമൂഹികനീതി പദ്ധതികളിൽ സജീവ പങ്കാളിത്തം:** യുവാക്കളെ നേരിട്ട് സാമൂഹിക നീതി സംബന്ധമായ പ്രവർത്തനങ്ങളിൽ ഉൾപ്പെടുത്തുക, ഇതിലൂടെ രാഷ്ട്രീയ ഇടപെടലിന്റെ പ്രായോഗിക പരിശീലനം ലഭിക്കാൻ സഹായിക്കും. പരിസ്ഥിതി സംരക്ഷണം, ദരിദ്രർക്കുള്ള വിദ്യാഭ്യാസ സഹായം, മനുഷ്യാവകാശ സംരക്ഷണം, ആരോഗ്യ ക്യാമ്പെയ്നുകൾ, സ്ത്രീ – ശിശു സുരക്ഷാ സംബന്ധിയായ പ്രവർത്തനങ്ങൾ മുതലായവ വഴി, അവർ സമൂഹത്തിലെ പ്രശ്നങ്ങളെ അടുത്തറിയുകയും അവ പരിഹരിക്കാൻ ആവശ്യമായ രാഷ്ട്രീയ ഇടപെടലിന്റെ ആവശ്യകത മനസ്സിലാക്കുകയും ചെയ്യും. കത്തോലിക്കാ സഭയുടെ യുവജനപ്രസ്ഥാനങ്ങൾ വഴി ഇത്തരം സാമൂഹ്യപ്രവർത്തനങ്ങളിലേക്ക് യുവജനങ്ങളെ കൂടുതൽ ആകർഷിക്കുക.

● **ജനാധിപത്യ സംവിധാനങ്ങളുടെ ഉപയോഗം:** ജനാധിപത്യ സംവിധാനങ്ങളുടെ ഉപയോഗം യുവജനങ്ങളിൽ രാഷ്ട്രീയ ഉത്തരവാദിത്തബോധം വളർത്തും. വോട്ടർ രജിസ്ട്രേഷൻ ക്യാമ്പെയ്നുകൾ, പൊതുസമ്മേളനങ്ങളിലുള്ള പങ്കാളിത്തം, പഞ്ചായത്ത് – മുനിസിപ്പാലിറ്റി തലത്തിൽ നടക്കുന്ന വികസനയോഗങ്ങൾ, നിയമസഭാ – ലോക്സഭാ പ്രക്രിയകൾ നേരിൽ കണ്ട് മനസ്സിലാക്കുന്നത് എന്നിവ, യുവജനങ്ങൾക്ക് രാഷ്ട്രീയ നടപടിക്രമങ്ങളെക്കുറിച്ചുള്ള വ്യക്തമായ ധാരണ നൽകും. കൂടാതെ, യുവജനപ്രസ്ഥാനങ്ങൾ വഴി തുറന്ന രാഷ്ട്രീയ ചർച്ചകൾക്കുള്ള വേദികൾ രൂപീകരിക്കണം, ഇലക്ഷനോടനുബന്ധിച്ച് ക്രൈസ്തവർ നേരിടുന്ന വെല്ലുവിളികളെ പൊതുവിടങ്ങളിൽ ചർച്ചയാക്കണം. സമുദായ ബോധവും നേതൃത്വ ഗുണവും ഉള്ളവരെ വ്യത്യസ്ത രാഷ്ട്രീയ പാർട്ടികളുടെ യൂണിറ്റുകളിലും സ്വതന്ത്ര രാഷ്ട്രീയ കൂട്ടായ്മകളിലും സജീവമായി പ്രവർത്തിക്കാൻ പ്രോത്സാഹിപ്പിക്കണം.

● **മതാന്തര സഹകരണം:** രാഷ്ട്രീയത്തിൽ സമാധാനവും സഹവർത്തിത്വവും നിലനിർത്താൻ മതാന്തര സഹകരണം അനിവാര്യമാണ്. ക്രൈസ്തവ, ഹിന്ദു, മുസ്ലിം, മറ്റ് മതവിഭാഗങ്ങളിലെ യുവാക്കളെ ഉൾപ്പെടുത്തി സംയുക്ത സാമൂഹിക പദ്ധതികൾ  ജലസംരക്ഷണം, മയക്കുമരുന്ന് വിരുദ്ധ പ്രചാരണങ്ങൾ, തൊഴിൽ പരിശീലന പരിപാടികൾ തുടങ്ങിയവ സംഘടിപ്പിക്കാം. മതാന്തര സംവാദ വേദികൾ യുവാക്കളിൽ പരസ്പര ബഹുമാനവും വിശ്വാസവും വളർത്തി, സാമൂഹിക–രാഷ്ട്രീയ പ്രശ്നങ്ങൾ കൈകാര്യം ചെയ്യാനുള്ള കൂട്ടായ്മ ശക്തിപ്പെടുത്തും.

● **സഭാ–സാമൂഹിക കൂട്ടായ്മയുടെ രൂപീകരണം:** ക്രൈസ്തവ യുവജനങ്ങളുടെ രാഷ്ട്രീയ ഇടപെടലിന് സഭ, വിദ്യാഭ്യാസസ്ഥാപനങ്ങൾ, കെസിവൈഎം, കത്തോലിക്ക കോൺഗ്രസ് എന്നിവ ചേർന്ന് ദീർഘകാല പ്രവർത്തനപദ്ധതി രൂപപ്പെടുത്തണം. ബോധവൽക്കരണം, പങ്കാളിത്തം, നേതൃത്വം എന്നീ മൂന്ന് ഘട്ടങ്ങളിലൂടെയുള്ള പരിശീലനവും പ്രവർത്തനങ്ങളും, യുവജനങ്ങളെ സാമൂഹിക ഉത്തരവാദിത്തമുള്ള രാഷ്ട്രീയ നേതാക്കളായി വളർത്തും.

കേരളത്തിലെ ക്രൈസ്തവ യുവത്വത്തിന്റെ രാഷ്ട്രീയ പങ്കാളിത്തം, കേവലം ഒരു സാമുദായിക പ്രതിനിധാനത്തിന്റെ ആവശ്യകത മാത്രമല്ല, മറിച്ച് വിശ്വാസത്തിൽ നിന്നുവരുന്ന സാമൂഹിക ഉത്തരവാദിത്തത്തിന്റെ പ്രകടനമാണ്. സഭയുടെ സാമൂഹിക പ്രബോധനങ്ങളും ബൈബിളിലെ പ്രബോധനങ്ങളും കാണിക്കുന്നതുപോലെ, അവർ ആയിരിക്കുന്ന സമൂഹത്തിൽ നീതിയും പൊതു നന്മയും ഉറപ്പാക്കുന്നതിൽ ഓരോ ക്രിസ്ത്യാനിക്കും സജീവ പങ്കാളിത്തമുണ്ട്. ഇന്നത്തെ സാഹചര്യത്തിൽ, ക്രൈസ്തവ യുവാക്കളുടെ രാഷ്ട്രീയ ഇടപെടലിന്റെ കുറവ്, ഭാവിയിൽ സമൂഹത്തിന്റെ സ്വരവും സ്വാധീനവും ക്ഷയിപ്പിക്കാനിടയാക്കും.

അതുകൊണ്ട്, രാഷ്ട്രീയ വിദ്യാഭ്യാസം, സാമൂഹിക നീതിയിൽ അധിഷ്ഠിതമായ പ്രവർത്തനങ്ങൾ, മതാന്തര സഹകരണം, സഭാ–സാമൂഹിക കൂട്ടായ്മകൾ എന്നിവ മുഖേന യുവജനങ്ങളെ രാഷ്ട്രീയ രംഗത്തേക്ക് പ്രോത്സാഹിപ്പിക്കുകയും തയ്യാറാക്കുകയും ചെയ്യേണ്ടത് അത്യാവശ്യമാണ്. വിശ്വാസവും മൂല്യങ്ങളും കൈവിടാതെ പൊതുരംഗങ്ങളിൽ പ്രവർത്തിക്കുന്ന നേതാക്കളായി ഉയർന്നുവരുമ്പോഴാണ്, ക്രൈസ്തവ യുവത്വം സഭയുടെ ദൗത്യവും സമൂഹത്തിന്റെ പ്രതീക്ഷകളും നിറവേറ്റുക.

ക്രിസ്തുവിന്റെ വാക്കുകൾ ഓർമ്മിക്കാം: 'നിങ്ങൾ ലോകത്തിലെ വെളിച്ചമാണ്' (മത്താ 5:14). ഈ വെളിച്ചം പൊതുരംഗങ്ങളിൽ തെളിയിക്കുന്നത് വഴി മാത്രമേ, സമൂഹത്തിൽ നീതിയും സമാധാനവും നിലനിർത്താൻ കഴിയുകയുള്ളൂ.



# നിയമ പഠനത്തിന് ക്ലാറ്റ്: ഇപ്പോൾ അപേക്ഷിക്കാം

**കൊച്ചിയിലെ നുവാൽസ് (NUALS) അടക്കം 26 ദേശീയ നിയമ സർവകലശാകളിൽ നിയമ പഠനത്തിനുള്ള പ്രവേശന പരീക്ഷയാണ് കോമൺ ലോ അഡ്മിഷൻ ടെസ്റ്റ് (CLAT 26) ഒക്ടോബർ 31 ന് മുൻപായി അപേക്ഷിക്കണം. മറ്റ് നിയമ പഠന സ്ഥാപനങ്ങളെയും പരീക്ഷകളെയും പരിചയപ്പെടാം**



## വിദ്യാധനം

പ്രഫ. ചാർലി കട്ടക്കയം



കോടതി മുറികളിൽ വാചാലരാകുന്ന അഭിഭാഷകരുടെയും നിയമം കീറിമുറിച്ച് വിധി പറയുന്ന ജഡ്ജിമാരുടെയും ജോലി ആരെയും ആകർഷിക്കുന്നതുതന്നെ. പ്ലസ്ടുവോ, ഡിഗ്രിയോ കഴിഞ്ഞ് ഏത് കോഴ്സിന് ചേരണം എന്ന് ആലോചിക്കുമ്പോൾ മറ്റ് പ്രൊഫഷണൽ കോഴ്സുകൾക്ക് ഒപ്പമോ അതിലുപരിയായോ പരിഗണിക്കാവുന്ന ഒന്നായി നിയമപഠനവും മാറിക്കഴിഞ്ഞിരിക്കുന്നു.

അഭിഭാഷകൻ, ന്യായാധിപൻ, പബ്ലിക് പ്രോസിക്യൂട്ടർ, ഗവൺമെൻറ് പ്ലീഡർ തുടങ്ങിയ സ്ഥാനങ്ങളിൽ ഒതുങ്ങുന്നതല്ല നിയമധാരികളുടെ അവസരങ്ങൾ. ബാങ്കുകളും, വ്യവസായ-വാണിജ്യ-ധനകാര്യ സംരംഭങ്ങളും ഒക്കെ നിയമബിരുദമുള്ള ലോ ഓഫീസർമാരെ അവരുടെ സ്ഥാപനങ്ങളിൽ നിയമിക്കുന്നു. വിവിധ സർക്കാർ വകുപ്പുകളിലും, റെയിൽവേ, ഇൻഷുറൻസ്, സായുധസേന തുടങ്ങിയ സ്വയംഭരണ സ്ഥാപനങ്ങളിലും സർക്കാരിതര സന്നദ്ധ സംഘടനകൾ, അന്താരാഷ്ട്ര ഏജൻസികൾ, നിയമ പ്രസിദ്ധീകരണങ്ങൾ, ലീഗൽ ജേർണലിസം എന്നിവിടങ്ങളിലും നിയമ ബിരുദധാരികൾക്ക് അവസരങ്ങൾ ഉണ്ട്.

എൽഎൽബിക്ക് ശേഷം ഇന്ത്യയിലും വിദേശത്തുമുള്ള വിവിധ സ്ഥാപനങ്ങളിൽ വിവിധ സ്പെഷ്യലൈസേഷനോടുള്ള എൽഎൽഎം, പിഎച്ച്ഡി പഠനങ്ങൾക്കും അവസരമുണ്ട്. കോർപ്പറേറ്റ് ലോ, ഇൻറർനാഷണൽ ലോ, ഇൻഡലക്ചൽ പ്രോപ്പർട്ടി റൈറ്റ്സ് (ഐപിആർ), ടാക്സേഷൻ, ആർബിട്രേഷൻ, മാരിടൈം ലോ, സൈബർ ലോ, ഫിനാൻഷ്യൽ ലോ, ഹ്യൂമൻ റൈറ്റ്സ് ലോ, ലേബർ ലോ, എൻവിയോൺമെന്റൽ ലോ തുടങ്ങി നിരവധി സ്പെഷ്യലൈസേഷനുകളും ഉണ്ട്.

നിയമത്തിൽ ബിരുദാനന്തര ബിരുദം ഉള്ളവർക്ക് അധ്യാപന-ഗവേഷണ മേഖലകളിലും പ്രവേശിക്കാം. സ്വന്തമായി പ്രാക്ടീസ് നടത്തുന്ന അഭിഭാഷകർക്ക് ജോലിയിൽ നിന്നും റിട്ടയർമെൻറ് ഇല്ലാതെ സേവനം തുടരാം. ഈ മേഖലയിൽ സർക്കാർ സർവീസിൽ ഉള്ളവർക്ക് റിട്ടയർമെന്റിന് ശേഷം സ്വന്തമായി പ്രാക്ടീസ് ആകാം. ഇത് തീർച്ചയായും അഭിഭാഷക വൃത്തിയുടെ ഒരു മെച്ചം തന്നെയാണ്. രാജ്യത്തെ പ്രമുഖ നിയമ പഠന സ്ഥാപനങ്ങളെയും പ്രവേശന നടപടികളും പരിചയപ്പെടാം.

### ക്ലാറ്റ് (CLAT)

ദേശീയ നിയമ സർവ്വകലാശാലകളിലും ഇൻസ്റ്റിറ്റ്യൂട്ടുകളിലും എൽഎൽബി, എൽഎൽഎം പ്രവേശനത്തിനുള്ള പ്രവേശന പരീക്ഷയാണ് ക്ലാറ്റ് അഥവാ കോമൺ ലോ അഡ്മിഷൻ ടെസ്റ്റ്.

കൊച്ചിയിലെ നാഷണൽ യൂണിവേഴ്സിറ്റി ഓഫ് അഡ്വാൻസ്ഡ് ലീഗൽ സ്റ്റഡീസ് (നുവാൻസ്) ഉൾപ്പെടെയുള്ള ദേശീയ സ്ഥാപനങ്ങളിൽ പ്രവേശനത്തിന് ഈ പരീക്ഷയുടെ സ്കോറാണ് പരിഗണിക്കുന്നത്. പഞ്ചവത്സര എൽഎൽബി പ്രവേശനത്തിന് 45% മാർക്കോടെയുള്ള പ്ലസ്ടുവാണ് യോഗ്യത. നുവാൻസിൽ എൽഎൽബിയും മറ്റ് സർവ്വകലാശാലകളിൽ ബിഎ/ബി.കോം/ബിബിഎ/ബിഎസ്സി/ബിഎസ്ഡബ്ലിയു എൽഎൽബി (ഓണേഴ്സ്) പ്രോഗ്രാമുകളും പഠിക്കാം. 55 ശതമാനം മാർക്കോടെ എൽ.എൽ.ബി പാസായവർക്ക് പിജി കോഴ്സിനുള്ള പ്രവേശന പരീക്ഷ എഴുതാം. ബിരുദ ബിരുദാനന്തര കോഴ്സുകളിലെ അഡ്മിഷനുള്ള പരീക്ഷകൾ വ്യത്യസ്തമാണ്. ഇപ്പോൾ അപേക്ഷ ക്ഷണിച്ചിട്ടുണ്ട്. ഒക്ടോബർ 31-ന് മുൻപായി ഓൺലൈനായി അപേക്ഷിക്കണം. ഡിസംബർ എട്ടിനാണ് പരീക്ഷ. രണ്ടുമണിക്കൂർ ദൈർഘ്യമുള്ള ഓഫ് ലൈൻ പരീക്ഷയാണ്. കേരളത്തിലും പരീക്ഷാ കേന്ദ്രം ഉണ്ട്. 4000 രൂപയാണ് പരീക്ഷാഫീസ്.

ഒരു മാർക്ക് വീതമുള്ള 200 ഒബ്ജക്റ്റീവ് ചോദ്യങ്ങൾ ആണ് പരീക്ഷയ്ക്കുള്ളത്. ഇതിൽ ഇംഗ്ലീഷ് 40 മാർക്ക്, ലോജിക്കൽ റീസണിങ് 40 മാർക്ക്, പൊതുവിജ്ഞാനം 50 മാർക്ക്. മാത്സ് 50 മാർക്ക് നിയമപഠനാഭിരുചി 50 മാർക്ക് എന്നിവ ഉൾപ്പെടുന്നു.

അഖിലേന്ത്യ തലത്തിൽ 16 നാഷണൽ ലോ യൂണിവേഴ്സിറ്റികളിലായി ബിരുദ തലത്തിൽ ഏകദേശം 2200 സീറ്റുകളും ബിരുദാനന്തര ബിരുദതലത്തിൽ 700 സീറ്റുകളും ആണ് ഉള്ളത്. കൂടുതൽ വിവരങ്ങൾക്ക്. www.clat.ac.in ൽ ലഭ്യമാണ്.

എൻ.എൽ.എസ്.ഐ.യു (ബാംഗ്ലൂർ), എൻ.എ.എൽ.എസ്.ആർ (ഹൈദരാബാദ്), എൻ.എൽ.ഐ.യു (ഭോപ്പാൽ), എൻ.എൽ.യു (ജോധ്പൂർ) തുടങ്ങിയവയാണ് പ്രധാന ദേശീയ സ്ഥാപനങ്ങൾ. ഐ.ഐ.എം (റോത്തക്), നാണൽ ഫോറൻസിക് സയൻസ് യൂണിവേഴ്സിറ്റി (ഡൽഹി) നാഷണൽ ലോ യൂണിവേഴ്സിറ്റി (നാഗ്പൂർ), സേവിയർ ലോ സ്കൂൾ (ഭുവനേശ്വർ), രാമയ്യ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലീഗൽ സ്റ്റഡീസ് (ബാംഗ്ലൂർ), ഏഷ്യൻ ലോ കോളജ് (നോയിഡ), നർസി മോൻജി ഇൻസ്റ്റിറ്റ്യൂട്ട് (ബാംഗ്ലൂർ) നിർമ്മ യൂണിവേഴ്സിറ്റി (അഹമ്മദാബാദ്) തുടങ്ങിയ സ്ഥാപനങ്ങളും വിവിധ പ്രോഗ്രാമുകൾക്ക് ക്ലാറ്റ് സ്കോർ പരിഗണിക്കുന്നുണ്ട്.

### ക്ലീ (KLEE)

കേരളത്തിലെ വിവിധ ലോ കോളേജുകളിൽ നിയമബിരുദ, ബിരുദാനന്തര കോഴ്സുകളിൽ പ്രവേശനം നടത്തുന്നത് കേരള ലോ എൻട്രൻസ് എക്സാം വഴിയാണ്. സംസ്ഥാന പ്രവേശന പരീക്ഷ കമ്മീഷണർ ആണ് ഈ പരീക്ഷ നടത്തുന്നത്. തിരുവനന്തപുരം, എറണാകുളം, തൃശൂർ, കോഴിക്കോട് എന്നിവിടങ്ങളിലെ ഗവൺമെന്റ് ലോ കോളജുകളിലേക്കാണ് അഡ്മിഷൻ.

അഞ്ചുവർഷ എൽഎൽബി, മൂന്നു വർഷ എൽഎൽബി, നിയമ ബിരുദാനന്തര ബിരുദ കോഴ്സായ രണ്ടു വർഷ എൽഎൽഎം എന്നീ കോഴ്സുകളിലേക്ക് ഈ പരീക്ഷ വഴി അഡ്മിഷൻ ലഭിക്കുന്നു. അഞ്ചുവർഷ എൽഎൽബി കോഴ്സിന് ചേരാനുള്ള യോഗ്യത ഏതെങ്കിലും വിഷയത്തിൽ 40% മാർക്കിൽ കുറയാതെ പ്ലസ്ടുവും. മൂന്നുവർഷ എൽഎൽബിക്ക് ഏതെങ്കിലും വിഷയത്തിൽ 40% മാർക്കിൽ കുറയാത്ത ബിരുദവും ആണ്.

എൽഎൽബി പാസായവർക്ക് എൽഎൽഎം കോഴ്സിന് ചേരാം. ഉയർന്ന പ്രായപരിധി ഇല്ല. എല്ലാവർഷവും മെയ് -ജൂൺ മാസങ്ങളിലായാണ് ടെസ്റ്റും അഡ്മിഷനും നടക്കുക. മൂന്ന് മണിക്കൂർ ഒക്കെയുള്ള 200 മാർക്കിന്റെ മൾട്ടിപ്പിൾ ചോയ്സ് പരീക്ഷയിൽ പൊതുവിജ്ഞാനം, ഇംഗ്ലീഷ്, ആറ്റിറ്റ്യൂഡ് ഫോർ ലീഗൽ സ്റ്റഡീസ് എന്നിവ ഉണ്ടാകും വിവരങ്ങൾക്ക്. www.cee. kerala. org


### എഐഎൽഇടി (AILET)

ഡൽഹിയിലുള്ള നാഷണൽ ലോ യൂണിവേഴ്സിറ്റിയിൽ നിയമ പഠന കോഴ്സുകളിലേക്കുള്ള പ്രവേശന പരീക്ഷയാണ് ഓൾ ഇന്ത്യ ലോ എൻട്രൻസ് ടെസ്റ്റ്. ബിരുദ ബിരുദാനന്തര (എൽ.എൽ.ബി, എൽ.എൽ.എം) കോഴ്സുകളിലേക്കും, ഗവേഷണ കോഴ്സുകളിലേക്കുള്ള പ്രവേശനം ഈ ടെസ്റ്റ് വഴിയാണ്. 2025 വർഷത്തെ പ്രവേശന പരീക്ഷയും അഡ്മിഷനും കഴിഞ്ഞു. സാധാരണ നവംബറിൽ അപേക്ഷ ക്ഷണിക്കും. ഡിസംബർ മാസം പരീക്ഷ നടത്തും. അൻപതു ശതമാനം മാർക്കോടെ ഏതെങ്കിലും വിഷയത്തിൽ പ്ലസ്ടു പാസാകുന്നവർക്ക് എൽഎൽബിയിക്ക് അപേക്ഷിക്കാം. പ്ലസ്ടുവിന് പഠിക്കുന്നവർക്കും പരീക്ഷ എഴുതാം. എൽഎൽഎം കോഴ്സിന് അപേക്ഷിക്കുവാൻ 55% മാർക്കോടെ എൽഎൽബിയും, പിഎച്ച്ഡിയ്ക്ക് അപേക്ഷിക്കുവാൻ 55% മാർക്കോടെ എൽഎൽഎം ഉം പാസാകണം. കൂടുതൽ വിവരങ്ങൾക്ക് www. nludelth.ac.in

### എൽസാറ്റ്- ഇന്ത്യ

രാജ്യത്തെ അൻപതോളം പ്രമുഖ നിയമ പഠന സ്ഥാപനങ്ങൾ അഡ്മിഷൻ നടത്തുന്നത് യോഗ്യതാ പരീക്ഷയുടെ മാർക്കിനൊടൊപ്പം ലോ സ്കൂൾ അഡ്മിഷൻ ടെസ്റ്റ് (LSAT-INDIA) സ്കോർ കൂടി പരിഗണിച്ചാണ്. ജൂൺ-ജൂലൈ മാസങ്ങളിലായാണ് പരീക്ഷയും അഡ്മിഷനും നടക്കുക. പ്ലസ്ടുവിന് പഠിക്കുന്നവർക്കും പരീക്ഷ എഴുതാം. കൂടുതൽ വിവരങ്ങൾക്ക് LSAT INDIA pearson.com-ൽ ലഭ്യമാണ്.

അമേരിക്ക ആസ്ഥാനമായുള്ള ലോ സ്കൂൾ അഡ്മിഷൻ കൗൺസിൽ ആണ് ഈ പരീക്ഷ നടത്തുന്നത്. രണ്ടര മണിക്കൂർ ദൈർഘ്യമുള്ള പരീക്ഷ മൾട്ടിപ്പിൾ ചോയിസ് ചോദ്യങ്ങൾ മാത്രമുള്ളതാണ്.





'ഇഗ്നൈറ്റ് 2025' സിബിഐസി മുൻ ചെയർമാൻ ഡോ. ജോൺ ജോസഫ് ഉദ്ഘാടനം ചെയ്യുന്നു

## ഇഗ്നൈറ്റ് 2025

**തിരുവമ്പാടി** ● അൽഫോൻസാ കോളജിൽ നാലുവർഷ ബിരുദപഠനത്തിന് പ്രാരംഭം കുറിച്ച് സംഘടിപ്പിച്ച ഇൻഡക്ഷൻ പ്രോഗ്രാം 'ഇഗ്നൈറ്റ് 2025' ശ്രദ്ധേയമായി. രക്ഷിതാക്കൾക്കും വിദ്യാർത്ഥികൾക്കുമായി സംഘടിപ്പിച്ച പരിപാടി സെൻട്രൽ ബോർഡ് ഓഫ് ഇൻഡയറക്ട് ടാക്സസ് ആന്റ് കസ്റ്റംസ് (സിബിഐസി) മുൻ ചെയർമാൻ ഡോ. ജോൺ ജോസഫ് ഐആർഎസ് ഉദ്ഘാടനം ചെയ്തു.

ഡോ. സോമൻ കടലൂർ ചടങ്ങിൽ മുഖ്യപ്രഭാഷണം നടത്തി. കോളജ് അഡ്മിനിസ്ട്രേറ്റർ ഫാ. മനോജ് ജോയി കൊല്ലംപറമ്പിൽ അധ്യക്ഷത വഹിച്ചു. പ്രിൻസിപ്പൽ ഡോ. ഷൈജു ഏലിയാസ്, വൈസ് പ്രിൻസിപ്പൽ എം. സി. സെബാസ്റ്റ്യൻ, കോളേജ് യൂണിയൻ വൈസ് ചെയർപേഴ്സൺ സാനിയാമോൾ ചാൾസ് എന്നിവർ പ്രസംഗിച്ചു.

രൂപതാ വാർത്തകൾ, സഭാ വാർത്തകൾ, മറ്റു വിശേഷങ്ങൾ എന്നിവയ്ക്കായ് QR കോഡ് സ്കാൻ ചെയ്യൂ

അഖണ്ഡജപമാല സമാപനം ഒക്ടോബർ 25ന്

# ജപമാല മന്ത്രങ്ങളാൽ മുഖരിതമായി ബഥാനിയ

**പുല്ലൂരാംപാറ** ● 101 രാപകലുകൾ ഇടമുറിയാതെ നടക്കുന്ന ദിവ്യകാരുണ്യ ആരാധനയും അഖണ്ഡജപമാല സമർപ്പണവും ബഥാനിയായിൽ തുടരുന്നു. രജത ജൂബിലി വർഷത്തിൽ ലോകസമാധാനവും കുടുംബ വിശുദ്ധീകരണവുമാണ് മുഖ്യനിയോഗം.

ആദ്യദിനത്തിൽ താമരശ്ശേരി രൂപതയുടെ റൂബി ജൂബിലിയും അഖണ്ഡ ജപമാല സമർപ്പണത്തിന്റെ രജത ജൂബിലിയും അനുസ്മരിച്ച് ബിഷപ് മാർ റെമീജിയോസ് ഇഞ്ചനാനിയിൽ തിരി തെളിച്ചു. നിരവധി പേരെ മാനസാന്തരത്തിലേക്ക് നയിക്കാൻ 25 വർഷത്തെ സേവനത്തിനിടെ ബഥാനിയാ ധ്യാനകേന്ദ്രത്തിന് സാധിച്ചെന്ന് വചന സന്ദേശത്തിൽ ബിഷപ് പറഞ്ഞു.



അഖണ്ഡ ജപമാല സമർപ്പണത്തിന് ആരംഭം കുറിച്ച് ബിഷപ് മാർ റെമീജിയോസ് ഇഞ്ചനാനിയിൽ തിരി തെളിക്കുന്നു. ഫാ. സൈമൺ കിഴക്കേക്കുന്നേൽ, ഫാ. കുര്യാക്കോസ് മുഖാലയിൽ എന്നിവർ സമീപം

### സമാപനദിന ശുശ്രൂഷകൾ

അഖണ്ഡജപമാല സമർപ്പണത്തിന്റെ നൂറാം ദിവസമായ ഒക്ടോബർ 24-ന് വൈകുന്നേരം 6.30-ന് മെഴുകുതിരിയേന്തി ജപമാല റാലിയും രാത്രി ഏഴിന് ആഘോഷപൂർവമായ വിശുദ്ധ കുർബാനയും നടക്കും. വികാരി ജനറൽ മോൺ. അബ്രഹാം വയലിൽ മുഖ്യകാർമികത്വം വഹിക്കും.

ഒക്ടോബർ 25-ന് നടക്കുന്ന സമാപന ശുശ്രൂഷകൾ പുലർച്ചെ മൂന്നിന് കരുണ കൊന്തയോടെ ആരംഭിക്കും. തുടർന്ന് കുരിശിന്റെ വഴി. രാവിലെ ആറിന് വിശുദ്ധ കുർബാന, 10.30-ന് സമാപന ജപമാല, 11-ന് നടക്കുന്ന ആഘോഷമായ വിശുദ്ധ കുർബാനയിൽ ബിഷപ് മാർ റെമീജിയോസ് ഇഞ്ചനാനിയിൽ മുഖ്യകാർമികത്വം വഹിക്കും. ഉച്ചയ്ക്ക് 12.30 ന് ദിവ്യകാരുണ്യ ആരാധന, ദിവ്യകാരുണ്യ പ്രദക്ഷിണം, സമാപന ആശീർവാദം.

തുടർന്ന് നേർച്ചഭക്ഷണം. ശുശ്രൂഷകൾക്ക് ബഥാനിയ ഡയറക്ടർ ഫാ. റോണി പോൾ കാവിൽ, അസി. ഡയറക്ടർ ഫാ. ആൽബിൻ വിലങ്ങുപാറ, ഫാ. ജോസഫ് പൂവന്നിക്കുന്നേൽ എന്നിവർ നേതൃത്വം നൽകും.

## നിഖ്യാ സുന്നഹദോസ് 1700-ാം വാർഷികം ആഘോഷിച്ചു

**കോടഞ്ചേരി** ● യുണൈറ്റഡ് ക്രിസ്ത്യൻ ഫോറം കോടഞ്ചേരി മേഖലയുടെ ആഭിമുഖ്യത്തിൽ നിഖ്യ സൂന്നഹദോസിന്റെ 1700-ാം വാർഷികാഘോഷവും അനുസ്മരണവും സംഘടിപ്പിച്ചു. യാക്കോബായ സുറിയാനി സഭ കോഴിക്കോട് ഭദ്രാസനാധിപൻ പൗലോസ് മോർ ഐറേനിയോസ് മെത്രാപ്പോലീത്ത ഉദ്ഘാടനം ചെയ്തു. ബിഷപ് മാർ റെമീജിയോസ് ഇഞ്ചനാനിയിൽ അധ്യക്ഷത വഹിച്ചു. താമരശ്ശേരി രൂപത എക്യുമിനിസം ഡയറക്ടറും കോടഞ്ചേരി മേഖല യുസിഎഫ് ഡയറക്ടറുമായ റവ. ഡോ. ജോസ് പെണ്ണാപറമ്പിൽ, ഫാ. കുര്യാക്കോസ് ഐക്കൊളമ്പിൽ, ഫാ. ബേസിൽ തമ്പി പടിഞ്ഞാറേക്കര, ഫാ. സ്കറിയ ഈന്തലാംകുഴിയിൽ, ഫാ. അനൂപ് അലക്സാണ്ടർ, ഫാ. എബി ചിറയിൽ, ഫാ. ഷിജോ താന്നിയംകട്ടയിൽ, റവ. റിനോ ജോൺ എന്നിവർ പ്രസംഗിച്ചു. യാക്കോബായ സുറിയാനി സഭ പെരുമ്പാവൂർ മേഖല മെത്രാപ്പോലീത്ത മാത്യൂസ് മോർ അഫ്രേം, കുന്നോത്ത് ഗുഡ് ഷെപ്പേഡ് മേജർ സെമിനാരി പ്രൊഫസർ ഫാ. ആന്റണി തറേക്കടവിൽ എന്നിവർ ക്ലാസുകൾക്ക് നേതൃത്വം നൽകി.



നിഖ്യാ സുന്നഹദോസ് വാർഷികാഘോഷത്തിൽ ബിഷപ് മാർ റെമീജിയോസ് ഇഞ്ചനാനിയിൽ പ്രസംഗിക്കുന്നു. ഫാ. ഷിജോ താന്നിയംകട്ടയിൽ, ഫാ. സ്കറിയ ഈന്തലാംകുഴിയിൽ, ഫാ. അനൂപ് അലക്സാണ്ടർ, ഫാ. എബി ചിറയിൽ, പൗലോസ് മോർ ഐറേനിയോസ് മെത്രാപ്പോലീത്ത, റവ. റിനോ ജോൺ, ഫാ. ജോസ് പെണ്ണാപറമ്പിൽ എന്നിവർ വേദിയിൽ.

ഉപകാരസ്മരണ



ഡാർലെറ്റ് കണ്ണോത്ത്

സ്നേഹസ്മരണയ്ക്ക്
46-ാം ചരമവാർഷികം
21-ാം ചരമവാർഷികം



ദേവസ്യ മലേക്കുന്നേൽ കണ്ണോത്ത്
ജനനം: 10-03-1920
മരണം: 21-10-1979



അന്നമ്മ ദേവസ്യ മലേക്കുന്നേൽ
ജനനം: 15-05-1924
മരണം: 24-12-2004

സ്നേഹസ്മരണകളോടെ: മക്കൾ, മരുമക്കൾ, കൊച്ചുമക്കൾ

സ്വർഗ്ഗത്തിൽ 19-ാം വർഷം
16-09-2025



വർഗീസ് കണക്കഞ്ചേരി
കുണ്ടായിത്തോട്
ചാച്ചന്റെ ആത്മാവിന് നിത്യശാന്തി നേർന്നുകൊണ്ട്
ഭാര്യ മേരി, മക്കൾ, മരുമക്കൾ, കൊച്ചുമക്കൾ

പാവനസ്മരണയ്ക്ക്
12-10-2025



ജിന്റോഷ് തോമസ് തോട്ടത്തിൽ
വാലില്ലാപ്പുഴ
പ്രാർത്ഥനയോടെ, ഭാര്യ, മകൾ, കുടുംബാംഗങ്ങൾ
ബന്ധുക്കൾ, സുഹൃത്തുക്കൾ

# റൂബി ജൂബിലി സംഗമങ്ങൾ, മിഷൻ ആഘോഷം

റൂബി ജൂബിലി വിശേഷങ്ങൾ

## സെപ്റ്റംബറിൽ വിവിധ സംഗമങ്ങൾ. ഒക്ടോബറിൽ ജൂബിലി മിഷൻ റോസറി, ജൂബിലി പ്രസംഗ മത്സരം, മെഗാ ഗൂഗിൾ മീറ്റ്, ജൂബിലി ക്വിസ് മത്സരം, ഓർമ്മച്ചെപ്പ്

താമരശ്ശേരി രൂപതയുടെ റൂബി ജൂബിലിയോട് അനുബന്ധിച്ച് സെപ്റ്റംബറിൽ റൂബി ജൂബിലി സംഗമങ്ങൾ നടത്തും. താമരശ്ശേരി രൂപത വൈദികരുടെയും അവരുടെ മാതാപിതാക്കളുടെയും സംഗമം, വിരമിച്ച ഉദ്യോഗസ്ഥർക്കായുള്ള സംഗമം, കർഷ പ്രതിനിധി സംഗമം എന്നിവയാണ് റൂബി ജൂബിലി സംഗമങ്ങൾ.

സഭക്കും സമുദായത്തിനും ശുശ്രൂഷ ചെയ്യാൻ വൈദികരെ ഒരുക്കിയ മാതാപിതാക്കളെ നന്ദിയോടെ സ്മരിക്കുന്നതിനായാണ് സെപ്റ്റംബർ ഒമ്പതിന് വൈദികർക്കും അവരുടെ മാതാപിതാക്കൾക്കുമായി സംഗമം നടത്തുന്നത്. താമരശ്ശേരി രൂപതയ്ക്കുവേണ്ടി 200-ൽ അധികം വൈദികർ തിരുപ്പട്ടം സ്വീകരിച്ചിട്ടുണ്ട്.

രാവിലെ 10-ന് കത്തീഡ്രൽ പള്ളിയിൽ വിശുദ്ധ കുർബാനയോടെ സംഗമം ആരംഭിക്കും. തുടർന്ന് ബിഷപ്സ് ഹൗസിൽ യോഗവും സെമിനാരി സന്ദർശനവും നടത്തും.

സെപ്റ്റംബർ 23 രാവിലെ 10 മുതൽ താമരശ്ശേരി ബിഷപ്സ് ഹൗസിൽ വിരമിച്ച ഉദ്യോഗസ്ഥർക്കായുള്ള സംഗമം നടക്കും. താമരശ്ശേരി രൂപതാംഗങ്ങളായ അധ്യാപകരല്ലാത്ത വിരമിച്ച സർക്കാർ ഉദ്യോഗസ്ഥർക്കായാണ് സംഗമം നടത്തുന്നത്. വിരമിച്ച ഹെഡ്മാസ്റ്റർമാർക്കും പ്രിൻസിപ്പൽമാർക്കും സംഗമത്തിൽ പങ്കെടുക്കാം. വിരമിച്ച അധ്യാപകർക്കായുള്ള സംഗമം പിന്നീട് നടത്തും.

കർഷ പ്രതിനിധി സംഗമം സെപ്റ്റംബർ 29-ന് രാവിലെ 10 മുതൽ താമരശ്ശേരി ബിഷപ്സ് ഹൗസിൽ നടക്കും. ഒരു ഇടവകയിൽ നിന്ന് മൂന്നു പേർക്ക് പങ്കെടുക്കാം. വന്യമൃഗശല്യം പോലെയുള്ള സങ്കീർണമായ പ്രശ്നങ്ങൾക്ക് ശാശ്വത പരിഹാരം കണ്ടെത്താനും സമ്മർദ്ദശക്തിയായി അവകാശങ്ങൾ നേടിയെടുക്കാനും ശാസ്ത്ര- സാങ്കേതിക മേഖലയിലെ സാധ്യതകൾ പ്രയോജനപ്പെടുത്തി കാർഷികവൃത്തിയെ പുത്തൻതലങ്ങളിലേക്ക് കൊണ്ടുപോകാനുള്ള ചർച്ചകൾക്ക് തുടക്കമിടാനും സംഗമത്തിലൂടെ ലക്ഷ്യമിടുന്നു. സംഗമങ്ങൾക്ക് ഫാ. സായി പാറൻകുളങ്ങര നേതൃത്വം നൽകും.

### ചെറുപുഷ്പ മിഷൻലീഗ്

റൂബി ജൂബിലിയുടെ ഭാഗമായി ഒക്ടോബർ മിഷൻ പ്രവർത്തനങ്ങളോടെ ആചരിക്കും. ജൂബിലി മിഷൻ റോസറി (ഒക്ടോബർ ഒന്നു മുതൽ അഞ്ച് വരെ), ജൂബിലി പ്രസംഗ മത്സരം (ഒക്ടോബർ 12), മെഗാ ഗൂഗിൾ മീറ്റ് (ഒക്ടോബർ 19), ജൂബിലി ക്വിസ് മത്സരം (ഒക്ടോബർ 26), ഓർമ്മച്ചെപ്പ് (40 വർഷത്തെ ഓർമ്മകൾ പങ്കിടുന്ന അഭിമുഖം) എന്നിവയാണ് ഒക്ടോബറിൽ നടത്തുന്ന പരിപാടികൾ.

മലബാറിൽ ആദ്യമായി 1951 ജൂൺ ഒന്നിന് കണ്ണോത്തും നവംബറിൽ തിരുവമ്പാടിയിലുമാണ് ചെറുപുഷ്പ മിഷൻലീഗിന്റെ ശാഖകൾ തുടങ്ങിയത്. 1986-ൽ താമരശ്ശേരി രൂപത സ്ഥാപിതമാകുമ്പോൾ ആറു മേഖലകളിലായി മിഷൻ ലീഗിന്റെ പ്രവർത്തനം തുടങ്ങി. പുതിയ രൂപതയിൽ മിഷൻ ലീഗിന്റെ രൂപവും ഭാവവും വന്നത് 1986 ഒക്ടോബറിൽ ഫാ. വിൻസെന്റ് ഏഴാനിക്കാട്ടിന്റ നേതൃത്വത്തിൽ പുതിയ കമ്മറ്റി രൂപപ്പെട്ടതോടെയാണ്.

നിലവിൽ 11 മേഖലകളിലെ 123 ശാഖകളിലായി പന്ത്രണ്ടായിരത്തിൽ അധികം സജീവ അംഗങ്ങൾ സംഘടനയിൽ പ്രവർത്തിക്കുന്നു. ചെറുപുഷ്പ മിഷൻലീഗ് രൂപതാ ഡയറക്ടർ ഫാ. ജോർജ് വെള്ളാരംകാലായിൽ മിഷൻമാസ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകും.

# യുവജന മാസം വിപുലമായി ആഘോഷിച്ച് കെസിവൈഎം



കൂടരഞ്ഞി ഇടവകയിൽ സംഘടിപ്പിച്ച 'കൂടെ' പരിപാടിയിൽ പങ്കെടുത്തവർ കെസിവൈഎം രൂപതാ ഡയറക്ടർ ഫാ. ജോബിൻ തെക്കേക്കരമറ്റം, ഫാ. ജ്യോതിസ് ചെറുശ്ശേരിൽ എന്നിവർക്കൊപ്പം

റൂബി ജൂബിലിയുടെ ഭാഗമായി വിപുലമായ പരിപാടികളോടെ ജൂലൈ യുവജന മാസമായി ആചരിച്ചു. കെസിവൈഎം രൂപതാ സമിതി യുവജന മാസാചരണത്തിന് നേതൃത്വം നൽകി. ജൂലൈ ആറിന് യുവജന ഞായർ ആചരണത്തോടെ ആഘോഷ പരിപാടികൾക്ക് തുടക്കമായി. പുതുതായി യുവജന സംഘടനയിലേക്ക് കടന്നു വന്ന അംഗങ്ങളെ യൂണിറ്റ് സമിതികളുടെ നേതൃത്വത്തിൽ തിരികൾ തെളിച്ച് സ്വീകരിച്ചു. യൂണിറ്റുകളിൽ യുവജന സംഗമങ്ങൾ നടന്നു. യുവജന ഞായർ ആഘോഷത്തിന്റെ രൂപതാതല ഉദ്ഘാടനം താമരശ്ശേരി, കുളിരാമുട്ടി യൂണിറ്റുകളിൽ നടന്നു. താമരശ്ശേരി മേരി മാതാ കത്തീഡ്രലിൽ രൂപതാ ഡയറക്ടർ ഫാ. ജോബിൻ തെക്കേക്കരമറ്റത്തിലും കുളിരാമുട്ടി മാർ സ്ലീവാ പള്ളിയിൽ രൂപതാ പ്രസിഡന്റ് റിച്ചാൾഡ് ജോണും യുവജന ഞായർ പരിപാടികൾക്ക് നേതൃത്വം നൽകി.

ഇടവകയിലെ വൈദികരും സന്യസ്തരും യുവജനങ്ങളും ഒത്തുചേരുന്ന 'പള്ളിമുറ്റം' എന്ന് പേരിട്ട സംഗമം ഇടവകകളിൽ നടന്നു. കൂടരഞ്ഞി സെന്റ് സെബാസ്റ്റ്യൻസ് യൂണിറ്റിന്റെ നേതൃത്വത്തിൽ 'കൂടെ' എന്ന പേരിൽ യുവജന സംഗമംനടത്തി. താമരശ്ശേരി, കാറ്റുള്ളമല, വേനപ്പാറ ഇടവകകളിൽ 'പള്ളിമുറ്റം' മാതൃക കൂട്ടായ്മകൾ സംഘടിപ്പിച്ചു.

'നമ്മൾ' എന്ന് പേര് നൽകിയ കെസിവൈഎം മുൻകാല ഭാരവാഹികളുടെ സംഗമം താമരശ്ശേരി ബിഷപ്സ് ഹൗസ് ഓഡിറ്റോറിയത്തിൽ നടത്തി. കഴിഞ്ഞ 37 വർഷക്കാലത്തെ 92 രൂപതാ സമിതി അംഗങ്ങൾ പങ്കെടുത്തു. ബിഷപ് മാർ റെമീജിയോസ് ഇഞ്ചനാനിയിൽ സംഗമം ഉദ്ഘാടനം ചെയ്തു. മുൻകാല പ്രവർത്തകരെ ബിഷപ് ആദരിച്ചു. മുതിർന്ന അംഗങ്ങൾ പഴയകാല ഓർമകൾ പങ്കുവച്ചു.

# ആത്മീയ ശോഭയിൽ വിശ്വാസ പരിപോഷണ മാസം

വിശ്വാസ പരിശീലന കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ വിവിധ പരിപാടികളോടെ ആഗസ്റ്റ് വിശ്വാസ പരിപോഷണ മാസമായി ആചരിച്ചു. യൂക്കരിസ്റ്റിക്ക് സർക്കിൾ എന്ന പേരിൽ രൂപതയിലെ എല്ലാ വിശ്വാസപരിശീലകരും ആഗസ്റ്റിലെ ആദ്യ വെള്ളിയാഴ്ച വൈകിട്ട് ഒരു മണിക്കൂർ ദിവ്യകാരുണ്യ ആരാധന നടത്തി. മരിയൻ സ്കൂൾ എന്ന പേരിൽ വിശ്വാസ പരിശീലകർ മരിയൻ വിശ്വാസ സത്യങ്ങൾ പഠന വിഷയമാക്കി ക്ലാസുകളും ചർച്ചകളും നടത്തി. ദൈവമാതൃത്വം, നിത്യകന്യകാത്വം, സ്വർഗ്ഗാരോപണം എന്നീ വിഷയങ്ങളാണ് മരിയൻ സ്കൂളിൽ ചർച്ച ചെയ്തത്. മതബോധന പ്രധാനാധ്യാപകരുടെ സംഗമം വിശ്വാസ പരിപോഷണ മാസത്തിന്റെ ഭാഗമായി നടത്തി.

വിശ്വാസം പരിശീലിക്കുന്ന കുട്ടികൾക്കും അവരുടെ മാതാപിതാക്കൾക്കുമായി രൂപതാതലത്തിൽ നടത്തിയ 'ഡോമോസ്' ഓൺലൈൻ ഫാമിലി ക്വിസിൽ ഷിന്റോ ജോസ് കപ്പ്യാരുമലയിൽ (കണ്ണോത്ത്) ഒന്നാം സ്ഥാനം നേടി. ജോൺസൺ ജോർജ് പള്ളിക്കാമ്യാലിൽ (മുക്കം), ആൻലിയ മെഴുകനാൽ (കണ്ണോത്ത്) എന്നിവർ രണ്ടും മൂന്നും സ്ഥാനങ്ങൾ കരസ്ഥമാക്കി. 2024-25 വിശ്വാസ പരിശീലന വർഷത്തിൽ ഒരു ദിവസം പോലും വിശുദ്ധ കുർബാന മുടക്കാതെ എല്ലാദിവസവും ദിവ്യബലിയിൽ പങ്കെടുത്ത കുട്ടികളുടെ രൂപതാതല സംഗമം യൂക്കരിസ്റ്റിക് ആർമി എന്ന പേരിൽ നടത്തി.

വിശുദ്ധ കുർബാനയെക്കുറിച്ച് കുട്ടികളിൽ ആഴത്തിൽ ബോധ്യങ്ങൾ നൽകുകയെന്ന ലക്ഷ്യത്തോടെ ഗ്രേസ് ഫെസ്റ്റ് എന്ന പേരിൽ ഏകദിന വിശ്വാസോത്സവം ഇടവകകളിൽ നടത്തി. വിശ്വാസ പരിശീലന കേന്ദ്രം രൂപതാ ഡയറക്ടർ ഫാ. രാജേഷ് പള്ളിക്കാവയലിൽ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകി.



**ഇവർ ജേതാക്കൾ:** 'ഡോമോസ്' ഓൺലൈൻ ഫാമിലി ക്വിസിലെ ആദ്യ മൂന്ന് സ്ഥാനക്കാർ- 1. ഷിന്റോ ജോസ് കപ്പ്യാരുമലയിൽ (കണ്ണോത്ത്), 2.ജോൺസൺ ജോർജ് പള്ളിക്കാമ്യാലിൽ (മുക്കം), 3. ആൻലിയ മെഴുകനാൽ (കണ്ണോത്ത്)

## നേട്ടം



● എംജി യൂണിവേഴ്സിറ്റിയിൽ നിന്ന് എംഎ സിനിമ & ടെലിവിഷനിൽ അഞ്ചാം റാങ്കും ഡ്രോൺ പൈലറ്റ് ട്രെയ്നിങ് സർട്ടിഫിക്കറ്റും കരസ്ഥമാക്കിയ ഫാ. ലിൻസ് മുണ്ടക്കൽ. താമരശ്ശേരി രൂപതയുടെ കമ്മ്യൂണിക്കേഷൻ മീഡിയ അസി. ഡയറക്ടറും കൂമുള്ളി ലിറ്റിൽ ഫ്ളവർ ചർച്ച് വികാരിയുമാണ്.



● തിരുവനന്തപുരം ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസ് എഡ്യുക്കേഷൻ ആന്റ് റിസർച്ചിൽ (IISER) നിന്നും ഫിസിക്സിൽ ഡോക്ടറേറ്റ് നേടിയ ആൽവിൻ ജോസഫ്. പുല്ലൂരാംപാറ തടിയിൽ ജോസഫിന്റെയും മേരിക്കുട്ടിടെയും മകനാണ്.




● കത്തോലിക്ക കോൺഗ്രസ് സംസ്ഥാന സെക്രട്ടറിയും ഇൻഫാം ജില്ലാ പ്രസിഡന്റും താമരശേരി രൂപത പാസ്റ്ററൽ കൗൺസിൽ അംഗവുമായിരുന്ന ബേബി പെരുമാലിയുടെ സ്മരണാർഥം തിരുവമ്പാടി സേക്രഡ് ഹാർട്ട് ഫൊറോന പള്ളി ഏർപ്പെടുത്തിയ കർഷക അവാർഡ് നേടിയ പുല്ലൂരാംപാറ കണ്ടത്തിൻതൊടുകയിൽ സിജോ ജോസഫ്.



● തൃശൂർ ജില്ലാ അത്‌ലറ്റിക്സ് ചാമ്പ്യൻഷിപ്പിൽ 20 വയസിനു താഴെയുള്ള ആൺകുട്ടികളുടെ 5000 മീറ്റർ, 3000 മീറ്റർ ഓട്ടമത്സരത്തിൽ റെക്കോഡോടെ ഒന്നാം സ്ഥാനം നേടിയ ബിറ്റോ ജോസഫ് ഉദയർത്തല. കൂടരഞ്ഞി ഇടവകാംഗമാണ്.

## പുസ്തക പരിചയം

### Five Loaves and Two Fish



● സിസ്റ്റർ റോസിലി ജോൺ കൊല്ലക്കൊമ്പിൽ തന്റെ ആത്മീയ യാത്രയിലെ അനുഭവങ്ങൾ മനോഹരമായി വിവരിക്കുന്ന ഗ്രന്ഥം. ഒറ്റയിരിപ്പിനു വായിച്ചു പോകാവുന്ന ലളിതമായ ഭാഷ. സോഫിയ ബുക്സ് പ്രസിദ്ധീകരിച്ചിരിക്കുന്നു.
വില 180 രൂപ.

### താമരശ്ശേരി രൂപതയ്ക്ക് പുതിയ യൂട്യൂബ് ചാനൽ

● താമരശ്ശേരി രൂപതയുടെ പുതിയ യൂട്യൂബ് ചാനലായ Media Commission Thamarassery സബ്സ്ക്രൈബ് ചെയ്യുവാൻ മുകളിൽ നൽകിയിരിക്കുന്ന ക്യൂആർ കോഡ് സ്കാൻ ചെയ്യൂ.

# മൂല്യാധിഷ്ഠിത വിദ്യാഭ്യാസത്തിന് 'സ്റ്റാർട്ട്' മാതൃക

**താമരശ്ശേരി രൂപതയുടെ ഉന്നത വിദ്യാഭ്യാസ സ്ഥാപനമായ സ്റ്റാർട്ട് (സെന്റ് തോമസ് അക്കാദമി ഫോർ റിസർച്ച് ആൻഡ് ട്രെയിനിങ്) അക്കാദമിയുടെ ഇരുപതാമത് (2025 – 26) അധ്യയന വർഷം ഉദ്ഘാടനം ചെയ്തു**

**കോഴിക്കോട്** ● മൂല്യാധിഷ്ഠിത വിദ്യാഭ്യാസം പുതിയ തലമുറയെ ഉത്തരവാദിത്തബോധമുള്ള പൗരന്മാരായി രൂപപ്പെടുത്തുന്നുവെന്നും സ്റ്റാർട്ട് അക്കാദമി ഇതിന്റെ ഉജ്ജ്വല മാതൃകയാണെന്നും ബിഷപ് മാർ റെമീജിയോസ് ഇഞ്ചനാനിയിൽ.

താമരശ്ശേരി രൂപതയുടെ ഉന്നത വിദ്യാഭ്യാസ സ്ഥാപനമായ സ്റ്റാർട്ട് (സെന്റ് തോമസ് അക്കാദമി ഫോർ റിസർച്ച് ആൻഡ് ട്രെയിനിങ്) അക്കാദമിയുടെ ഇരുപതാമത് (2025–26) അധ്യയന വർഷം ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു ബിഷപ്.

സ്റ്റാർട്ട് ഡയറക്ടർ റവ. ഡോ. സുബിൻ കിഴക്കേവീട്ടിൽ സ്വാഗതം ആശംസിച്ചു. സ്റ്റാർട്ടിന്റെ വിവിധ കോഴ്സുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾ ആത്മവിശ്വാസം, വ്യക്തിത്വവികാസം, ആത്മാന്വേഷണം, ഭാവിയിലേക്കുള്ള പദ്ധതികൾ തുടങ്ങിയ വിഷയങ്ങളിൽ ചിന്തകൾ പങ്കുവെച്ചു.



സ്റ്റാർട്ട് അക്കാദമിയുടെ ഇരുപതാമത് (2025–26) അധ്യയന വർഷം ബിഷപ് മാർ റെമീജിയോസ് ഇഞ്ചനാനിയിൽ ഉദ്ഘാടനം ചെയ്യുന്നു

പരീക്ഷകളിൽ ഉന്നത വിജയം നേടിയ ക്രിസ്റ്റോ എം. ഷാജി, എഞ്ചൽ മരിയ അജു, ഐറിൻ മരിയ എലിസബത്ത്, വിഷ്ണുമായ, ജോയൽ മനോജ്, ജോസിൻ ജെയിംസ്, ആന്റോണിയോ ജോസഫ് എന്നീ വിദ്യാർത്ഥികളെ ആദരിച്ചു.

AI & Python കോഴ്സിന്റെ നാലാം പതിപ്പ് ബിഷപ്പിന്റെ സാന്നിധ്യത്തിൽ തുടക്കമായി. ദീപിക റസിഡന്റ് മാനേജർ ഫാ. ഷെറിൻ പുത്തൻപുരക്കൽ, കമ്മ്യൂണിക്കേഷൻ മീഡിയ ഡയറക്ടർ ഫാ. സിബി കുഴിവേലിൽ എന്നിവർ പ്രസംഗിച്ചു.

### പ്രാർത്ഥനയോടെ...



താമരശ്ശേരി രൂപതയുടെ റൂബി ജൂബിലി വർഷത്തിൽ ബിഷപ് മാർ റെമീജിയോസ് ഇഞ്ചനാനിയിലിന്റെ നേതൃത്വത്തിൽ നടന്ന ഭരണങ്ങാനം തീർത്ഥാടനം. നാൽപ്പതോളം രൂപതാ വൈദികരും നിരവധി സന്യസ്തരും അഞ്ഞൂറിലധികം വിശ്വാസികളും തീർത്ഥാടനത്തിൽ പങ്കെടുത്തു.

# പാലിയേറ്റീവ് പ്രവർത്തകർ യേശുവിന്റെ പ്രതിനിധികൾ: ബിഷപ് ഇഞ്ചനാനിയിൽ



സെന്റ് അൽഫോൻസ പാലിയേറ്റീവ് ആന്റ് ജെറിയാട്രിക് കെയറിന്റെ വാർഷിക സമ്മേളനം ബിഷപ് മാർ റെമീജിയോസ് ഇഞ്ചനാനിയിൽ ഉദ്ഘാടനം ചെയ്യുന്നു

**കോഴിക്കോട്** ● വേദന അനുഭവിക്കുന്നവർക്ക് ആശ്വാസം പകരുന്ന പാലിയേറ്റീവ് പ്രവർത്തകർ ക്രിസ്തുവിനെയാണ് പ്രതിനിദാനം ചെയ്യുന്നതെന്നും പ്രതിഫലമില്ലാതെ അവർ ചെയ്യുന്ന പ്രവൃത്തികൾക്ക് ഊർജമാകുന്നത് ദൈവ സ്നേഹത്തിലുള്ള തീക്ഷ്ണതയാണെന്നും ബിഷപ് മാർ റെമീജിയോസ് ഇഞ്ചനാനിയിൽ. മേരിക്കുന്ന് പിഎംഒസിയിൽ നടന്ന സെന്റ് അൽഫോൻസ പാലിയേറ്റീവ് ആന്റ് ജെറിയാട്രിക് കെയറിന്റെ വാർഷിക സമ്മേളനം ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു ബിഷപ്. ഡയറക്ടർ ഫാ. മാത്യു കുളത്തിങ്കൽ അധ്യക്ഷത വഹിച്ചു. പിഎംഒസി ഡയറക്ടർ ഫാ. റോയി തേക്കുംകാട്ടിൽ, മാത്യു തേരകം, ടി. ഒ. ജോൺ എന്നിവർ പ്രസംഗിച്ചു.

പാലിയേറ്റീവ് കെയർ സംസ്ഥാന കൺവീനർ എം. ജി. പ്രവീൺ ക്ലാസുകൾക്ക് നേതൃത്വം നൽകി. കെ. ജെ. ജയ്സൺ കന്നുകുഴിയിലിനെ ചടങ്ങിൽ ആദരിച്ചു.

# 'മാലാഖാകുഞ്ഞുങ്ങ'ളുടെ മെഗാ സംഗമം

**പുല്ലൂരാംപാറ** ● റൂബി ജൂബിലി ആഘോഷങ്ങളുടെ ഭാഗമായി ചെറുപുഷ്പ മിഷൻലീഗിന്റെ നേതൃത്വത്തിൽ ഈ വർഷം പ്രഥമ ദിവ്യകാരുണ്യം സ്വീകരിച്ച കുട്ടികളുടെ സംഗമം 'ഏയ്ഞ്ചൽസ് മീറ്റ്' പുല്ലൂരാംപാറ ബഥാനിയായിൽ നടത്തി. ബിഷപ് മാർ റെമീജിയോസ് ഇഞ്ചനാനിയിൽ ഉദ്ഘാടനം ചെയ്തു. ഈശോ സ്നേഹമാണെന്നും ഈശോയെ സ്നേഹിച്ചാൽ നമ്മളും സ്നേഹമായി തീരുമെന്നും ബിഷപ് പറഞ്ഞു. ജിനോ തറപ്പുതൊട്ടിയിൽ അധ്യക്ഷത വഹിച്ചു. വികാരി ജനറൽ മോൺ. അബ്രഹാം വയലിൽ അനുഗ്രഹ പ്രഭാഷണം നടത്തി. സിഎംഎൽ സംസ്ഥാന പ്രസിഡന്റ് രഞ്ജിത്ത് മുതുപ്ലാക്കൽ മുഖ്യപ്രഭാഷണം നടത്തി. സിഎംഎൽ ഡയറക്ടർ ഫാ. ജോർജ് വെള്ളാരംകാലായിൽ, ക്രിസ് ബി. ഫ്രാൻസിസ്, ബാബു ചെട്ടിപ്പറമ്പിൽ, ജിന്റോ തകിടിയേൽ, ആൻലിയ തെരേസ്, അരുൺ ജോസഫ് കണ്ടത്തിൽ എന്നിവർ പ്രസംഗിച്ചു. തിരുബാല സഖ്യം ആന്തവും രൂപതയെ അറിയാൻ, സ്നേഹിക്കാൻ എന്ന പുസ്തകവും ചടങ്ങിൽ പ്രകാശനം ചെയ്തു. സിഎംഎൽ രൂപത മാനേജിങ് കമ്മിറ്റിയും വൈസ് ഡയറക്ടേഴ്സ്, ഓർഗനൈസേഴ്സ് സംഗമവും തിരുബാല സഖ്യം ആനിമേറ്റർമാരുടെ യോഗവും ഇതോടനുബന്ധിച്ച് നടത്തിയിരുന്നു.


## മലബാർ വിഷൻ മാട്രിമോണിയൽ

**വധുവിനെ അന്വേഷിക്കുന്നു**

താമരശ്ശേരി രൂപതാംഗമായ യുവാവ്, 29 വയസ്, 163 cm ഉയരം, MCA, IT Professional Working with TCS, Kochi. അനുയോജ്യമായ വിവാഹാലോചനകൾ ക്ഷണിക്കുന്നു. സാമ്പത്തികം പ്രശ്നമല്ല. ജോലി അഭികാമ്യം.
ഫോൺ: 9497865875

**വരനെ അന്വേഷിക്കുന്നു**

താമരശ്ശേരി രൂപതാംഗമായ യുവതി, 26 വയസ്, 150 cm ഉയരം, MSc in Climate Change & Adaptation. ബംഗളൂരുവിൽ പ്രോജക്ട് അസോസിയേറ്റ് (താൽക്കാലികം). അനുയോജ്യമായ വിവാഹാലോചനകൾ ക്ഷണിക്കുന്നു.
ഫോൺ: 7510881117

**വരനെ അന്വേഷിക്കുന്നു**



താമരശ്ശേരി രൂപതാംഗമായ യുവതി, 28 വയസ്, 159 cm ഉയരം, വെളുത്ത നിറം, BSc Nurse in Saudi Arabia, അനുയോജ്യമായ വിവാഹ ആലോചനകൾ ക്ഷണിക്കുന്നു.
ഫോൺ–9048672810

# വന്യമൃഗശല്യം വലിയ ദുരന്തം, അടിയന്തര ഇടപെടൽ വേണം: രൂപത പാസ്റ്ററൽ കൗൺസിൽ

**വന്യമൃഗശല്യംമൂലമുള്ള കൃഷി നഷ്ടം പഠിക്കാൻ കമ്മീഷനെ നിയമിക്കണം. നഷ്ട പരിഹാരം സമയബന്ധിതമായി നൽകണം.**



താമരശ്ശേരി രൂപതയുടെ പന്ത്രണ്ടാം പാസ്റ്ററൽ കൗൺസിലിന്റെ നാലാം സമ്മേളനം ബിഷപ് മാർ റെമീജിയോസ് ഇഞ്ചനാനിയിൽ ഉദ്ഘാടനം ചെയ്യുന്നു

**താമരശ്ശേരി** ● മലയോര മേഖലയിൽ രൂക്ഷമായിരിക്കുന്ന വന്യമൃഗശല്യത്തിന് അടിയന്തര പരിഹാരം കാണുവാൻ സർക്കാർതലത്തിലും ഉദ്യോഗസ്ഥതലത്തിലും കാര്യക്ഷമമായ നടപടികൾ ഉണ്ടാകണമെന്ന് താമരശ്ശേരി രൂപത പാസ്റ്ററൽ കൗൺസിൽ പ്രമേയത്തിലൂടെ ആവശ്യപ്പെട്ടു. നിരവധിപേർ കൊല്ലപ്പെടുകയും നൂറുകണക്കിനാളുകൾക്ക് പരുക്കേൽക്കുകയും വ്യാപകമായി കൃഷി നശിക്കുകയും ചെയ്യുന്നത് നിസ്സാരവൽക്കരിക്കുന്ന അധികൃതരുടെ നടപടിയിൽ യോഗം ഉത്കണ്ഠയും പ്രതിഷേധവും രേഖപ്പെടുത്തി. വന്യമൃഗങ്ങളെ ഉപയോഗിച്ച് മലയോര മേഖലയിലെ മനുഷ്യരെ കുടിയിറക്കാനുള്ള അപ്രഖ്യാപിത നീക്കത്തിന്റെ ഭാഗമാണോ ഇതെന്ന് സംശയിക്കേണ്ട സാഹചര്യമാണ് നിലവിലുള്ളതെന്ന് പ്രമേയം കുറ്റപ്പെടുത്തുന്നു.

താമരശ്ശേരി രൂപതയുടെ പന്ത്രണ്ടാം പാസ്റ്ററൽ കൗൺസിലിന്റെ നാലാം സമ്മേളനം രൂപതാ ഭവനിൽ ബിഷപ് മാർ റെമീജിയോസ് ഇഞ്ചനാനിയിൽ ഉദ്ഘാടനം ചെയ്തു. വലിയ പ്രതിസന്ധികളിലൂടെയാണ് മലയോര കാർഷിക മേഖല കടന്നുപോകുന്നതെന്നും ഇതിന് സത്വരമായ പരിഹാരം കാണുവാൻ ഭരണകർത്താക്കളും ഉദ്യോഗസ്ഥരും ശ്രമിക്കണമെന്നും ബിഷപ് ആവശ്യപ്പെട്ടു.

പാസ്റ്ററൽ കൗൺസിൽ അംഗം തോമസ് വലിയപറമ്പൻ പ്രമേയം അവതരിപ്പിച്ചു. വന്യമൃഗശല്യംമൂലം മലയോര മേഖലയിൽ കൃഷി ചെയ്യുന്നതിനും വിളവെടുക്കുന്നതിനും സാധിക്കാത്ത അവസ്ഥയുണ്ട്. വന്യമൃഗ ആക്രമണത്തിൽ മരണം സംഭവിക്കുന്ന കുടുംബങ്ങൾക്ക് മതിയായ നഷ്ടപരിഹാരം നൽകുകയും കൃഷിനാശത്തിന് മൂന്ന് മാസത്തിനുള്ളിൽ അർഹിക്കുന്ന നഷ്ടപരിഹാരം നൽകുകയും വേണം. കൃഷിഭൂമിയിലേക്ക് വന്യമൃഗങ്ങൾ ഇറങ്ങാതിരിക്കുവാൻ ഹാങ്ങിങ് ഫെൻസിങ് പോലുള്ള ഫലപ്രദമായ നടപടികൾ സ്വീകരിക്കുകയും തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി ഇതിന്റെ തുടർ സംരക്ഷണം ഉറപ്പാക്കുകയും വേണം. വന്യമൃഗശല്യംമൂലം കാർഷിക മേഖലയിൽ ഉണ്ടായ നഷ്ടം വിലയിരുത്തുന്നതിന് കമ്മീഷനെ നിയമിക്കണം. അമിതമായി പെറ്റുപെരുകുന്ന കാട്ടുപന്നി ഉൾപ്പെടെയുള്ള ജീവികളെ നിശ്ചിത കാലത്തേക്ക് കൊല്ലുന്നതിനും അതിന്റെ മാംസം ഫലപ്രദമായി ഉപയോഗിക്കുന്നതിനും തീരുമാനം എടുക്കണം. വന്യമൃഗശല്യം കാർഷിക മേഖലയിലെ വലിയ ദുരന്തം ആണെന്ന തിരിച്ചറിവോടെ ഫലപ്രദമായ നടപടി വേണമെന്ന് യോഗം പ്രമേയത്തിലൂടെ കേന്ദ്ര-സംസ്ഥാന സർക്കാരുകളോട് ആവശ്യപ്പെട്ടു.

മലബാർ കുടിയേറ്റ ശതാബ്ദി ചരിത്രവും പ്രാധാന്യവും എന്ന വിഷയത്തിൽ ഫാ. ഡോ. മാത്യു കൊച്ചാടം പള്ളിയിൽ ക്ലാസെടുത്തു. മലബാർ കുടിയേറ്റം ശതാബ്ദി വർഷത്തിലേക്ക് കടക്കുന്ന ഈ സാഹചര്യത്തിൽ ചരിത്രത്തിന്റെ ഏടുകൾ പുതുതലമുറയ്ക്ക് പകർന്നു കൊടുക്കുവാൻ കൂട്ടായ ശ്രമം വേണമെന്ന് അദ്ദേഹം പറഞ്ഞു.

രൂപത വികാരി ജനറൽ മോൺ. അബ്രഹാം വയലിൽ, രൂപത ചാൻസലർ ഫാ. സെബാസ്റ്റ്യൻ കാവളക്കാട്ട്, പാസ്റ്ററൽ കൗൺസിൽ സെക്രട്ടറി ബെന്നി ലൂക്കോസ്, അഡ്വ. ബീന ജോസ്, തോമസ് വലിയപറമ്പിൽ എന്നിവർ പ്രസംഗിച്ചു.

# സൗരവേലിയില്ല, സാരിവേലി കെട്ടി കത്തോലിക്കാ കോൺഗ്രസ്



നിലമ്പൂരിൽ നടത്തിയ സാരിവേലി സമരത്തിൽ നിന്ന്

● രൂക്ഷമായ വന്യമൃഗശല്യത്തിനും മനുഷ്യാവകാശ ലംഘനങ്ങൾക്കും ഭരണകൂടനിസംഗതക്കുമെതിരെ താമരശേരി രൂപതാ കത്തോലിക്ക കോൺഗ്രസിന്റെ നേതൃത്വത്തിൽ 'ഞങ്ങൾക്കും ഇവിടെ ജീവിക്കണം' എന്ന മുദ്രാവാക്യം ഉയർത്തി പെരുവണ്ണാമൂഴി, താമരശ്ശേരി, നിലമ്പൂർ ഫോറസ്റ്റ് ഓഫീസുകളിൽ സാരിവേലി കെട്ടി സമരം നടത്തി. ആയിരങ്ങൾ അണിചേർന്നു.

താമരശ്ശേരി ഫോറസ്റ്റ് റേഞ്ച് ഓഫീസിലേക്കു നടന്ന പ്രതിഷേധ റാലിയും സാരിവേലി സമരവും ബിഷപ് മാർ റെമീജിയോസ് ഇഞ്ചനാനിയിൽ ഉദ്ഘാടനം ചെയ്തു. കത്തോലിക്കാ കോൺഗ്രസ് രൂപതാ ഡയറക്ടർ ഫാ. സബിൻ തൂമുള്ളി അധ്യക്ഷത വഹിച്ചു.

പെരുവണ്ണാമൂഴി ഫോറസ്റ്റ് റേഞ്ച് ഓഫീസിലേക്കു നടന്ന റാലിയും സമരവും വികാരി ജനറൽ മോൺ. അബ്രഹാം വയലിൽ ഉദ്ഘാടനം ചെയ്തു. കൂരാച്ചുണ്ട് ഫൊറോന വികാരി ഫാ. വിൻസന്റ് കണ്ടത്തിൽ അധ്യക്ഷത വഹിച്ചു.

നിലമ്പൂർ വനം ഡിവിഷൻ ഓഫീസിലേക്ക് നടന്ന റാലിയും സമരവും പെരിന്തൽമണ്ണ ഫൊറോന വികാരി ഫാ. ആന്റണി കാരിക്കുന്നേൽ ഉദ്ഘാടനം ചെയ്തു. സാരിവേലികെട്ടൽ മരിയാപുരം ഫാത്തിമ മാതാ ഫൊറോന എപ്പിസ്ക്കോപ്പൽ വികാരി ഫാ. സണ്ണി കളപ്പുരയ്ക്കൽ നിർവഹിച്ചു. ഡോ. ചാക്കോ കാളംപറമ്പിൽ അധ്യക്ഷത വഹിച്ചു.

## സാരിവേലി സമരത്തിൽ പ്രതിഷേധമിരമ്പി

### ഇനി ജയിൽ നിറയ്ക്കൽ സമരം



"വന്യമൃഗ ആക്രമണത്തിൽ ഇനിയൊരു മനുഷ്യജീവൻ പൊലിഞ്ഞാൽ ജയിൽ നിറയ്ക്കൽ സമരം നടത്തും. ഇത് അതിജീവനത്തിനു വേണ്ടിയുള്ള പോരാട്ടമാണ്. സൗരവേലി നിർമിക്കും എന്ന വാക്ക് വനം മന്ത്രി പാലിച്ചില്ലെങ്കിൽ പ്രതിഷേധം ശക്തമാക്കും."

-ബിഷപ് മാർ റെമീജിയോസ് ഇഞ്ചനാനിയിൽ

### ജീവിക്കാനായുള്ള സമരം



"ഈ സാരിവേലിക്കൊപ്പം കർഷകർ മനസിൽ ഇരുമ്പുകമ്പികൊണ്ടൊരു വേലികൂടി പണിയും. കർഷകരുടെ ആവശ്യങ്ങൾക്കു നേരെ മുഖംതിരിക്കുന്ന രാഷ്ട്രീയ പാർട്ടികൾ ആ വേലിക്ക് പുറത്താകും. മനുഷ്യരായി ജീവിക്കാനുള്ള അവകാശങ്ങൾക്കു വേണ്ടിയാണ് ഈ സമരം. "

-മോൺ. അബ്രഹാം വയലിൽ

### വനം മന്ത്രി നോക്കുകുത്തി



"വന്യമൃഗശല്യത്തെ രാഷ്ട്രീയ നേതൃത്വങ്ങൾ ഗൗനിക്കുന്നില്ല. തെരഞ്ഞെടുപ്പുകളിൽ ഇത്തരം വിഷയങ്ങൾ ചർച്ചചെയ്യപ്പെടുന്നില്ല. മറവി രോഗവും കാഴ്ചക്കുറവുമുള്ള വനം മന്ത്രി മലയോര ജനതയുടെ പ്രശ്നങ്ങൾ കാണുന്നില്ലേ?"

-ഫാ. സബിൻ തൂമുള്ളി

### വന്നതുപോലെ തിരിച്ചുപോകില്ല



"ഞങ്ങളുടെ കുടുംബത്തിലേക്കോ, കൃഷിയിടത്തിലേക്കോ ക്ഷണിക്കപ്പെടാതെ കടന്നു വരുന്നത് കാട്ടുപോത്തായാലും കാട്ടാനയായാലും കാട്ടുപന്നിയായാലും വന്നതുപോലെ തിരിച്ചു പോകില്ല. കാടിറങ്ങുന്ന കാട്ടാനകൾക്ക് ശർക്കരയൂട്ട് നടത്തി ഇനിയും മുന്നോട്ടുപോകാമെന്ന് ഫോറസ്റ്റ് ഉദ്യോഗസ്ഥർ വ്യാമോഹിക്കരുത്. "

-ഫാ. വിൻസെന്റ് കണ്ടത്തിൽ

### രാഷ്ട്രീയക്കാരുടെ സ്ഥാനം ഏറ്റെടുക്കും



"മലയോര ജനതയുടെ പ്രതിസന്ധികളിൽ രാഷ്ട്രീയക്കാർ സത്യസന്ധമായി ഇടപെടുന്നില്ലെങ്കിൽ, കത്തോലിക്ക കോൺഗ്രസ് രാഷ്ട്രീയക്കാരുടെ സ്ഥാനം ഏറ്റെടുക്കും."

-ട്രീസ ലിസ് സെബാസ്റ്റ്യൻ ഞരളക്കാട്ട്

### പരിഹാരം കാണുംവരെ സമരം



"വന്യമൃഗശല്യത്തിന് ശാശ്വത പരിഹാരം കാണുന്നതുവരെ ഞങ്ങൾ സമരരംഗത്തുണ്ടാകും. ഞങ്ങളുടെ പിതാമഹന്മാർ ഉപയോഗിച്ച ആയുധങ്ങൾ ഞങ്ങളുടെ കയ്യിൽ ഉണ്ടെന്ന് നിങ്ങൾ മറക്കരുത്."

-ചാക്കോ കാളാംപറമ്പിൽ

# ഫാം ടൂറിസം തുറക്കുന്ന സാധ്യതകൾ

**കൃഷിപാഠം**

ജെകെവി

**കുടിയേറ്റ കാലത്തെ അതേ സംഘശക്തിയും കൂട്ടായ്മകളും ഇടവകാതലത്തിൽ രൂപപ്പെടുത്താനായാൽ ഇത്തരം ഹോം സ്റ്റേകളും ഫാംടൂറിസം മേഖലകളും നമുക്ക് ഉപകാര പ്രദമാക്കി മാറ്റാനാകും. ഫാമുകളിൽനിന്നുള്ള വരുമാനത്തിനു പുറമേയുള്ള വരുമാനമാണ് ഫാം ടൂറിസം തുറക്കുന്നത്.**

ഫാം ടൂറിസത്തിന്റെ സാധ്യതകൾ മലയോരത്ത് പുത്തൻ ഉണർവ് സൃഷ്ടിക്കുന്നുണ്ട്. ഒരു നവീന സംരംഭമായി ഇതിനെ കാണാനും ആ രീതിയിൽ സമീപിക്കാനും കരുതലോടെ നടപ്പിലാക്കാനും സാധിച്ചാൽ ഏറെ സാമ്പത്തിക ലാഭം കൈവരുന്ന മേഖലയാണിത്. മലബാറിന്റെ കൃഷിത്തനിമയെ വളർത്താനും ടൂറിസ്റ്റുകൾക്കു മുന്നിൽ അവതരിപ്പിക്കാനും കഴിയണം. കൃഷിയിടങ്ങളിലൂടെ ഇറങ്ങിനടക്കാനും വിളവെടുക്കാനും കൃഷിരീതികൾ പരിചയപ്പെടാനുമുള്ള സൗകര്യങ്ങൾ ഒരുക്കണം. അതിനൊപ്പം തനതായ രുചി പരിചയപ്പെടുത്താൻ കൂടിക്കഴിഞ്ഞാൽ സന്ദർശകർ ഹാപ്പിയാകും.

എന്നാൽ എക്കാലത്തേയും പോലെ വലിയ റിസ്ക് എറ്റെടുക്കാനുള്ള മന:ശക്തി കുടിയേറ്റ ജനതയ്ക്ക് നഷ്ടപ്പെടുന്നുണ്ടോ എന്ന് സംശയിക്കണം. മുന്നിൽ എന്തെന്നു പോലും മനസ്സിലാക്കാതെ ഭാവിയിൽ എന്തായിത്തീരുമെന്നു തിരിച്ചറിയാതെ മനക്കരുത്ത് കൈമുതലാക്കി, അധ്വാന ശേഷി മുറുകെപ്പിടിച്ച് മലബാറിലേക്ക് കുടിയേറിയ പൂർവപിതാക്കന്മാരുടെ ഐക്യബലം എന്നോ എപ്പോഴോ നമുക്ക് നഷ്ടമായിരിക്കുന്നു. അക്കാലത്ത് സംഘശക്തിയുടെയും കൂട്ടായ്മയുടെയും മാത്രം പിൻബലത്തിൽ പഴയതലമുറ കെട്ടിപ്പടുത്ത സൗകര്യങ്ങളൊക്കെത്തന്നെയാണ് ഇന്നും നമുക്ക് ഊറ്റം കൊള്ളാനുള്ളത്.

വിദ്യാഭ്യാസ പുരോഗതിയുടെ പിൻബലത്തിൽ നേടിയെടുത്തതും വിദേശ പണത്തിന്റെ മേൻമയിൽ സ്വന്തമാക്കിയതാണ് ഇന്നത്തെ പുരോഗതി. കൃഷി മേഖലയിലെ തിരിച്ചടികൾ വിലയില്ലായ്മ വന്യമൃഗശല്യം നടുവൊടിക്കുന്ന നിയമങ്ങൾ തുടങ്ങിയവ വലിയ തോതിൽ മലയോര കർഷകരുടെ നിലനിൽപ് അവതാളത്തിലാക്കുന്നുണ്ട്. ഒരു കാലത്ത് നമ്മുടെ അഭിമാന കേന്ദ്രങ്ങളായിരുന്ന മലയോര മേഖലകൾ കുടിയിറക്കത്തിന്റെ മൂർധന്യാവസ്ഥയിലെത്തി നിൽക്കുന്നു. ആളൊഴിഞ്ഞു പോകുന്ന ഈ കൃഷിയിടങ്ങളും കിട്ടിയ വിലയ്ക്ക് വിറ്റൊഴിയിയുന്ന മണ്ണും സ്വന്തമാക്കാൻ നഗരകേന്ദ്രീകൃത ഭൂമാഫിയകൾ നടത്തുന്ന ശ്രമങ്ങൾ കണ്ടില്ലെന്നു നടിക്കുകയാണ് നമ്മൾ.

ഇത്തരത്തിൽ സ്വന്തമാക്കിയെടുക്കുന്ന മലമേഖലകളാണ് മണ്ണുമാന്തി യന്ത്രങ്ങളുടെ സഹായത്തോടെ ചെത്തിയൊരുക്കിയും ഇടിച്ചു നിരത്തിയും ഹോം സ്റ്റേകൾ ആക്കി മാറ്റുന്നത്.

കുടിയേറ്റ കാലത്തെ അതേ സംഘശക്തിയും കൂട്ടായ്മകളും ഇടവകാ തലത്തിൽ രൂപപ്പെടുത്താനായാൽ ഇത്തരം ഹോം സ്റ്റേകളും ഫാം ടൂറിസം മേഖലകളും നമുക്ക് ഉപകാര പ്രദമാക്കി മാറ്റാനാകും.

ഇടവകാ തലത്തിലും യൂണിറ്റ് തലത്തിലും രൂപപ്പെടുത്തുന്ന കൂട്ടായ്മകൾക്ക് സ്വന്തം മേഖലകളിൽ ഒന്നിച്ചുള്ള ഹോം സ്റ്റേ സൗകര്യങ്ങളെ ഉപയോഗപ്പെടുത്താൻ സാധിക്കും. ഇത്തരം കൂട്ടായമകൾക്ക് തന്നെ ഒന്നിച്ച് കൃഷിമേഖലകളെയും ഉപയോഗപ്പെടുത്താം.

രണ്ടോ മൂന്നോ കൃഷിയിടങ്ങളെ ഒരു ക്ലസ്റ്റർ ആക്കിക്കൊണ്ട് ജൈവ കൃഷി, മൽസ്യ കൃഷി, ഭക്ഷ്യ സംസ്കരണം തുടങ്ങിയവ ഒന്നിച്ച് നടത്താം. ഇതേയിടങ്ങളെ ഫാം ടൂറിസം ഡെസ്റ്റിനേഷനുകളുമാക്കാം.

ഉൽപന്നങ്ങൾ സംസ്കരിക്കാനും സംഭരിക്കാനുമുള്ള വെയർ ഹൗസുകളും സംഭരണ ശാലകളും ആരംഭിക്കാം. ഇത്തരം റജിസ്റ്റർ ചെയ്ത സംഘങ്ങൾക്കും സംരംഭങ്ങൾക്കും വലിയ തോതിൽ ധനസഹായ



വും തിരിച്ചടയ്ക്കേണ്ടതില്ലാത്ത സബ്സിഡിയും ലഭിക്കും

ഓരോ ഫാമിലും ഓരോ വിളകൾ, ചിലതിൽ മിശ്രവിളകൾ. സഞ്ചാരികൾക്ക് ഓരോ ഫാമിലുമെത്തി വിളകൾ തൊട്ടറിഞ്ഞും രുചിച്ചും നോക്കാൻ കഴിയണം, ഒപ്പം ആടിനെയും കോഴിയെയും അലങ്കാര മത്സ്യങ്ങളെയും കാണാനുള്ള വഴിയൊരുക്കണം. കൃഷി പഠിക്കേണ്ടവർക്ക് അതാകാം. വെറുതേ കണ്ടു മടങ്ങണമെങ്കിൽ അങ്ങനെയുമാകാം. മീൻ പിടിച്ചു പാകം ചെയ്തു കഴിച്ചും വെള്ളച്ചാട്ടവും പ്രകൃതി സൗന്ദര്യവും ഓഫ് റോഡ് ഡ്രൈവുമൊക്കെ ആഘോഷമാക്കാൻ സാധിക്കണം. ഫാമുകളിൽനിന്നുള്ള വരുമാനത്തിനു പുറമേയുള്ള വരുമാനമാണ് ഫാം ടൂറിസം തുറക്കുന്നത്.

കൃഷി വകുപ്പിന്റെ പിന്തുണ ലഭിച്ചതോടെ ഫാമുകൾക്ക് ഔദ്യോഗിക മുഖമായി. ഒരേ ബ്രാൻഡിങ്ങിലുള്ള ബോർഡുകളും സംവിധാനങ്ങളും കൃഷി വകുപ്പ് ഒരുക്കിത്തരുന്നുണ്ട്. അതു കൂടുതൽ പ്രഫഷനലാകാൻ സഹായിക്കും.

30–35 കിലോമീറ്ററിനുള്ളിൽ സഞ്ചാരികൾക്കു പുതിയൊരു അനുഭവം തൊട്ടറിഞ്ഞു മടങ്ങാം. യഥാർഥ ഫാമുകൾ ആയതിനാൽ കർഷകർക്ക് തടസ്സമുണ്ടാകാതിരിക്കാൻ മുൻകൂട്ടി ബുക്ക് ചെയ്തു മാത്രമേ സഞ്ചാരികളെ സ്വീകരിക്കൂ. കൃഷിയിടങ്ങളിൽ കാഴ്ചയുടെയും ആസ്വാദനത്തിന്റെയും കൂടി വഴി വെട്ടിത്തുറക്കുന്ന കൃഷി വകുപ്പിന്റെ ഫാം ടൂറിസം പദ്ധതി പുതുകാലത്തേക്ക് പറ്റുന്ന രീതിയിൽ കൃഷിയിടങ്ങളെ മാറ്റിയെടുക്കുന്നു. വിളയ്ക്കു പുറമേ കർഷകർക്ക് കൃഷിയിടത്തിൽനിന്നു വിനോദസഞ്ചാരത്തിലൂടെ വരുമാനം ഉറപ്പാക്കുന്നതാണു കൊടുവള്ളി ബ്ലോക്കിലെ തിരുവമ്പാടി, കൂടരഞ്ഞി, പുതുപ്പാടി, കോടഞ്ചേരി, ഓമശ്ശേരി പഞ്ചായത്തുകൾ കേന്ദ്രീകരിച്ചുള്ള ഫാം ടൂറിസം പദ്ധതി.

മുപ്പതോളം വിവിധ ഫാമുകളിലേക്കുള്ള സഞ്ചാരമാണു ഫാം ടൂറിസം പദ്ധതിയുടെ പ്രധാന ആകർഷണം. ഒന്നോ രണ്ടോ ദിവസം താമസിച്ചു മടങ്ങാനുള്ള സമ്പൂർണ പാക്കേജുകളുണ്ട്. കൃഷിയിൽ താൽപര്യമുള്ളവരും ഗ്രാമീണജീവിതം ഇഷ്ടപ്പെടുന്ന സഞ്ചാരികളുമാണ് ഇപ്പോൾ ഏറെയും എത്തുന്നത്. കെഎസ്ആർടിസിയുടെ ബജറ്റ് ടൂറിസം, വിദ്യാഭ്യാസ വകുപ്പിന്റെ കീഴിൽ വിവിധ സ്കൂളുകളിൽ നിന്നു പഠനയാത്രകൾ, ഉത്തരവാദിത്ത ടൂറിസം മിഷനു കീഴിലെ യാത്രകൾ എന്നിവയൊക്കെ ഇതിന്റെ ഭാഗമാക്കാനുള്ള ആലോചനകൾ കൂടി ഇപ്പോൾ നടക്കുന്നുണ്ട്. കോഴിക്കോട് അഗ്രോ ഫാം ടൂറിസം സൊസൈറ്റി (കെഎഎഫ്ടി) എന്ന പേരിൽ സംഘം റജിസ്റ്റർ ചെയ്തിട്ടുണ്ട്. ഈ പേരിലുള്ള വെബ്സൈറ്റ് മുഖേന ബുക്കിങ് നടത്താനും ട്രിപ്പിന്റെ വിവിധ നിരക്കുകൾ അറിയാനും കഴിയും.

# ജോസിയമ്മ... കെടാവിളക്ക്

**മലപ്പുറം ജില്ലയിലെ തുവ്വൂരിൽ പ്രവർത്തിക്കുന്ന വിമലഹൃദയാശ്രമത്തിന്റെ ഡയറക്ടറും 'ആകാശപ്പറവകളുടെ അമ്മ' എന്ന പേരിൽ പ്രസിദ്ധയുമായ അന്തരിച്ച സിസ്റ്റർ ജോസി എംഎസ്ജെയെ അനുസ്മരിക്കുന്നു**

**മനോജ് വീട്ടുവേലിക്കുന്നേൽ**

സ്നേഹമഴ പെയ്തുതോർന്നു. സഹനത്തിന്റെ നിഴൽവീണ താഴ്‌വരകളിൽ ആലംബമില്ലാതെ അലഞ്ഞവരെ ഹൃദയത്തോടു ചേർത്തുവച്ച ജോസിയമ്മ ഇനി ഓർമ. മൂന്നു പതിറ്റാണ്ടുകാലം അയ്യായിരത്തോളം മനുഷ്യരുടെ മനസ്സു സൂക്ഷിച്ച സിസ്റ്റർ ജോസി എംഎസ്ജെ (76) 2025 ഓഗസ്റ്റ് 12ന് രാവിലെ 05.05ന് നാഥനോടു ചേർന്നു. പാണ്ടിക്കാടിനടുത്ത് തുവ്വൂരിൽ പ്രവർത്തിക്കുന്ന വിമലഹൃദയാശ്രമത്തിന്റെ ഡയറക്ടറായിരുന്ന സിസ്റ്റർ ആകാശപ്പറവകളുടെ അമ്മ എന്ന പേരിലാണ് അറിയപ്പെട്ടിരുന്നത്.

വിമലഹൃദയാശ്രമത്തിലും താമരശ്ശേരി യേശുഭവൻ കോൺവെന്റിലും ഈ 'അമ്മയെ' ഒരുനോക്കു കാണാൻ ആയിരങ്ങൾ എത്തി. യേശുഭവൻ കോൺവെന്റ് സെമിത്തേരിയിലായിരുന്നു സംസ്കാര ശുശ്രൂഷ.

പാലാ നീലൂർ പരേതരായ പുളിക്കൽ മൈക്കിളിന്റെയും ഏലിക്കുട്ടിയുടെയും മകളായി ജനിച്ച സിസ്റ്റർ ജോസി, മെഡിക്കൽ സിസ്റ്റേഴ്സ് ഓഫ് സെന്റ് ജോസഫ്സ് (ധർമഗിരി) സന്യാസിനി സമൂഹത്തിലെ അംഗമായിരുന്നു. കോതമംഗലം സെന്റ് ജോസഫ് ആശുപത്രിയിലും അങ്കമാലി ലിറ്റിൽ ഫ്ലവർ ആശുപത്രിയിലും സേവനം ചെയ്ത ശേഷം 1997ൽ ആണ് സിസ്റ്റർ തുവ്വൂരിൽ എത്തുന്നത്.

1960ൽ എംഎസ്ജെ. സഭ തൂവ്വൂരിൽ തുടങ്ങിയ ആശുപത്രിയുടെ അഡ്മിനിസ്ട്രേറ്ററായി പ്രവർത്തനം തുടങ്ങി. ആശുപത്രിയുടെ തുടക്കകാലത്ത് ദിനംപ്രതി നൂറോളം പേർ പരിശോധനക്കായും കിടപ്പുരോഗികളായും ഇവിടെ എത്തിയിരുന്നു. പിന്നീട് രോഗികളുടെ വരവു കുറഞ്ഞു. ഈ സമയത്താണ് ദേഹം മുഴുവൻ വ്രണമായി ഉറുമ്പരിച്ച നിലയിൽ റോഡിൽ കിടക്കുകയായിരുന്ന വേലായുധനെ ആശുപത്രിയിലേക്ക് നാട്ടുകാർ എത്തിക്കുന്നത്. ഈ മനുഷ്യന്റെ അവസ്ഥയും മരണവും സിസ്റ്ററെയും സിസ്റ്റർക്കൊപ്പം ഉണ്ടായിരുന്ന ഹോപ്പ്, ശുഭ എന്നീ സിസ്റ്റർമാരെയും ഏറെ വേദനിപ്പിച്ചു. അനാഥർക്കുവേണ്ടി എന്തെങ്കിലും ചെയ്യണമെന്ന ആഗ്രഹത്തോടെ പ്രൊവിൻഷ്യൽ സുപ്പീരിയറെ കണ്ടു. അവർ സമ്മതം നൽകി. അങ്ങനെ 1998–ൽ ആശുപത്രിയുടെ പ്രവർത്തനം നിർത്തി. വിമലഹൃദയാശ്രമം ആകാശപ്പറവകളുടെ കേന്ദ്രമായി.



സിസ്റ്റർ ജോസി എംഎസ്ജെ

മാനസിക രോഗികൾ, അംഗവിഹീനർ, നിത്യരോഗികൾ, മക്കൾ പുറന്തള്ളിയ മാതാപിതാക്കൾ, പോളിയോ ബാധിതർ, ആത്മഹത്യക്കു ശ്രമിച്ചു പരാജയപ്പെട്ടവർ, മദ്യത്തിന്റെയും മയക്കുമരുന്നിന്റെയും അടിമകൾ, തെരുവിൽ അലഞ്ഞു നടന്ന അമ്മമാരും കുഞ്ഞുങ്ങളും, ശരീരം വിറ്റു ജീവിച്ചവർ, അനാഥ ബാലർ തുടങ്ങിയ ആയിരങ്ങൾക്ക് ആകാശപ്പറകളുടെ കേന്ദ്രം അഭയസ്ഥാനമായി.

മനോദൗർബല്യം ബാധിച്ചു സ്ഥാപനത്തിലെത്തിയ പലരും പിന്നീട് അസുഖം പൂർണഭേദമായി വീടുകളിലേക്ക് മടങ്ങി. അന്തേവാസികളായി എത്തിയ 45 പെൺകുട്ടികളുടെ വിവാഹം നടത്തുന്നതിനും സിസ്റ്റർ മുന്നിൽനിന്നു. 'അമ്മേ...' എന്നു വിളിക്കാൻ 'മക്കളും കൊച്ചുമക്കളുമായി' സിസ്റ്റർക്ക് ഒരുപാടു പേരുണ്ട്. നന്മ മനസ്സുള്ളവരുമായി സഹകരിച്ച് ഈ മക്കൾക്കു വീടുവച്ചു നൽകി. ആശ്രമത്തിൽവച്ചു മരിക്കുന്നവരെ അവരുടെ മതവിശ്വാസം അനുസരിച്ച് സംസ്കരിച്ചു. ഇതിനായി ആശ്രമവളപ്പിൽ സെമിത്തേരി ഒരുക്കി. അനേകർക്കു തൊഴിൽ പരിശീലനം നൽകി. നഴ്സിങ് ഉൾപ്പെടെയുള്ള തൊഴിൽ മേഖലകളിൽ നൂറിലധികം പെൺകുട്ടികൾ ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ ജോലി ചെയ്തു സുഖമായി ജീവിക്കുന്നു.

പ്രാർഥനയും ആരാധനയും നിറഞ്ഞ ആശ്രമത്തിൽ പുണ്യങ്ങളുടെ പറുദീസയൊരുക്കി അമ്മ സ്വർഗത്തോടു ചേർന്നു. '150 പേർ ഇപ്പോൾ ഇവിടെയുണ്ട്. അമ്മ കാണിച്ച വഴികളിലൂടെ ഞങ്ങൾ മുന്നോട്ടുപോകും. ജോസിയമ്മയുടെ സ്വപ്നങ്ങൾക്കു തുടർച്ചയുണ്ടാകും.' വിമലഹൃദയാശ്രമത്തിന്റെ പുതിയ ഡയറക്ടർ സിസ്റ്റർ എൽസിറ്റ പറഞ്ഞു.

# വിലങ്ങാടിനെ ചേർത്തണച്ച് താമരശ്ശേരി രൂപത

## ● നിർമിക്കുന്നത് 65 വീടുകൾ ● 15 വീടുകളുടെ നിർമ്മാണം പൂർത്തിയാക്കി

ഉരുൾപൊട്ടൽ താറുമാറാക്കിയ വിലങ്ങാടിനെ പുനർനിർമിക്കാനുള്ള താമരശ്ശേരി രൂപതയുടെ പരിശ്രമങ്ങൾ അതിവേഗം പുരോഗമിക്കുന്നു. കേരള കത്തോലിക്കാ സഭയുടെ സഹകരണത്തോടെ നടപ്പാക്കുന്ന വിലങ്ങാട് പുനരധിവാസ പദ്ധതിയുടെ ഭാഗമായി 65 വീടുകളാണ് വിലങ്ങാട് നിർമിക്കുന്നത്. ഇതിൽ 15 വീടുകളുടെ നിർമാണം പൂർത്തിയാക്കി വെഞ്ചരിപ്പ് നടത്തി. ബാക്കി വീടുകളുടെ നിർമാണം ഡിസംബറോടെ പൂർത്തിയാകുമെന്നാണ് കണക്കാക്കുന്നത്.

കെസിബിസിയുടെ കീഴിൽ വിവിധ സന്യാസ സഭകളും സംഘടനകളും ചേർന്നു നിർമിക്കുന്ന വീടുകളുടെ നിർമാണ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നത് താമരശേരി രൂപതയുടെ സാമൂഹിക സേവന വിഭാഗമായ സിഒഡി (സെന്റർ ഫോർ ഓവറോൾ ഡെവലപ്മെന്റ്) ആണ്. 41 വീടുകൾ കെസിബിസി നേരിട്ടു നിർമിക്കുന്നവയാണ്. ബാക്കിയുള്ള 24 വീടുകളുടെ നിർമാണ പ്രവർത്തനങ്ങളിൽ താമരശേരി രൂപതയുടെ കീഴിലുള്ള വിവിധ സന്യാസ സഭകളും സംഘടനകളും സഹകരിക്കുന്നുണ്ട്.

വിലങ്ങാട് പ്രദേശത്തെ ജനങ്ങൾക്ക് തുടർജീവിതത്തിന് സൗകര്യമൊരുക്കുവാൻ കത്തോലക്കാസഭ കൂടെയുണ്ടാകുമെന്നും അതിനുള്ള പദ്ധതികൾ ആവിഷ്ക്കരിച്ചുകൊണ്ടിരിക്കുകയാണെന്നും ബിഷപ് മാർ റെമീജിയോസ് ഇഞ്ചനാനിയിൽ പറഞ്ഞു. ദുരിതബാധിതർക്ക് സുരക്ഷിതവും സുഖപ്രദവുമായ താമസ സൗകര്യം ഒരുക്കുക, സമൂഹത്തിന്റെ ആത്മവിശ്വാസവും സാമൂഹിക ഐക്യവും പുനസ്ഥാപിക്കുക എന്നീ ലക്ഷ്യങ്ങളോടെയാണ് താമരശ്ശേരി രൂപത വിലങ്ങാട് പുനരധിവാസ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നതെന്ന് സിഒഡി ഡയറക്ടർ ഫാ. സായി പാറൻകുളങ്ങര പറഞ്ഞു.

വിലങ്ങാട് ഫൊറോന വികാരി ഫാ. വിൽസൺ മുട്ടത്തുകുന്നേൽ, മഞ്ഞക്കുന്ന് വികാരി ഫാ. ബോബി പൂവത്തിങ്കൽ എന്നിവരാണ് പുനരധിവാസ പദ്ധതിയുടെ ഫീൽഡ് ഏകോപനം നടത്തുന്നത്.




നിർമാണം പൂർത്തിയായ വീടുകളിൽ ചിലത്




നിർമാണം പുരോഗമിക്കുന്ന വീടുകളിൽ ചിലത്

# വൈറലായി 'ഓളങ്ങൾ'




കുടുംബ ബന്ധങ്ങളിലെ വിള്ളലുകൾ മക്കളിലുണ്ടാക്കുന്ന സ്വാധീനം വരച്ചു കാട്ടുന്ന ഹൃസ്വചിത്രം 'ഓളങ്ങൾ' പ്രേക്ഷക ശ്രദ്ധ നേടി വൈറലായി. താമരശ്ശേരി രൂപതയുടെ മീഡിയ കമ്മീഷൻ യുട്യൂബ് ചാനലിൽ റിലീസ് ചെയ്ത ചിത്രത്തിന്റെ രചനയും സംവിധാനവും നിർവഹിച്ചിരിക്കുന്നത് കമ്യൂണിക്കേഷൻ മീഡിയ അസി. ഡയറക്ടർ ഫാ. ലിൻസ് മുണ്ടക്കലാണ്. താമരശ്ശേരി മീഡിയാ കമ്മീഷനും പാക്സ് മീഡിയ പ്രൊഡക്ഷനും ചേർന്നാണ് ചിത്രം നിർമിച്ചിരിക്കുന്നത്.

ഷാജി പുലിക്കോടൻ, ആൻസി ചെന്നോത്ത്, ബിൽബി ബിനോയ്, ജോഷ്വ സാവിയോ എസ്ഡിബി, ഡെറിക് കഞ്ഞിക്കര, ആരോൺ ഷിജു, സാം ജോസഫ്, ഏബൽ ബിനു, റോഷ് റോണി, ജുവൽ ജോർജി, പി. എ. ജെയിംസ്, ജിമ്മി ചിരത്തറ എന്നിവർ പ്രധാന വേഷങ്ങളിലെത്തുന്നു.

**ചിത്രം കാണാൻ QR കോഡ് സ്കാൻ ചെയ്യൂ.**

# ക്വിസ് കോർണർ 2025




## 2025 സെപ്റ്റംബർ – ഒക്ടോബർ ചോദ്യങ്ങൾ

**ഈ ലക്കത്തിൽ നിന്നുമാണ് ചോദ്യങ്ങൾ തയ്യാറാക്കിയിരിക്കുന്നത്**

1. ന്യൂനപക്ഷങ്ങളുടെ അവകാശങ്ങൾ ഉറപ്പാക്കാനുള്ള ഏകമാർഗം എന്താണ്?
2. ആധികാരികമായി സംസാരിക്കാനും പ്രവർത്തിക്കാനും എന്താണ് ആവശ്യം?
3. വിശ്വാസം പ്രവൃത്തിയിൽ അധിഷ്ഠിതമാകണമെന്നത് ആരുടെ വാക്കുകളാണ്?
4. ജനാധിപത്യത്തിന്റെ പ്രാണൻ എന്ന് വിശേഷിപ്പിക്കപ്പെടുന്നത് എന്താണ്?
5. ദേശീയ നിയമ സർവകലാശാലകളിലും ഇൻസ്റ്റിറ്റ്യൂട്ടുകളിലും എൽഎൽബി, എൽഎൽഎം പ്രവേശനത്തിനുള്ള പ്രവേശന പരീക്ഷയുടെ പേര് എന്ത്?
6. ജപമാലയുടെ കാതൽ എന്താണ്?
7. കത്തോലിക്കാ കോൺഗ്രസ് നടത്തിയ സാരിവേലി സമരത്തിന്റെ മുദ്രാവാക്യം എന്താണ്?
8. നിഖ്യാ സുന്നഹദോസിന്റെ എത്രാമത് വാർഷികമാണ് ഈവർഷം ആഘോഷിക്കുന്നത്?
9. രാഷ്ട്രീയത്തിൽ സമാധാനവും സഹവർത്തിത്വവും നിലനിർത്താൻ അനിവാര്യമായത് എന്ത്?
10. ജനങ്ങളുടെ പുരോഗതി എന്ന ചാക്രിക ലേഖനം എഴുതിയ മാർപാപ്പ ആര്?

*2025 ജൂലൈ – ആഗസ്റ്റ് ലക്കം വിജയികളായവർ:*



● ഒന്നാം സമ്മാനം, 1000 രൂപ
**സെബാസ്റ്റ്യൻ എം. എം. മുകാലയിൽ, കല്ലുരുട്ടി**



● രണ്ടാം സമ്മാനം, 500 രൂപ
**ജോഹൻ അജിമോൻ കുഴിക്കാട്ട്, മരഞ്ചാട്ടി**



● മൂന്നാം സമ്മാനം, 250 രൂപ
**റീന ഫ്രാൻസിസ് കിഴക്കേക്കര, ചക്കിട്ടപാറ**

**ഉത്തരങ്ങൾ അയയ്ക്കേണ്ട വാട്സാപ്പ് നമ്പർ**
**9744 99 5553**

**വിജയികളെ തെരഞ്ഞെടുക്കുന്ന വീഡിയോ കാണാൻ QR കോഡ് സ്കാൻ ചെയ്യൂ**

**ഉത്തരങ്ങൾ 2025 ഒക്ടോബർ 6ന് മുമ്പ് ലഭിക്കണം**

സമ്മാനങ്ങൾ സ്പോൺസർ ചെയ്യുന്നത്
**ബിഷപ് മാർ റെമീജിയോസ് ഇഞ്ചനാനിയിൽ**

## 2025 ജൂലൈ – ആഗസ്റ്റ് ലക്കം ഉത്തരങ്ങൾ

1. ജി.ഡി.പി 2. ഫ്രീഡം ഹൗസ് 3. 66 4. സ്ട്രീച്ച് ബോൾഹോഫർ 5. 2834 6. വിശുദ്ധ അൽഫോൻസാമ 7. ഫാ. ഫെബിൻ പുതിയാപറമ്പിൽ 8. കെ.സി.വൈ.എം 9. പ്രേഷിത ഭേരി 10. വികസിത് കൃഷി സങ്കൽപ് അഭിയാൻ

## പൊതുനിർദ്ദേശങ്ങൾ

● പേജിന്റെ വലതു വശത്ത് നൽകിയിരിക്കുന്ന സ്ഥലത്ത് ഉത്തരങ്ങൾ എഴുതി, പേരും വിലാസവും രേഖപ്പെടുത്തി അയയ്ക്കേണ്ടതാണ്. ● വാട്സാപ്പിലൂടെ ഉത്തരങ്ങൾ അയയ്ക്കുന്നവർ ഉത്തരങ്ങൾ രേഖപ്പെടുത്തിയ ക്വിസ് കോർണർ ഭാഗം മാത്രം ഫോട്ടോ എടുത്തോ സ്കാൻ ചെയ്തോ അയയ്ക്കണം. ഉത്തരങ്ങൾ വായിച്ചെടുക്കാൻ പാകത്തിനു വേണം ഫോട്ടോയെടുത്ത് അയയ്ക്കാൻ. അവ്യക്തമായ ഉത്തരങ്ങളുള്ളവ പരിഗണിക്കില്ല. ● പേപ്പറുകളിൽ എഴുതിയോ വാട്സാപ്പിൽ ടൈപ്പ് ചെയ്തോ അയയ്ക്കുന്ന ഉത്തരങ്ങൾ മത്സരത്തിനായി പരിഗണിക്കുന്നതല്ല.
● **വിലാസം: എഡിറ്റർ, മലബാർ വിഷൻ, പിഎംഒസി, മേരിക്കുന്ന് പിഒ, കോഴിക്കോട് 673012.** ● സംശയങ്ങൾക്ക് വിളിക്കുക: 97 44 99 5553

ഇവിടെ മുറിക്കുക

**ഉത്തരങ്ങൾ ഇവിടെ എഴുതുക**

1
2
3
4
5
6
7
8
9
10

പേര്: ..................................
വീട്ടുപേര്: ..................................
ഇടവക: ..................................
ഫോൺ: ..................................

# ജപമാല ക്രൈസ്തവജീവിതത്തിന്റെ കവചവും കളരിയും

**സ്വർഗവുമായി നമ്മെ ചേർത്തു നിർത്തുന്ന ദിവ്യമായ ചങ്ങലയും തിന്മയോട് പോരാടാനുള്ള ശക്തമായ ആയുധവുമാണ് ജപമാല. സന്തോഷത്തിലും സന്താപത്തിലും ജപമാല നമ്മോടൊപ്പം ഉണ്ടായിരിക്കണം. നമ്മുടെ എല്ലാ ഉത്കണ്ഠകളും അതിൽ ഇറക്കിവയ്ക്കാം**

സ്പെഷ്യൽ സ്റ്റോറി



ഫാ. റോണി പോൾ കാവിൽ
(ഡയറക്ടർ, ബഥാനിയ റിന്യൂവൽ സെന്റർ)

പരിശുദ്ധ മറിയം ക്രിസ്തുവിന്റെ മൗതീകശരീരമായ സഭയുടേയും അമ്മയാണ്. പരിശുദ്ധ മറിയത്തോടുള്ള ഭക്തി സഭയിൽ ആദിമ കാലം മുതൽ നിലനിന്നിരുന്നു. 'ദൈവം എല്ലാ മാലാഖമാരിലും മനുഷ്യരിലും ഉപരിയായി ഉയർത്തിയ മറിയത്തെ ദൈവത്തിന്റെ പരിശുദ്ധ മാതാവും ക്രിസ്തുവിന്റെ ജീവിതരഹസ്യങ്ങളിൽ പങ്കുകാരിയുമായി സഭ പ്രത്യേകമാം വിധം ബഹുമാനിക്കുന്നു' (രണ്ടാം വത്തിക്കാൻ കൗൺസിൽ തിരുസഭ 66). പരിശുദ്ധ മറിയത്തോടുള്ള ഭക്തി ആഴപ്പെടുത്തിയതും സാർവ്വത്രികമാക്കിയതും ജപമാലഭക്തിയിലൂടെയാണ്. 12-ാം നൂറ്റാണ്ടിൽ സഭയെ ഉലച്ച ആൽബിജെൻസിയൻ പാഷണ്ഡതയ്ക്കെതിരെ പോരാടുവാൻ വിശുദ്ധ ഡൊമിനിക്കിലൂടെ മാതാവ് സഭയ്ക്ക് നൽകിയ ആയുധമാണ് ജപമാല. ചരിത്രപരമായി ചിന്തിക്കുമ്പോൾ സഭ ഉള്ളിൽ നിന്നും പുറമേ നിന്നും പല പ്രതിബന്ധങ്ങളും നേരിടേണ്ടി വന്നപ്പോൾ ജപമാലയിലൂടെയാണ് സ്വർഗത്തിന്റെ സംരക്ഷണം സഭയ്ക്ക് ലഭിച്ചത്.

## ലളിതവും ശക്തവും

നമുക്ക് സുപരിചതവും ഏറ്റവും ലളിതവും അതേ സമയം ആഴമുള്ളതുമായ പ്രാർത്ഥനയാണ് ജപമാല. ജപമാല മുഖരിതമായ ഗൃഹാന്തരീക്ഷം കുടുംബത്തിന്റെ വിശുദ്ധിയുടേയും സ്വർഗീയ സംരക്ഷണത്തിന്റെയും അടയാളമാണ്. ഈശോയുടെ ജീവിതത്തിന്റെയും സുവിശേഷത്തിന്റെയും സംഗ്രഹം ഈ പ്രാർത്ഥനയിലുണ്ട്. 'എനിക്ക് ഏറ്റവും പ്രിയപ്പെട്ട പ്രാർത്ഥന ജപമാലയാണ്' എന്ന് വിശുദ്ധ ജോൺ പോൾ രണ്ടാമൻ പാപ്പായുടേയും 'എല്ലാ ദിവസവും ഞാൻ പ്രഭാതത്തിൽ ജപമാല ചൊല്ലുന്നു' എന്ന ബനഡിക്ട് 16-ാമൻ മാർപാപ്പയുടേയും വാക്കുകൾ ശ്രദ്ധേയമാണ്. എഴുനൂറിലേറെ വർഷമായി ജപമാല ഭക്തി സാർവ്വത്രിക സഭയിൽ പ്രചുരപ്രചാരത്തിലിരിക്കുന്നു. 1858-ൽ ലൂർദ്ദിൽ പ്രത്യക്ഷപ്പെട്ട പരിശുദ്ധ അമ്മ ബർണദീത്തയോട് പറഞ്ഞു, 'പാപികളുടെ മാനസാന്തരത്തിനായി ജപമാല ചൊല്ലുവിൻ.' 1917 മെയ് 13-ന് ഫാത്തിമായിൽ പ്രത്യക്ഷപ്പെട്ടപ്പോഴും 'ഞാൻ ജപമാല രാജ്ഞിയാണ്, ഭക്തിപൂർവ്വം ജപമാല ചൊല്ലുവിൻ' എന്നാണ് ആവശ്യപ്പെട്ടത്.

## അമൂല്യമായ നിക്ഷേപം

ഒൻപതാം പീയൂസ് മാർപാപ്പ ഒരിക്കൽ പറഞ്ഞു, 'വത്തിക്കാൻ കൊട്ടാരത്തിൽ ജപമാലയോളം വിലപിടിപ്പുള്ള വേറൊന്നും ഇല്ല.' ജപമാല ചൊല്ലുമ്പോൾ നമ്മുടെ ആത്മീയ ജീവിതത്തിൽ വലിയ ഊർജ്ജമാണ് നാം സ്വീകരിക്കുന്നത്. സ്വർഗ്ഗവുമായി നമ്മെ ചേർത്തു നിർത്തുന്ന ദിവ്യമായ ചങ്ങലയാണ് ജപമാല. തിന്മയോട് പോരാടാനുള്ള ശക്തമായ ആയുധവും. സന്തോഷത്തിലും സന്താപത്തിലും ജപമാല നമ്മോടൊപ്പം ഉണ്ടായിരിക്കണം. നമ്മുടെ എല്ലാ ഉത്കണ്ഠകളും അതിൽ ഇറക്കിവയ്ക്കാം.



## തിരുവചന പ്രാർത്ഥന

ക്രിസ്തു രഹസ്യമാണ് ജപമാലയുടെ കാതൽ. അൽമായന്റെ യാമപ്രാർത്ഥനയും നിരക്ഷരന്റെ ബൈബിളും എളിയവന്റെ ധ്യാനസഹായിയുമാണ് ജപമാല. ഒരാഴ്ച കൊണ്ട് ക്രിസ്തു രഹസ്യത്തിലൂടെ നാം യാത്ര ചെയ്യുകയാണ്. ചുരുക്കത്തിൽ നാം സുവിശേഷം ധ്യാനിക്കുകയാണ് ജപമാല പ്രാർത്ഥനയിലൂടെ. ഇത്രയും തിരുവചനാധിഷ്ഠിതമായ മറ്റൊരു പ്രാർത്ഥനയില്ല. വാചികപ്രാർത്ഥനയും മാനസികപ്രാർത്ഥനയും ഇവിടെ മനോഹരമായി സമ്മേളിക്കുന്നു. 'നന്മനിറഞ്ഞ മറിയമേ' എന്ന പ്രാർത്ഥനാ പൂർണ്ണമായും തിരുവചനം തന്നെയാണ്. 'തിരുവചനങ്ങൾക്കൊണ്ട് തുന്നിച്ചേർത്ത മേലങ്കി' എന്ന് സഭാപിതാക്കന്മാർ ഈ പ്രാർത്ഥനയെ വിശേഷിപ്പിക്കുന്നു. പരിശുദ്ധ മറിയത്തെ അഭിവാദനം ചെയ്യുമ്പോൾ നന്മനിറഞ്ഞ അമ്മ നമ്മെയും അഭിവാദനം ചെയ്യുന്നു. എലിസബത്തും അവളുടെ ഉദരസ്ഥശിശുവും പരിശുദ്ധാത്മാവിനാൽ നിറഞ്ഞതുപോലെ നാമും ദൈവാരൂപിയാൽ നിറയുവാൻ ഈ പ്രാർത്ഥന സഹായിക്കും. 'സ്വർഗ്ഗസ്ഥനായ പിതാവേ' എന്ന പ്രാർത്ഥന കർത്താവ് നേരിട്ട് പഠിപ്പിച്ചതും സുവിശേഷങ്ങളുടെ സത്തയുമാണ്. ഇങ്ങനെ നോക്കുമ്പോൾ തിരുവചനങ്ങളുടെ കലവറയാണ് ജപമാല.


## തിരുമുഖ ധ്യാനം

ജപമാല, തിരുമുഖധ്യാനമെന്നാണ് വി. ജോൺ പോൾ രണ്ടാമൻ മാർപാപ്പ വിശേഷിപ്പിക്കുന്നത്. പോൾ ആറാമൻ മാർപാപ്പ 'മരിയ ഭക്തി' എന്ന ശ്ലൈഹിക ലേഖനത്തിൽ ഇപ്രകാരം പറയുന്നു, 'അതുകൊണ്ട് ലോക പരിത്രാണാർത്ഥം സംഭവിച്ച മനുഷ്യാവതാര രഹസ്യത്തെ കേന്ദ്രീകരിച്ചുകൊണ്ടുള്ള ഒരു സുവിശേഷ പ്രാർത്ഥനയെന്ന നിലയിൽ ജപമാല നിശ്ചയമായും ക്രിസ്താനുഭവം നൽകുന്ന ഒരു പ്രാർത്ഥനയാണ്. മാലാഖ നൽകിയ മംഗളവാർത്തയുടേയും, അങ്ങയുടെ ഉദരഫലം അനുഗ്രഹീതമാകുന്നു എന്ന എലിസബത്ത് നൽകിയ അഭിവാദനത്തിന്റെയും ആത്യന്തിക വിഷയവും ക്രിസ്തുതന്നെയാണ്. ഈ പ്രാർത്ഥനയിലൂടെ എന്നെ നോക്കുന്ന ക്രിസ്തുവിനെ ഞാൻ നോക്കുന്നു. മിശിഹായുടെ ജീവിതത്തെക്കുറിച്ചുള്ള ധ്യാനമാണല്ലോ ജപമാല. ഈശോയെ ഹൃദയത്തിൽ സൂക്ഷിച്ച മറിയമാണ് ഈ ധ്യാനത്തിൽ നമ്മെ സഹായിക്കുന്നത്. മറിയത്തെപ്പോലെ മറ്റാരും ഈശോയുടെ മുഖത്തെ ധ്യാനിച്ചിട്ടില്ല. മറിയത്തിന്റെ കണ്ണുകളിലൂടെ കർത്താവിന്റെ ജീവിതത്തിലെ രഹസ്യങ്ങൾ ധ്യാനിക്കുവാൻ ജപമാല പ്രാർത്ഥന നമ്മെ സഹായിക്കുന്നു. ജപമാലയിൽ മിശിഹാ രഹസ്യവും മനുഷ്യൻ എന്ന രഹസ്യവും സമ്മേളിക്കുന്നു. നമ്മുടെ അനുദിന ജീവിത ചുമടുകൾ ഇറക്കിവയ്ക്കാനുള്ള ചുമട് താങ്ങി കൂടിയാണ് പരിശുദ്ധ മറിയവും ജപമാലയും.

## വിശ്വാസജീവിത പാഠശാല

ക്രൂശിതരൂപവും വചനമണികൾ കോർത്തിണക്കിയ മാലയും സാത്താനെ ഭയപ്പെടുത്തുകയും അവന്റെ കെണികളെ തകർക്കുകയും ചെയ്യുന്ന പടച്ചട്ടയാണ്. ത്രിത്വസ്തുതിയും വിശ്വാസപ്രമാണവും ദിവ്യരഹസ്യങ്ങൾ ഉൾക്കൊള്ളുന്ന വചനമാകുന്ന ആയുധവും ഇണക്കിച്ചേർത്ത ജപമാല പ്രാർത്ഥന സാത്താന്റെ കോട്ടകളെ തകർക്കുന്ന ആയുധപ്പുരയാണ്. ചുരക്കത്തിൽ ജപമാല പ്രാർത്ഥന, പ്രാർത്ഥനകളുടേയും ആദ്ധ്യാത്മികതയുടേയും പാഠശാലയാണ്. ഇത് വിശ്വാസപരിശീലന കളരി തന്നെയാണ്. 'എന്റെ ജീവിതത്തിലെ എല്ലാ പ്രതിസന്ധികളിലും ജപമാല എനിക്ക് കരുത്തായിരുന്നിട്ടുണ്ട്' എന്ന വി. ജോൺ പോൾ രണ്ടാമൻ മാർപാപ്പയുടെ വാക്കുകൾ നമുക്ക് വഴികാട്ടിയാകട്ടെ.

7-ാം ചരമവാർഷികം
17-08-2025



ഫാ. ചാണ്ടി കുരിശുംമൂട്ടിൽ
കെ.സി.ബി.സി മദ്യവിരുദ്ധ സമിതി, താമരശ്ശേരി രൂപത

സ്നേഹസ്മരണയ്ക്ക്
50-ാം ചരമവാർഷികം
13-09-2025



മേരിക്കുട്ടി തോമസ്
കണ്ണമുണ്ടയിൽ
മറക്കാത്ത ഓർമ്മകളോടെ
ബാബു തോമസ് (വേനപ്പാറ), വൽസമ്മ (കൂടരഞ്ഞി),
ലൈസമ്മ (ആനക്കാംപൊയിൽ), ഡെയ്സി (കൂടരഞ്ഞി)

# ഇഫ ബിരുദദാനം നടത്തി



ഇഫ നടത്തിയ പിജി ഡിപ്ലോമ കോഴ്സിന്റെ ബിരുദദാന ചടങ്ങിൽ നിന്ന്

**താമരശ്ശേരി** ● രൂപതാ സ്ഥാപനമായ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫുഡ് ആൻഡ് അഗ്രിക്കൾച്ചറൽ എത്തിക്സ് (ഇഫ) മൂവാറ്റുപുഴ നിർമല കോളേജ് ബോട്ടണി ഡിപ്പാർട്ട്മെന്റിന്റെ സഹകരണത്തോടെ നടത്തിയ ഏകവർഷ ന്യൂട്രീഷൻ & ഡയറ്റ് സയൻസ് പിജി ഡിപ്ലോമ കോഴ്സിന്റെ ബിരുദദാന ചടങ്ങ് ബിഷപ്സ് ഹൗസിൽ നടന്നു. ബിഷപ് മാർ റെമീജിയോസ് ഇഞ്ചനാനിയിൽ ഉദ്ഘാടനം ചെയ്തു. ഫാ. ബെന്നി മുണ്ടനാട്ട്, ഫാ. സായി പാറൻകുളങ്ങര, ഡോ. ജീന ജോർജ്, ഡോ. മാനുവൽ തോമസ് എന്നിവർ സംസാരിച്ചു. ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങളിൽനിന്നുള്ള 64 പേരാണ് ആദ്യ ബാച്ചിൽ ഉണ്ടായിരുന്നത്.

# നേടിയെടുക്കാം കേന്ദ്രസർക്കാർ സ്കോളർഷിപ്പുകൾ

പദ്ധതി പരിചയം



ഡോ. ഹിമ സുബിൻ കൂനംതടത്തിൽ

കേന്ദ്രബജറ്റിന്റെ ഒരു വിഹിതം എല്ലാവർഷവും വിദ്യാർത്ഥികൾക്കുള്ള പഠന സഹായത്തിനായി മാറ്റിവെക്കാറുണ്ട്. വിവിധ മന്ത്രാലയങ്ങളിലൂടെ സ്കോളർഷിപ്പുകൾ നൽകി വരുന്നു. സംസ്ഥാന സർക്കാരുകളെ അപേക്ഷിച്ച് കേന്ദ്രസർക്കാർ സ്കോളർഷിപ്പുകൾ കൂടുതൽ നേട്ടമുള്ളതും വേഗത്തിൽ ലഭിക്കുന്നതുമാണ്. എന്നാൽ, ധാരണ കുറവു മൂലം പലപ്പോഴും പലർക്കും ഇത് നേടിയെടുക്കാൻ സാധിക്കുന്നില്ല. പ്രധാനപ്പെട്ട കേന്ദ്രസർക്കാർ സ്കോളർഷിപ്പുകൾ പരിചയപ്പെടാം:

**● പ്രധാനമന്ത്രി ഉച്ചതർ ശിക്ഷാ സ്കീം സെൻട്രൽ സെക്ടർ സ്കോളർഷിപ്പ്**

വിവിധ ബിരുദ/ബിരുദാനന്തര വിദ്യാർഥികൾക്ക് വിദ്യാഭ്യാസ മന്ത്രാലയം നൽകുന്ന സ്കോളർഷിപ്പ്. പ്ലസ്ടുവിൽ 80 ശതമാനത്തിനു മുകളിൽ മാർക്കും കുടുംബത്തിന്റെ സാമ്പത്തിക വരുമാനം 4.5 ലക്ഷം രൂപയിൽ താഴെയും ആണെങ്കിൽ അപേക്ഷിക്കാം. പ്രതിവർഷം ബിരുദ വിദ്യാർഥികൾക്ക് 12,000 രൂപയും ബിരുദാനന്തര ബിരുദക്കാർക്ക് 20,000 രൂപയും സ്കോളർഷിപ്പ് ലഭിക്കും. അഞ്ചു വർഷ ബിരുദക്കാർക്ക് നാലാം വർഷം മുതൽ 20,000 രൂപ പ്രതിവർഷം ലഭിക്കും. അപേക്ഷിക്കാനുള്ള അവസാന തീയതി ഒക്ടോബർ 31.

**● മെറിറ്റ് കം മീൻസ് സ്കോളർഷിപ്പ് ഫോർ മൈനോറിറ്റി സ്റ്റുഡൻസ്**

പ്രൊഫഷണൽ കോഴ്സുകൾക്ക് പഠിക്കുന്ന സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന ന്യൂനപക്ഷ വിദ്യാർഥികൾക്ക് ന്യൂനപക്ഷ ക്ഷേമ മന്ത്രാലയം നൽകി വരുന്ന സ്കോളർഷിപ്പ്. വർഷം 20,000 രൂപ വരെയാണ് സ്കോളർഷിപ്പ് ലഭിക്കുക.

**● പ്രധാനമന്ത്രി യങ് അച്ചീവേഴ്സ് സ്കോളർഷിപ്പ് അവാർഡ് സ്കീം ഫോർ വൈബ്രന്റ് ഇന്ത്യ**

വിവിധ കോഴ്സുകൾക്ക് അഡ്മിഷൻ എടുക്കുന്നവർക്ക് കോഴ്സ് ഫീ മാസം 3000 രൂപയും പഠന സാമഗ്രികൾക്ക് വർഷം 45,000 രൂപയുമാണ് ഈ സ്കീമിലൂടെ ലഭ്യമാകുന്നത്.

കേന്ദ്രസർക്കാർ നൽകുന്ന വിവിധ സ്കോളർഷിപ്പുകളെക്കുറിച്ച് വിശദമായി അറിയാൻ നാഷണൽ സ്കോളർഷിപ്പ് പോർട്ടൽ (www.scholarships.gov.in) സന്ദർശിക്കാം.

**● മാർഗദീപം സ്കോളർഷിപ്പ്**

ഒന്നു മുതൽ എട്ടാം ക്ലാസ്സ് വരെ പഠിക്കുന്ന ന്യൂനപക്ഷ മതവിഭാഗങ്ങളിലെ വിദ്യാർത്ഥികൾക്ക് സംസ്ഥാന സർക്കാർ നൽകുന്ന സ്കോളർഷിപ്പ്. പ്രതിവർഷം 1,500 രൂപ വീതം ലഭിക്കും. സെപ്റ്റംബർ 19-നു മുമ്പ് www.margadeepam.kerala.gov.in എന്ന വെബ്സൈറ്റ് വഴി രജിസ്റ്റർ ചെയ്യണം.

*(ലേഖിക കേന്ദ്ര കൃഷി മന്ത്രാലയത്തിന് കീഴിൽ കാസർകോടുള്ള ഐസിഎആർ-സെൻട്രൽ പ്ലാന്റേഷൻ ക്രോപ്പ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് ശാസ്ത്രജ്ഞയാണ്)*










Printed and Published by Fr. Benny Alex Karackatt on behalf of Diocese of Thamarassery and printed at Roshni Publications (P) Ltd, Calicut-12 and published at PMOC, Marikkunnu, Calicut-12. Editor: Fr. Roy Thekkumkattil